സുകൃതം

COUNCIL OF SAMASTHA WOMEN'S COLLEGES (CSWC)



ആകാശം തേടുന്ന അക്ഷരങ്ങൾ



COUNCIL OF SAMASTHA WOMEN'S COLLEGES (CSWC)

മറച്ചുവെക്കലല്ലിത്
എന്റെ വെളിപ്പെടലാണ്



അളവുകോലുകൾക്കപ്പുറം,
സ്വന്തം വിശ്വാസത്തെ തിരഞ്ഞെടുക്കാനുള്ള
ധൈര്യമാണ് എന്റെ സ്വാതന്ത്ര്യം.



എന്നെ വിമോചിപ്പിക്കാനുള്ള നിങ്ങളുടെ തിടുക്കത്തിനിടയിൽ,
ഞാൻ എന്തിൽനിന്നാണ് വിമോചനം ആഗ്രഹിക്കുന്നതെന്ന്
ചോദിക്കാൻ മറന്നുപോയില്ലേ?



എന്റെ വിശ്വാസത്തിന്
വേരുകളുണ്ട്;
എന്റെ ചിന്തകൾക്ക്
ചിറകുകളുമുണ്ട്.



സന്ദേശം



ഒരു കാലഘട്ടത്തെ വായിച്ചറിയാനുള്ള ഏറ്റവും മനോഹരമായ വഴികളിലൊന്നാണ് അതിന്റെ സർഗാത്മക ആവിഷ്കാരങ്ങളെ അടുത്തറിയുക എന്നത്. ചിന്തകൾ അക്ഷരങ്ങളാകുകയും അനുഭവങ്ങൾ വരികളിൽ പുനർജനിക്കുകയും ചെയ്യുമ്പോൾ അവിടെ രൂപപ്പെടുന്നത് കേവലമൊരു പ്രസിദ്ധീകരണമല്ല; ഒരു തലമുറയുടെ ചിന്താലോകമാണ്.

ഒരു വിദ്യാർത്ഥിനിക്ക് വിശ്വാസം എന്നത് ഒരു ഭാരമല്ല, മറിച്ച് ആത്മബലമാണെന്ന് പഠിപ്പിക്കുന്നു. അൽഗോരിതങ്ങൾക്കും കമ്പോള സംസ്കാരത്തിനും മുൻപിൽ സ്വന്തം സ്വസ്ഥതയും ആത്മാഭിമാനവും നക്ഷത്രം പോലെ കത്തിച്ചു വെക്കാൻ ഈ താളുകൾ എല്ലാവർക്കും ഒരു വഴികാട്ടിയാകട്ടെ എന്ന് ആശംസിക്കുന്നു.

വായനയും ചിന്തയും അറിവും കൊണ്ട് നമ്മുടെ ക്യാമ്പസുകളിലും സമൂഹത്തിലും ഒരു പുതിയ മാനം സൃഷ്ടിക്കാൻ ഈ മാഗസിൻ എല്ലാ വായനക്കാർക്കും പ്രചോദനമാകട്ടെ..

എം.ടി അബ്ദുള്ള മുസ്‌ലിയാർ
(Chairman, CSWC Governing Body)

എഡിറ്റോറിയൽ ബോർഡ്

എഡിറ്റേഴ്സ് :

സുമയ്യ ടി.കെ.
അസ്മബി ജലീയ്യ

സബ് എഡിറ്റേഴ്സ്

സുമയ്യ ഫദീല
ഫാത്തിമ സുഹ്റ
ആയിഷ കെ.വി.

ഹെല്പ് ഡെസ്ക്:

ശിഫ ഫദീല
സയ്യിദത്ത് ഫാത്തിമ സുഹൈല

COUNCIL OF SAMASTHA WOMEN'S COLLEGES (CSWC)

അക്ഷരങ്ങൾ ആത്മാവിനെ തൊടുമ്പോൾ...

വിശ്വാസം മനുഷ്യനെ ലോകത്തിൽനിന്ന് അകറ്റിനിർത്തുന്ന മതിലല്ല; ലോകത്തെ കൂടുതൽ തെളിമയോടെ കാണാൻ സഹായിക്കുന്ന വെളിച്ചമാണ്. അറിവ് അഹങ്കാരത്തിന്റെ കിരീടമല്ല; അജ്ഞതയുടെ ഇരുട്ടിനെ തിരിച്ചറിയാനുള്ള വിനയമാണ്. സ്ത്രീത്വം മറ്റുള്ളവരുടെ നിർവചനങ്ങളിൽ ഒതുങ്ങുന്ന സ്വത്വമല്ല; അറിവും ആത്മാഭിമാനവും മൂല്യബോധവുംകൊണ്ട് സ്വന്തം ജീവിതത്തെ അർഥവത്താക്കുന്ന അസ്തിത്വമാണ്.

ഈ താളുകളിലൂടെ കടന്നുപോകുമ്പോൾ അക്ഷരങ്ങളെ മാത്രം വായിക്കരുത്; അവയ്ക്കിടയിലെ മൗനത്തെയും കേൾക്കുക. ആശയങ്ങളെ മാത്രം സ്വീകരിക്കരുത്; അവ ഉണർത്തുന്ന ചോദ്യങ്ങളെയും കൂടെക്കൂട്ടുക. എഴുത്ത് ഉള്ളിൽനിന്ന് പുറത്തേക്കുള്ള ഒരു യാത്രയാണെങ്കിൽ വായന പുറത്തുനിന്ന് ഉള്ളിലേക്കുള്ള മടക്കയാത്രയാണ്. രണ്ടും സംഗമിക്കുന്നിടത്താണ് ഒരാശയം അനുഭവമാകുന്നത്; ഒരനുഭവം തിരിച്ചറിവാകുന്നത്; ഒരു തിരിച്ചറിവ് മനുഷ്യനെത്തന്നെ പുതുക്കിപ്പണിയുന്നത്. അങ്ങനെയൊരു സംഗമത്തിനുള്ള ഇടം ഒരുക്കുകയാണ് ഈ മാഗസിൻ.

ഓരോ രചനയും ഒരേ സ്വരത്തിൽ സംസാരിക്കുന്നില്ല. ചിലത് പ്രാർത്ഥനയുടെ മൃദുസ്വരമാണ്. ചിലത് ചോദ്യങ്ങളുടെ കൂർത്ത മുനയാണ്. ചിലത് കവിതയുടെ നേർത്ത നിലാവും മറ്റു ചിലത് കഥയുടെ ഉള്ളുലയ്ക്കുന്ന നിശ്ശബ്ദതയുമാണ്. ഒരു മാഗസിൻ ഒരാളുടെ മാത്രം സൃഷ്ടിയല്ല; പല ഹൃദയങ്ങൾ ഒരേ സ്വപ്നത്തിനുവേണ്ടി മിടിക്കുമ്പോൾ പിറക്കുന്ന കൂട്ടായ്മയുടെ അടയാളമാണ്. അക്ഷരങ്ങൾ രൂപംകൊണ്ട വഴിയിൽ കൈത്താങ്ങായ അധ്യാപകർക്ക്, ആശയങ്ങളെ വരികളാക്കിയ എഴുത്തുകാർക്ക്, ഓരോ പേജിനെയും മനോഹരമാക്കാൻ പ്രയത്നിച്ച സഹപ്രവർത്തകർക്ക് ഹൃദയം നിറഞ്ഞ നന്ദി.

എഡിറ്റോറിയൽ

COUNCIL OF SAMASTHA WOMEN'S COLLEGES (CSWC)



വിശ്വാസം ഒരു ആത്മാനുഭവം

- അൻസില ഫദീല

ലോകം മുഴുവനും നമ്മെ നോക്കി നിൽക്കുമ്പഴും ആരും നമ്മളെ കാണുന്നില്ല എന്നു തോന്നുന്ന ഒരു നിമിഷമുണ്ടാകും നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ. ഒറ്റക്കിരുന്ന് സ്വന്തം ഹൃദയത്തോട് മാത്രം സംസാരിക്കുന്ന ആ ഒരു നിമിഷം. അപ്പോൾ നമ്മൾ സ്വയം ഒന്നു ചിന്തിച്ചു നോക്കാറുണ്ടോ "ഞാൻ ആരാണ്?" "ഞാൻ എന്തിനാണ് ജീവിക്കുന്നത്?എന്റെ ജീവിതത്തിന് യഥാർത്ഥ അർത്ഥമെന്താണ്?"..

ഈ ചോദ്യങ്ങൾക്ക് ലോകം പല ഉത്തരങ്ങളും നൽകുന്നുണ്ട്. സമ്പത്ത്, പ്രശസ്തി, സൗന്ദര്യം, അധികാരം, ജോലി, ബന്ധങ്ങൾ, വിജയങ്ങൾ...

എന്നാൽ ഇവയെല്ലാം കൈവന്നിട്ടും നമ്മുടെ മനസ്സിൽ എന്തോ ഏകാന്തത അനുഭവപ്പെടുന്നതായി നമുക്ക് അനുഭവപ്പെടാറുണ്ട്അല്ലേ. കാരണം മനുഷ്യന്റെ ശരീരം ഭൂമിയോട് ബന്ധപ്പെട്ടതാണെങ്കിലും അവന്റെ ആത്മാവ് അതിന്റെ സ്രഷ്ടാവുമായി ബന്ധപ്പെട്ടുകടക്കുന്ന ഒന്നാണ്!

അവിടെയാണ് ഇസ്ലാമിക വിശ്വാസിയുടെ അനുഭവലോകം ആരംഭിക്കുന്നത്.

വിശ്വാസിയായിരിക്കുക എന്നത് ചില ആചാരങ്ങൾ അനുഷ്ഠിക്കുക എന്നതു മാത്രമാണ് എന്നാണ് നമ്മളിൽ പലരുടെയും ധാരണ. തലയിൽ ഒരു വസ്ത്രം ധരിക്കുന്നതോ, കൈയിൽ തസ്ബീഹ് പിടിക്കുന്നതോ, പള്ളിയിൽ പോകുന്നതോ, ചില പ്രത്യേക വാക്കുകൾ ഉച്ചരിക്കുന്നതോ മാത്രമല്ല വിശ്വാസം. അതിനേക്കാൾ ആഴമുള്ള ഒന്നാണ് വിശ്വാസം. അല്ലാഹു എന്നെ കാണുന്നു, അവൻ എന്നെ അറിയുന്നു, എന്റെ സന്തോഷവും ദുഃഖവും അവനറിയാം, ഞാൻ ഒരിക്കലും ഒറ്റയ്ക്കല്ല എന്ന ബോധത്തോടെ ജീവിക്കുന്നതാണ് യഥാർത്ഥ വിശ്വാസിയുടെ അനുഭവലോകം.

വിശ്വാസം: സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള നേരിട്ടുള്ള ബന്ധമാണ്

ഇസ്ലാമിന്റെ ഏറ്റവും മനോഹരമായ പ്രത്യേകതകളിലൊന്ന് മനുഷ്യനും അവന്റെ സ്രഷ്ടാവിനുമിടയിൽ ഒരു മധ്യസ്ഥന്റെയും ആവശ്യമില്ല എന്നതാണ്.

മനുഷ്യന് പിതേടേണ്ടതില്ല. തന്റെ പാപങ്ങൾക്ക് മാപ്പ് ചോദിക്കാൻ ആരുടെയും വാതിൽക്കൽ പോകേണ്ടതില്ല.
രാത്രിയുടെ അനന്തമായ നിശ്ശബ്ദതയിൽ പോലും ഒരാൾക്ക് കൈകൾ ഉയർത്തി തൻറെ രക്ഷിതാവിനോടു ചോദിക്കാം:
"അല്ലാഹ്, എനിക്ക് കഴിയുന്നില്ല. നീ എന്നെ സഹായിക്കേണമേ..."

അത്ര മാത്രം....

അത് കേൾക്കാൻ അല്ലാഹുവിന് ഒരു പ്രത്യേക സമയമോ സ്ഥലമോ ആവശ്യമില്ല. ഖുർആൻ നമ്മെ ഓർമ്മിപ്പിക്കുന്നു:
"എന്റെ ദാസന്മാർ എന്നെക്കുറിച്ച് നിന്നോട് ചോദിച്ചാൽ, തീർച്ചയായും ഞാൻ അടുത്തവനാണ്. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നൽകുന്നു എന്നു പറയുക."
(സൂറത്തുൽ ബഖറ: 186)
എത്ര വലിയ ആശ്വാസമാണീ വാക്കുകൾ...

ലോകം മുഴുവൻ നമ്മെ നിരസിച്ചാലും അല്ലാഹുവിന്റെ വാതിൽ അടയുന്നില്ല. മനുഷ്യർ നമ്മെ തെറ്റിദ്ധരിച്ചാലും അല്ലാഹു നമ്മെ പൂർണ്ണമായി അറിയുന്നു. നമ്മൾ

പറയാതെ പോയ വേദന പോലും പടച്ചവൻ മനസിലാക്കുന്നു..

അതുകൊണ്ടുതന്നെ വിശ്വാസിയുടെ ജീവിതത്തിൽ ദുആ ഒരു വാക്കല്ല അത് ഒരു അഭയകേന്ദ്രമാണ്.

ഇസ്ലാം മനുഷ്യന്റെ സ്വാഭാവിക പ്രകൃതിയോട് ചേർന്നുനിൽക്കുന്ന ജീവിതദർശനമാണ് മുന്നോട്ടു വെക്കുന്നത് .ഇസ്ലാം മനുഷ്യ ജീവിതത്തിന് അസാധാരണമായ ഭാരങ്ങളാൽ നിറയ്ക്കാതെ മനുഷ്യന്റെ പ്രകൃതിയോട് ചേർത്തിണക്കീട്ടാണ് വഴികാട്ടുന്നത്.
പ്രവാചകൻ (സ) പറഞ്ഞു:
“തീർച്ചയായും ഈ ദീൻ എളുപ്പമുള്ളതാണ്.”
(സഹീഹുൽ ബുഖാരി)

ഈ ദീൻ മനുഷ്യന്റെ ഇഷ്ടാനുസരണം മാറ്റാവുന്നതല്ല. മറിച്ച് അല്ലാഹു നൽകിയ ശരീഅത്തിൽ മനുഷ്യന്റെ കഴിവും പ്രകൃതിയും പരിഗണിചുകൊണ്ടുള്ളതാണ് എന്ന വലിയ സത്യമാണ് നമ്മൾ മനസിലാക്കേണ്ടത്.

പക്ഷേ... നമുക്കൊരു ധാരണ ഉണ്ടാകാം, ഒരാൾ ഒരു യഥാർത്ഥ വിശ്വാസി ആയിക്കഴിഞ്ഞാൽ പിന്നീട് അവന്റെ ജീവിതം മുഴുവൻ സന്തോഷത്തിലും സമാധാന പൂരിതമാ കുമെന്ന്. പക്ഷേ
അവന്റെ ജീവിതത്തിലെ യഥാർത്ഥ പ്രശ്നങ്ങൾ എല്ലാം അവസാനിക്കുന്നില്ല.
അവന് രോഗം വരാം. സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടാകാം. ബന്ധങ്ങളിൽ വേദനകൾ ഉണ്ടാകാം. ചില സ്വപ്നങ്ങൾ തകരാം. പ്രിയപ്പെട്ടവരെ നഷ്ടപ്പെടാം. മറ്റുള്ളവരുടെ തെറ്റായ വിലയിരുത്തലുകൾ നേരിടേണ്ടി വരാം.
എന്നിരുന്നാലും ഒരു യഥാർത്ഥ വിശ്വാസി ആയാൽ ഈ പ്രശ്നത്തോടുള്ള അവന്റെ സമീപനമാണ് മാറുന്നത്
കാരണം അവൻ അറിയുന്നു:
“എന്റെ ജീവിതത്തിൽ സംഭവിക്കുന്നതെഎ ന്തെല്ലാമാണെങ്കിലും അത് എന്റെ റബ്ബിന്റെ അറിവിനും കാഴ്ചയ്ക്കും അപ്പുറമല്ല .” എന്നത്. അതിനാൽ സന്തോഷം വന്നാൽ അവൻ അൽഹംദുലില്ലാഹ് എന്നായിരിക്കും പറയുക. പ്രയാസം വന്നാൽ അവൻ സബ്റ് സ്വീകരിക്കുകയും ചെയ്യും.
പാപം സംഭവിച്ചാൽ അവൻ തൗബയും ചെയ്യും. അനുഗ്രഹം ലഭിച്ചാൽ ശുക്റും ചെയ്യും. ഭാവിയെക്കുറിച്ച് ഭയപ്പെടുമ്പോൾ തവക്കുലിൽ അധിഷ്ഠിതമായി ജീവിക്കുകയും ചെയ്യുന്നു. അങ്ങനെ നോക്കുമ്പോൾ വിശ്വാസം ജീവിതത്തിൽ നിന്ന് പ്രശ്നങ്ങളെ നീക്കം ചെയ്യുന്നില്ല പക്ഷേ പ്രശ്നങ്ങൾക്കിടയിൽ മനുഷ്യനെ തകർന്നുപോകാതെ സംരക്ഷിക്കുന്ന ശക്തിയായി മാറുന്നു.

ഇനി,നമുക്കൊരു ചോദ്യം സ്വന്തം നഫ്സിനോട് ചോദിച്ചുനോക്കാം ‘അല്ലാഹു എന്നെ കാണുന്നു എന്ന ബോധം ജീവിതത്തിലെ ഓരോ മിനിറ്റിലും നമുക്ക് തോന്നാറുണ്ടിക്ക്..??”
ഇന്നത്തെ സമൂഹത്തിൽ മനുഷ്യൻ മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്ക് വലിയ പ്രാധാന്യം നൽകുന്നു.
“ആൾക്കാർ എന്ത് പറയും?”
“എന്റെ രൂപത്തെക്കുറിച്ച് അവർ എന്ത് ചിന്തിക്കും?”
“എനിക്ക് ഇത്രയും ലൈക്കുകൾ കിട്ടിയില്ലല്ലോ.”
“അവൾക്ക് എന്നേക്കാൾ നല്ല ജീവിതമാണല്ലോ.”
“ഞാൻ പിന്നിലായിപ്പോയലോ....?”
അങ്ങനെ നീളുന്നു നമ്മളുടെ ചിന്തകൾ.

സോഷ്യൽ മീഡിയയുടെ ഈ കാലത്ത് മറ്റുള്ളവരുടെ ജീവിതത്തിന്റെ അലങ്കരിച്ച ഭാഗങ്ങളുമായി സ്വന്തം ജീവിതത്തെ താരതമ്യം ചെയ്യുന്ന അവസ്ഥ ഇന്നു വ്യാപകമായി നമുക്ക് കാണാൻ സാധിക്കും . ഇതിന്റെ ഫലമായി പലരുടെയും ഉള്ളിൽ അപര്യാപ്തതയും അസ്വസ്ഥതയും വളരുന്നു. പക്ഷേ ഒരു തവണ എന്റെ റബ്ബ് എന്നെക്കുറിച്ച് എന്ത് വിചാരിക്കും എന്നവൻ ചിന്തിച്ചിരുന്നെങ്കിൽ...

ഇവിടെയാണ് യഥാർത്ഥ വിശ്വാസിയുടെ ജീവിതം നമുക്ക് മാതൃകയാക്കാൻ പറ്റുന്നത്. ഇങ്ങനെയുള്ള സമൂഹത്തിന്റെ ഇടയിലും അവൻ വിചാരിക്കുക
“ഞാൻ ഈ ലോകത്തെ കണ്ടിട്ടില്ല എന്റെ ജീവിതം നിശ്ചയിക്കേണ്ടത്.എന്നെ വിലയിരുത്തേണ്ടത് അല്ലാഹുവാണ് അവന്റെ തൃപ്തിയും പൊരുത്തവും ആണ് ഞാൻ നോക്കേണ്ടത്.അവൻ തിരഞ്ഞെടുത്തു തന്ന ജീവിതമാണ് ഞാൻ നയിക്കേണ്ടത്” എന്നതാണ്.
മനുഷ്യരുടെ കൈയടി കിട്ടണമെന്നില്ല. പക്ഷേ അല്ലാഹുവിന്റെ പ്രീതി ലഭിച്ചാൽ അതാണ് യഥാർത്ഥ വിജയം.
ഇതാണ് “ഇഖ്ലാസ്.”

മനുഷ്യർ കാണാത്ത നന്മ ചെയ്യുമ്പോഴും, ആരും അറിയാത്ത കണ്ണീരോടെ ദുആ ചെയ്യുമ്പോഴും, രഹസ്യമായി സദഖ നൽകുമ്പോഴും വിശ്വാസി അനുഭവിക്കുന്നത് ഒരു പ്രത്യേക സമാധാനമാണ്. കാരണം അവൻ അറിയുന്നു:
“ലോകം കണ്ടില്ലെങ്കിലും എന്റെ റബ്ബ് കണ്ടു.”എന്ന്

പിന്നെ ഇസ്ലാമിൽ സ്ത്രീകൾക്ക് സ്ഥാനമില്ല എന്നൊരു അഭിപ്രായം പൊതുവേ സമൂഹത്തിൽ ഉയർന്നു വരുന്നതായി നമുക്ക് കാണാൻ സാധിക്കും.പക്ഷേ യഥാർത്ഥത്തിൽ ഇസ്ലാമിക വിശ്വാസത്തിന്റെ ഈ അനുഭവലോകത്തിൽ സ്ത്രീക്ക് രണ്ടാംകിട സ്ഥാനം ഇല്ല.

ഒരു സ്ത്രീ യഥാർത്ഥ വിശ്വാസിയകാൻ. ആരുടെയും അനുവദത്തിന്റെ കാര്യമില്ല .അവൾക്ക് സ്വന്തം റബ്ബുമായുള്ള നേരിട്ടുള്ള

ആത്മബന്ധമാണ് അവളുടെ ഏറ്റവും വലിയ ശക്തി.

ഒരു സ്ത്രീ അല്ലാഹുവിനെ മാത്രം
ഭയപ്പെട്ടു ജീവിക്കാൻ തുടങ്ങുമ്പോൾ
അവൾക്ക് ലോകത്തിലെ ശരിയല്ലാത്ത
നിലപാടിനെയും വിലയിരുത്തലിനെയും ഭയന്നു
ജീവിതം നയിക്കേണ്ടി വരില്ല. അവളുടെ
സൗന്ദര്യത്തെക്കുറിച്ച് ലോകം അഭിപ്രായപ്പെടാം.
അവളുടെ വസ്ത്രത്തെക്കുറിച്ച്
അഭിപ്രായപ്പെടാം.
അവളുടെ വിവാഹത്തെക്കുറിച്ച്
അഭിപ്രായപ്പെടാം.
അവൾ ജോലി ചെയ്യുന്നുണ്ടോ ഇല്ലയോ എന്ന്
ചോദിക്കാം.
അവൾ എങ്ങനെ ജീവിക്കണം എന്ന് സമൂഹം
നിർദ്ദേശിക്കാം.

പക്ഷേ വിശ്വാസിയായ സ്ത്രീക്ക് ഹൃദയത്തിൽ
ഒരു ചോദ്യം മാത്രമാണ് ഉണ്ടാകുക:
“എന്റെ റബ്ബ് എന്നിൽ തൃപ്തനാണോ?”
ഈ ബോധം അവൾക്ക് നൽകുന്ന സംതൃപ്തി
വളരെ വലുതാണ്.
ആരാധനയിൽ സ്ത്രീ രണ്ടാംകിടയല്ല
നമസ്കാരത്തിലോ നോമ്പിലോ സദഖയിലോ
ദിക്റിലോ തഖ്വയിലോ അല്ലാഹുവിന്റെ
സാമീപ്യം തേടുന്നതിലോ സ്ത്രീ പുരുഷനേക്കാൾ
താഴെയുമല്ല.
ഖുർആൻ വ്യക്തമായി പറയുന്നു:

“സത്യവിശ്വാസിയായിരിക്കെ പുരുഷനോ
സ്ത്രീയോ സൽക്കർമ്മം ചെയ്യുന്നവരായാൽ,
തീർച്ചയായും നാം അവന് ഉത്തമമായൊരു
ജീവിതം തന്നെ നൽകും.”
(സൂറത്തുന്നഹ്ൽ: 97)

ഇവിടെ അല്ലാഹു പുരുഷനെയും സ്ത്രീയെയും
ഒരുപോലെ പരാമർശിക്കുന്നു.
അതുകൊണ്ട് ഒരു സ്ത്രീയുടെ വില അവളുടെ
ലിംഗത്തിൽ മാത്രം നിശ്ചയിക്കപ്പെടുന്നില്ല.
അവളുടെ ഇമാൻ, തഖ്വ, സൽക്കർമ്മം,
സ്വഭാവം എന്നിവയാണ് അവളുടെ യഥാർത്ഥ
മഹത്വത്തിന്റെ മാനദണ്ഡങ്ങൾ.

ഖുർആൻ പറയുന്നു:
“നിങ്ങളിൽ അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും
ആദരണീയൻ ഏറ്റവും തഖ്വയുള്ളവനാണ്.”
(സൂറത്തുൽ ഹുജുറാത്ത്: 13)
ഈ ഒരു വാക്കിൽ തന്നെയുണ്ട് സ്ത്രീയും
പുരുഷനും ഇസ്ലാമിൽ തുല്യരാണ് എന്ന്.
പിന്നെ ഓരോ ശരീര ഘടനയ്ക്ക് അനുസരിച്ചു
അവരുടെ സംരക്ഷണത്തെ ലക്ഷ്യം
ഇട്ടുകൊണ്ടും മാത്രമാണ് ഒരു നിയമങ്ങൾ
സൃഷ്ടിക്കപ്പെട്ടത്.

ആസിയ ബീവിയും മർയമുംബീവിയും
ലോകസ്ത്രീകൾക്ക് മാതൃകകാണാന്

സ്ത്രീയുടെ വിശ്വാസശക്തിയെക്കുറിച്ച്
പറയുമ്പോൾ ഖുർആൻ നമ്മെ പഠിപ്പിക്കുന്ന
രണ്ട് മഹത്തായ സ്ത്രീകളിലേക്ക്
തിരിഞ്ഞുനോക്കാൻ പഠിപ്പിക്കുന്നു.

ഒരാൾ ഫിറൗന്റെ ഭാര്യയായ ആസിയ (അ).

അവറ് ജീവിച്ചത് ഫിർഔന്റെ
കൊട്ടാരത്തിലാണ്. ചുറ്റും സമ്പത്തും
ശക്തിയും അധികാരവുമുനാടായിരുന്നു.
പക്ഷേ അവരൂടെ ഹൃദയം ഫിറൗന്റെ
അധികാരത്തിന് കീഴടങ്ങിയില്ല. ഫിറൗൻ തന്നെ
ദൈവമാണെന്ന് അവകാശപ്പെട്ടപ്പോൾ ,അവർ
തന്റെ ഹൃദയത്തിൽ യഥാർത്ഥ ദൈവത്തെ
തിരിച്ചറിഞ്ഞു.

അവറൂ ടെ ചുറ്റുമുള്ള ലോകം ഒരു വശത്ത്
നിന്നപ്പോളും അവറൂ ടെ ഇമാൻ മറുവശത്ത്
ജ്വലിച്ചു നിന്നു.
എന്നിട്ടവർ പ്രാർത്ഥിച്ചു:
“എന്റെ റബ്ബേ, എനിക്ക് നിന്റെ അടുക്കൽ
സ്വർഗത്തിൽ ഒരു ഭവനം പണിതുതരണമേ.”
(സൂറത്തുത്തഹ്രീം: 11)

ഇവിടെ ഒരു വലിയ പാഠമുണ്ട്.

വീടിന്റെ വലുപ്പമല്ല ഒരു സ്ത്രീയുടെ മഹത്വം;
അവളുടെ ഹൃദയത്തിൽ ആരാണ് വസിക്കുന്നത്
എന്നതിതിലാണ്.

മറ്റൊരാൾ മറിയം ബീവി ആണ് (അ).

വിശുദ്ധിയുടെയും സമർപ്പണത്തിന്റെയും
പ്രതീകം.

ഖുർആൻ അവരുടെ പവിത്രതയും
തിരഞ്ഞെടുക്കപ്പെട്ട നിലയും പ്രത്യേകം
എടുത്തുപറയുന്നു.

ലോകത്തിലെ എല്ലാ വിശ്വാസികൾക്കും
മാതൃകകളാkkan പറ്റുന്ന ഖുർആനിൽ തന്നെ
ഉദാഹരണമായി പറഞ്ഞ മാതൃകകളാണ് ഇവർ
ഇതിലൂടെ തന്നെ വ്യക്തമാണല്ലോ ഒരു മുസ്ലീം
streekk യഥാർത്ഥ വിശ്വാസത്തിൽ ഉറച്ചു
നില്ക്കാനോ പ്രവർത്തിക്കാനോ ആരുടെയും
സഹായം ആവശ്യമില്ല എന്ന്

ഇത് സ്ത്രീക്ക് ഇസ്ലാം നൽകുന്ന
ആത്മീയ സ്ഥാനത്തെക്കുറിച്ച് ശക്തമായി
വ്യക്തമാക്കുന്നു.

സ്ത്രീശരീരത്തെ മനസ്സിലാക്കുന്നതാണു ദീൻ
സ്ത്രീയുടെ ജീവിതം ശരീരപരമായ നിരവധി
മാറ്റങ്ങളിലൂടെ കടന്നുപോകുന്നുണ്ട.
ആർത്തവം, ഗർഭധാരണം, പ്രസവം, മുലയൂട്ടൽ,
പ്രസവാനന്തര കാലഘട്ടം തുടങ്ങിയ ഘട്ടങ്ങൾ
അവളുടെ ശരീരത്തെയും മനസ്സിനെയും
ഊർജ്ജനിലയെയും സ്വാധീനിക്കുന്നു.

ഇവയെ അവഗണിച്ച് ഒരേ തരത്തിലുള്ള
കഠിനമായ ബാധ്യതകൾ എല്ലായ്പ്പോഴും
അടിച്ചേൽപ്പിക്കുന്നതല്ല ഇസ്ലാമിന്റെ രീതി.

മറിച്ച്, അല്ലാഹു മനുഷ്യന്റെ അവസ്ഥകളെ അറിയുന്നവനാണ്.
ആർത്തവകാലത്ത് സ്ത്രീക്ക് നമസ്കാരം ഒഴിവാക്കാൻ ശരീഅത്ത് അനുവദിക്കുന്നു. പിന്നീട് ആ നമസ്കാരങ്ങൾ ഖദാ ചെയ്യേണ്ടതില്ല. നോമ്പിന്റെ കാര്യത്തിൽ അവൾക്ക് ഇളവ് നൽകുകയും പിന്നീട് നഷ്ടപ്പെട്ട നോമ്പുകൾ പൂർത്തിയാക്കാനുള്ള അവസരം നൽകുകയും ചെയ്യുന്നു.
ഇത് ആരാധനയിൽ സ്ത്രീക്ക് കുറവ് വരുത്താനല്ല.
മറിച്ച്, അവളുടെ ശരീരത്തെയും പ്രകൃതിയെയും അല്ലാഹു പരിഗണിക്കുന്നു എന്നതിന്റെ തെളിവാണ്. ശരീഅത്തിന്റെ ലക്ഷ്യം മനുഷ്യനെ തകർക്കുക അല്ല; അവനെ അല്ലാഹുവിലേക്ക് നയിക്കുകയാണ്.

ഒരു സ്ത്രീ അമ്മയായാൽ അവളുടെ മാതൃത്വം ഇബാദത്താnn.

കുടുംബത്തെ സ്നേഹത്തോടെ പരിപാലിച്ചാൽ അതും ഇബാദത്താnn.

ഭർത്താവിനോടും മക്കളോടും മാതാപിതാക്കളോടും നല്ല പെരുമാറ്റം കാണിച്ചാൽ അത് ഇബാദത്താnn. അറിവ് പഠിച്ചാൽ അത് ഇബാത്താnn. അറിവ് മറ്റുള്ളവർക്ക് പകർന്നാൽ അത് ഇബാത്താnn. ഒരു രോഗിയെ പരിചരിച്ചാൽ അത് ഇബാദത്താണ്. ഒരു വിശക്കുന്ന മനുഷ്യന് ഭക്ഷണം നൽകിയാൽ അത് ഇബാദത്താnn. സമൂഹത്തിന് ഉപകാരപ്പെടുന്ന ഒരു പ്രവർത്തനം ചെയ്താൽ അത് ഇബാദത്താnn.

അതിനാൽ ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഇബാദത്ത് പള്ളിയുടെ ചുവരുകൾക്കുള്ളിൽ മാത്രം ഒതുങ്ങുന്നില്ല. അല്ലാഹുവിന്റെ പ്രീതിക്കായി ചെയ്യുന്ന അനുവദനീയമായ ജീവിതപ്രവർത്തനങ്ങൾ പോലും ആരാധനയുടെ ഭാഗമാണ്.

നാം സമകാലിക സമൂഹത്തിൽ ഒരു യഥാർത്ഥ വിശ്വാസിയായി ജീവിക്കേണ്ടതുണ്ട്. ഇന്നത്തെ ലോകം നമ്മോട് നിരന്തരം പറയുന്നത്:

“നിനക്ക് ഇഷ്ടമുള്ളത് ചെയ്യൂ.” എന്നതാണ്. എന്നാൽ ഇസ്ലാം നമ്മോട് ചോദിക്കുന്നത്: “നീ ചെയ്യാൻ പോകുന്നത് അല്ലാഹുവിന് ഇഷ്ടമാണോ?” എന്നാണ് ഇത് നിന്റെ റബ്ബിന് തൃപ്തിയുള്ള കാര്യമാണോ എന്നാണ്

ഇവ രണ്ടും തമ്മിലുള്ള വ്യത്യാസം വളരെ വലുതാണ്.

സ്വാതന്ത്ര്യം എന്ന പേരിൽ മനുഷ്യൻ തന്റെ തന്നെ വ്യക്തിത്വത്തെ നശിപ്പിക്കുകയാണ്.

ശ്രദ്ധ നേടാനായി സോഷ്യൽ മീഡിയയുടെ അടിമയാകുന്നു. പണത്തിന് അടിമയാകുന്നു. സൗന്ദര്യത്തിന്റെ മാനദണ്ഡങ്ങൾക്ക് അടിമയാകുന്നു. മറ്റുള്ളവരുടെ അംഗീകാരത്തിന് അടിമയാകുന്നു എന്നാണ്

പക്ഷേ ഒരു വിശ്വാസി പറയുന്നത്എന്താണെന്നറിയാമോ: “ഞാൻ അല്ലാഹുവിന്റെ ദാസനാണ്.”എന്നാണ് ഇത് കേൾക്കുമ്പോൾ ഒരടിമത്തമായി നമുക്ക് തോന്നാം .എന്നാൽ യഥാർത്ഥത്തിൽ ഇത് മനുഷ്യനെ മറ്റെല്ലാ അടിമത്തങ്ങളിൽ നിന്നും മോചിപ്പിക്കുന്ന ഒരു വാക്കാണ് അല്ലാഹുവിന്റെ ദാസനായ മനുഷ്യന് മനുഷ്യരുടെ അടിമയാകേണ്ടതില്ല.

ഇന്നത്തെ സമൂഹത്തിൽ ഒരു മുസ്ലിം സ്ത്രീയുടെ ഹിജാബിനെ പലപ്പോഴും പുറംലോകം പലവിധത്തിൽ വ്യാഖ്യാനിക്കുന്നു.

ചിലർ അതിനെ അടിച്ചമർത്തലായി കാണുന്നു. ചിലർ പിന്നാക്കാവസ്ഥയായി കാണുന്നു. എന്നാൽ ഒരു വിശ്വാസിനിക്ക് ഹിജാബ് വെറും വസ്ത്രധാരണമല്ല.
അത് അവളുടെ റബ്ബിനോടുള്ള അനുസരണത്തിന്റെ ഒരു പ്രകടനമാണ്.

അതുപോലെ തന്നെ ഹിജാബ് ധരിക്കുന്ന സ്ത്രീയും ഒരു മനുഷ്യയാണ് എന്ന് നമ്മൾ ഓർമിക്കണം. അവൾക്കും ദൗർബല്യങ്ങളുണ്ട്. അവൾക്കും തെറ്റുകൾ സംഭവിക്കാം. അതുകൊണ്ട് അവളുടെ വസ്ത്രം മാത്രം നോക്കി അവളുടെ മുഴുവൻ വിശ്വാസത്തെ അളക്കുന്നത് ശരിയല്ല.
ഇസ്ലാം ആവശ്യപ്പെടുന്ന ഹയാ പുരുഷനും സ്ത്രീക്കും ഒരുപോലെ ബാധകമാണ്.

അതിനാൽ സ്ത്രീയുടെ മാന്യത സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സ്ത്രീയുടെ മാത്രം ചുമതലയല്ല. സമൂഹത്തിലെ പുരുഷനും സ്ത്രീയും ഒരുപോലെ തങ്ങളുടെ കാഴ്ചയും പെരുമാറ്റവും നിയന്ത്രിക്കനം.

വിശ്വാസം ഭയമല്ല, പ്രതീക്ഷ കൂടിയാണ് ചിലപ്പോൾ മതത്തെക്കുറിച്ച് സംസാരിക്കുമ്പോൾ നാം ശിക്ഷയെക്കുറിച്ചും പാപത്തെക്കുറിച്ചും മാത്രം സംസാരിക്കുന്നു.
തീർച്ചയായും അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടണം. എന്നൊക്കെ.
ഈ രീതിയിൽ നമ്മൾ കണ്ടാൽ നമ്മുടെ ഉള്ളിൽ ഭയം മാത്രം അല്ലാതെ അല്ലാഹുവിനെ കുറിച്ച് ഒരു പ്രതീക്ഷയും വിശ്വാസവും കടന്നു വരുകയില്ല. അതിനാൽ നാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കുറിച്ചും സ്വർഗത്തെ കുറിച്ചും ആണ് ഏറെ ഓർമിക്കേണ്ടത് സന്തോഷിക്കേണ്ടത് സമാധാനോക്കേണ്ടത്.

തഖൗഫും(ഭയവും) റജാഉം (പ്രതീക്ഷയും) തമ്മിൽ തുലനം ചെയ്യുന്നത് ഹൃദയമാണ്.
“ഞാൻ പാപം ചെയ്തു” എന്ന് ഒരു വിശ്വാസിക്ക് ബോധ്യമായാൽ അവൻ അവിടെ നിരാശനാകുന്നില്ല.
അവൻ വീണ്ടും അല്ലാഹുവിലേക്ക് തന്നെ മടങ്ങുന്നു.

കാരണം അവൻ അറിയാം:
“അല്ലാഹുവിന്റെ കരുണയിൽ നിരാശരാകരുത്.”
(സൂറത്തുസ്സുമർ: 53)
എന്നത്.

എത്ര തവണ വീണാലും എഴുന്നേൽക്കാനുള്ള
വാതിൽ തുറന്നുകിടക്കുന്നു.
അതുകൊണ്ടാണ് തൗബ വിശ്വാസിയുടെ
ജീവിതത്തിലെ ഏറ്റവും മനോഹരമായ
വാതിലുകളിൽ ഒന്നാകുന്നത്.
നമസ്കാരംഎന്നത് ഒരു വിശ്വാസിയുടെ
ആത്മാവിന്റെ വിശ്രമകേന്ദമായിട്ടാണ്
കണക്കാക്കുന്നത്

ദിവസത്തിൽ അഞ്ച് തവണ ലോകത്തിന്റെ
തിരക്കിൽ നിന്ന് മാറിനിന്ന് അല്ലാഹുവിന്റെ
മുമ്പിൽ നിൽക്കുക എന്നത് അത്ര എളുപ്പമായ
കാര്യമല്ല.അതൊരുത്തരം തൗഫീഖ് aahn.
നാം ആരാണെന്ന് ഈ ലോകത്തോട്
തെളിയിക്കേണ്ടതില്ലാത്ത തൻറെ റബ്ബിനോട്
മാത്രം ബോധ്യപ്പെടുത്തുന്ന നിമിഷം

പദവിയും സമ്പത്തും സൗന്ദര്യവും
വിദ്യാഭ്യാസവും കുടുംബപശ്ചാത്തലവും ഒന്നും
പ്രധാനമല്ലാത്ത നിമിഷം.
രാജാവും ദരിദ്രനും, അധ്യാപകനും
വിദ്യാർത്ഥിയും, പുരുഷനും സ്ത്രീയും എല്ലാവരും
ഒരേപോലെറബ്ബിന്റെ മുമ്പിൽ തലകുനിക്കുന്ന
നിമിഷം. സുജൂദിൽ നെറ്റി നിലത്ത്
വയ്ക്കുമ്പോൾ വിശ്വാസി ഏറ്റവും ഉയർന്ന
ആത്മീയ സ്ഥാനത്തേക്ക് ഉയരുകയാണ്.
അവിടെ അവന തന്റെ ദുഃഖങ്ങൾ പറയാം.
ഭയങ്ങൾ പറയാം. ആഗ്രഹങ്ങൾ പറയാം.
പാപങ്ങൾ സമ്മതിക്കാം. ആരോടും
പറയാൻ കഴിയാത്ത വേദനകൾ പോലും
അല്ലാഹുവിനോട് പറയാം. അതുകൊണ്ടുതന്നെ
നമസ്കാരം വിശ്വാസിയുടെ ജീവിതത്തിൽ ഒരു
ഭാരം മാത്രമല്ല; ഒരു വിശ്രമസ്ഥലവും കൂടിയാണ്.

നോമ്പ് വിശപ്പിലൂടെ ആത്മാവിനെ വളർത്തുന്ന
വിദ്യയാണ് റമദാൻ വരുമ്പോൾ വിശ്വാസി
ഭക്ഷണം മാത്രമല്ല ഉപേക്ഷിക്കുത്.
അവൻ തന്റെ നാവിനെയും കണ്ണിനെയും
ചെവിയെയും മനസ്സിനെയും നിയന്ത്രിക്കാൻ
പഠിക്കുന്നു. വിശപ്പിന്റെ അനുഭവത്തിലൂടെ
മറ്റുള്ളവരുടെ വേദന മനസ്സിലാക്കുന്നു.
സദഖ നൽകുന്നു. ഖുർആൻ വായിക്കുന്നു.
രാത്രികളിൽ നമസ്കരിക്കുന്നു.
അങ്ങനെ നോമ്പ് ശരീരത്തെ മാത്രം
പരിശീലിപ്പിക്കുന്നില്ല; ആത്മാവിനെയും
പരിശീലിപ്പിക്കുന്നു.

അതിന്റ അവസാനം രൂപപ്പെടുന്നത്
വിശപ്പനുഭവിച്ച ഒരു മനുഷ്യൻ മാത്രമല്ല;
തഖ്വയുള്ള ഒരു മനുഷ്യനും കൂടിയാണ്.

തഖ്വഏന്നാൽ ആരും കാണാത്തിടത്തും
അല്ലാഹുവിനെ ഓർക്കുക എന്നതാണ് നമുക്ക്
സാധിക്കാറുണ്ടോ അങ്ങനെ
ഒരു മനുഷ്യന്റെ യഥാർത്ഥ സ്വഭാവം
ആളുകൾക്കിടയിൽ അവൻ എങ്ങനെ
പെരുമാറുന്നു എന്നതിൽ മാത്രം തെളിയുന്നില്ല.
ആരോരും കാണാത്തപ്പോ അവൻ
എങ്ങനെയാണ്,എന്താണ് ചെയ്യുന്നത്
എന്നതിലാണ് യഥാർത്ഥ thakwa.

വാതിൽ അടച്ച മുറിയിൽ.
കയ്യിൽ മൊബൈൽ ഫോൺമാത്രം ഉള്ളപ്പോum
അവന് തെറ്റുചെയ്യാൻ തോന്നിയിട്ടും അവൻ
അത് ചെയ്യുന്നില്ലെങ്കിൽ അവനാണ് യഥാർത്ഥ
വിശ്വാസി.
കാരണം അവൻ ആരും അറിയില്ലെന്ന്
ഉറപ്പുള്ളപ്പോൾ പോലും തന്റെ റബ്ബിനെ
കുറിച്ചോർത്തു, avan ഭയപ്പെട്ടു.
അവിടെ ഒരു വിശ്വാസിയുടെ ഹൃദയം പറയുക,

“അല്ലാഹു കാണുന്നുണ്ട്.”
ഇതാണ് തഖ്വയുടെ ഒരു വലിയ രൂപം.

ഈ ബോധം ഉണ്ടാകുമ്പോൾ ആണ് നമ്മൾ ഒരു
യഥാർത്ഥ വിശ്വാസി ആയി തീരുന്നത്.

യഥാർത്ഥ വിശ്വാസി സ്വന്തം രക്ഷയെക്കുറിച്ച്
മാത്രം ചിന്തിക്കുന്ന ഒരാളല്ല.

അവന്റെ വിശ്വാസം സമൂഹത്തിലും
പ്രതിഫലിക്കണം.

അവൻ സത്യസന്ധനായിരിക്കണം.
അയൽക്കാരനെ ഉപദ്രവിക്കരുത്.
അനാഥനെ അവഗണിക്കരുത്.
ദരിദ്രനെ പരിഹസിക്കരുത്.
മാതാപിതാക്കളോട് നന്മ കാണിക്കണം.
ഭാര്യയോടും ഭർത്താവിനോടും മക്കളോടും നീതി
പുലർത്തണം.
സ്ത്രീയെ അപമാനിക്കരുത്.
പുരുഷനെ അവഹേളിക്കരുത്.
വ്യത്യസ്ത അഭിപ്രായമുള്ളവരോട് പോലും
മാന്യത പുലർത്തണം.
കാരണം ഇസ്ലാം മനുഷ്യന്റെ നാവിൽ മാത്രം
കാണേണ്ട മതമല്ല; അവന്റെ സ്വഭാവത്തിൽ
കാണേണ്ട മതമാണ്.

ഒരു സ്ത്രീയുടെ വിശ്വാസം അവളുടെ
ശക്തിയാnn.
സമൂഹം പലപ്പോഴും സ്ത്രീയുടെ വില
നിശ്ചയിക്കാൻ ശ്രമിക്കുന്നു.
അവൾ എത്ര സുന്ദരിയാണ്?
എത്ര പഠിച്ചിട്ടുണ്ട്?
എത്ര സമ്പാദിക്കുന്നു?
വിവാഹം കഴിഞ്ഞോ?
മക്കളുണ്ടോ?
എത്ര വയസ്സായി?
എന്നാൽ ഇസ്ലാം സ്ത്രീയോട് ചോദിക്കുന്ന
ഏറ്റവും പ്രധാനപ്പെട്ട ചോദ്യം മറ്റൊന്നാണ്:
“നിന്റെ റബ്ബുമായുള്ള ബന്ധം എങ്ങനെയാണ്?”
എത്ര സുന്ദരമായ ചോദ്യം!.

അതാണ് അവളുടെ യഥാർത്ഥ വിജയത്തിന്റെ
അടിത്തറ.

അവൾ അമ്മയായാലും അധ്യാപികയായാലും
വിദ്യാർത്ഥിയായാലും ജോലിക്കാരിയായാലും
വീട്ടമ്മയായാലും സമൂഹപ്രവർത്തകയായാലും
— അവളുടെ മൂല്യം അല്ലാഹുവിന്റെ
അടുക്കൽ അവളുടെ തഖ്വയിലും
സൽക്കർമ്മങ്ങളിലുമാണ്.
അതുകൊണ്ട് ഒരു വിശ്വാസിനിയേ സ്വയം
ചെറുതായി കാണേണ്ടതില്ല.

അവൾക്ക് ദുആ ചെയ്യാം.
അവൾക്ക് അറിവ് നേടാം.
അവൾക്ക് നന്മ പ്രചരിപ്പിക്കാം.
അവൾക്ക് സമൂഹത്തിന് ഉപകാരപ്പെടാം.
അവൾക്ക് തന്റെ കഴിവുകൾ
ഉപയോഗപ്പെടുത്താം.
അവളുടെ ജീവിതത്തിന്റെ ഓരോ ഘട്ടവും
അല്ലാഹുവിന്റെ പ്രീതിയിലേക്ക് തിരിക്കാം.

വിശ്വാസിയായിരിക്കുക എന്നത് ജീവിതത്തിലെ
എല്ലാ പ്രശ്നങ്ങളും ഇല്ലാതാകുന്നതല്ല.

മറിച്ച്, പ്രശ്നങ്ങൾക്കിടയിലും "എന്റെ
റബ്ബ് എന്നോടൊപ്പമുണ്ട്" എന്ന് പറയാൻ
കഴിയുന്നതാണ്.

അത്കൊണ്ട് ഒരു വിശ്വാസിക്ക് സങ്കടങ്ങളും
വിഷമങ്ങളും ഉണ്ടാവാതിരിക്കുന്നില്ല എന്നതല്ല
കരയുമ്പോഴും അല്ലാഹുവിലേക്ക് തിരിയുക
എന്നതാണ്.

തെറ്റിലേക്ക് വീഴാത ഒരാൾഎന്നല്ല.
വീണാൽ വീണ്ടും തൗബയിലൂടെ
എഴുന്നേൽക്കുന്നയാൾ എന്നതാണ്.

ലോകം മുഴുവൻ നമ്മെ അംഗീകരിക്കണം
എന്നതിലല്ല, അല്ലാഹു നമ്മിൽ തൃപ്തനാകണം
എന്നതില്ലാണ്.

വിശ്വാസിയായിരിക്കുക എന്നത് ഒരു
തിരിച്ചറിയൽ കാർഡിലെ മതത്തിന്റെ പേര്
പോലെയല്ല.
അത് ഹൃദയത്തിൽ അനുഭവിക്കുന്ന ഒരു
പ്രകാശമാണ്.

രാത്രിയുടെ ഇരുട്ടിൽ ദുആ ചെയ്യുമ്പോൾ
കണ്ണിൽ നിറയുന്ന കണ്ണുനീരാണ്.
ആരും കാണാത്തപ്പോൾ നന്മ ചെയ്യാനുള്ള
പ്രേരണയാണ്.
പാപത്തിലേക്ക് നീങ്ങുമ്പോൾ ഹൃദയത്തിൽ
ഉയരുന്ന ഭയമാണ്.
പ്രയാസത്തിൽ പോലും "അൽഹംദുലില്ലാഹ്"
എന്ന് പറയാനുള്ള ശക്തിയാണ്.എന്ത്
നഷ്ടപ്പെട്ടാലും
"അല്ലാഹു എനിക്ക് മതിയാകുന്നു" എന്ന്
പറയാനുള്ള തവക്കുലാണ്.

ലോകം നമ്മെ വിട്ടുപോയാലും അല്ലാഹു നമ്മെ
വിട്ടുപോകില്ലെന്ന ഉറപ്പാണ്.

മനുഷ്യന് വേണ്ടത് ലോകം മുഴുവൻ കീഴടക്കുക
എന്നതല്ല
തന്റെ റബ്ബിനെ കണ്ടെത്തുക എന്നതാണ്.

അതിനാൽ ഒരു വിശ്വാസിയുടെ ഏറ്റവും വലിയ
സമ്പത്ത് അവന്റെ ബാങ്ക് അക്കൗണ്ടിലല്ല,
അവന്റെ ഹൃദയമാ ണ്.

അവന്റെ ഏറ്റവും വലിയ സുരക്ഷ ഒരു
കൊട്ടാര സമാനമായ ബംഗ്ലാവികൾ അല്ല,
അല്ലാഹുവിലുള്ള തവക്കുലിലാണ്.
അവന്റെ ഏറ്റവും വലിയ സൗന്ദര്യം മുഖത്തല്ല,
തഖ്വയിലാണ്.
അവന്റെ ഏറ്റവും വലിയ സ്വാതന്ത്ര്യം
സ്വന്തം ഇഷ്ടങ്ങളുടെ പിന്നാലെ
ഓടുന്നതിലല്ല, അല്ലാഹുവിന്റെ അടിമയായി
ജീവിക്കുന്നതിലാണ്.
ഒരു സ്ത്രീ യഥാർത്ഥ വിശ്വാസിനിയായി
മാറുമ്പോൾ അവൾ ലോകത്തിന്റെ
വിലയിരുത്തലുകളിൽ നിന്ന് പതുക്കെ
മോചിതയാകുന്നു. അവളുടെ ഹൃദയം
മനുഷ്യരുടെ കയ്യടക്കലിനായി
കാത്തുനിൽക്കാതെ അല്ലാഹുവിന്റെ
പ്രീതിക്കായി ജീവിക്കാൻ തുടങ്ങുന്നു.

അവൾ അറിയുന്നു:

"എന്നെ ആരും മനസ്സിലാക്കിയില്ലെങ്കിലും എന്റെ
അല്ലാഹു എന്നെ മനസ്സിലാക്കുന്നു.
എന്റെ കണ്ണുനീർ ആരും കണ്ടില്ലെങ്കിലും എന്റെ
റബ്ബ് കണ്ടു.
എന്റെ നന്മ ആരും അറിഞ്ഞില്ലെങ്കിലും
അല്ലാഹു അറിഞ്ഞു."

അതാണ് ഇസ്ലാമിക വിശ്വാസിയുടെ
അനുഭവലോകം.
ഒരു ലോകം നമ്മെ പുറത്തുനിന്ന്
വിലയിരുത്തുമ്പോൾ, മറ്റൊരു ലോകം
നമ്മുടെ ഹൃദയത്തിനുള്ളിൽ വളരുന്നു ...
അല്ലാഹുവുമായുള്ള ബന്ധത്തിന്റെ ലോകം.
അവിടെ മനുഷ്യന് സമാധാനം ലഭിക്കുന്നു.

അവിടെ ഭയത്തിന് ശേഷം പ്രതീക്ഷയുണ്ട്.
ദുഃഖത്തിന് ശേഷം സബ്റുണ്ട്.
പാപത്തിന് ശേഷം തൗബയുണ്ട്.
പരാജയത്തിന് ശേഷം തവക്കുലുണ്ട്.
ഏകാന്തതയ്ക്ക് ശേഷം അല്ലാഹുവിന്റെ
സാമീപ്യമുണ്ട്.

ഈ ജീവിതം അവസാനിക്കുമ്പോൾ വിശ്വാസി
തന്റെ റബ്ബിന്റെ അടുക്കലേക്ക് മടങ്ങുന്നു.

അപ്പോൾ അവൻ ആഗ്രഹിക്കുന്നത് ലോകം
മുഴുവൻ കൈവശം വച്ചിരുന്നുവെന്ന് പറയാനല്ല.

മറിച്ച്, "ഞാൻ എന്റെ റബ്ബിനെ
നഷ്ടപ്പെടുത്തിയില്ല" എന്ന് പറയാനാണ്.

അതാണ് ഒരു യഥാർത്ഥ വിശ്വാസിയുടെ ഏറ്റവും വലിയ വിജയം.

അറിയുക: “അല്ലാഹുവിന്റെ സ്മരണയിലൂടെയാണ് ഹൃദയങ്ങൾക്ക് സമാധാനം ലഭിക്കുന്നത്.”
(സൂറത്തുർറഅ്ദ്: 28)

അതുകൊണ്ട്, ഇസ്‌ലാമിക വിശ്വാസി ആയിരിക്കുക എന്നത് ഒരു ഭാരമല്ല.

അത് ഒരു അനുഗ്രഹമാണ്.
ഒരു തിരിച്ചറിയൽ മാത്രമല്ല.
ഒരു അനുഭവമാണ്.

ഒരു ജീവിതദർശനമാണ്.
ഒരു യാത്രയാണ്.
സൃഷ്ടിയിൽ നിന്ന് സ്രഷ്ടാവിലേക്കുള്ള യാത്ര.
ഭയത്തിൽ നിന്ന് സമാധാനത്തിലേക്കുള്ള യാത്ര.
അശാന്തിയിൽ നിന്ന് തഖ്‌വയിലേക്കുള്ള യാത്ര.
ലോകത്തിന്റെ അംഗീകാരത്തിൽ നിന്ന് അല്ലാഹുവിന്റെ പ്രീതിയിലേക്കുള്ള യാത്ര.

ആ യാത്രയുടെ ഓരോ ചുവടിലും വിശ്വാസിയുടെ ഹൃദയം പതുക്കെ പറയുന്ന ഒരു വാക്കുണ്ട്:

“ഓ അല്ലാഹ്... നീ എനിക്ക് മതിയായവനാ കുന്നു.”



സൗന്ദര്യം കണ്ണിലല്ല, ഹൃദയത്തിലാണ്

ഇഹ്സാൻ: സൗന്ദര്യം കാഴ്ചയിൽ നിന്ന് സ്വഭാവത്തിലേക്ക്_

സൗന്ദര്യം എന്ന വാക്ക് കേൾക്കുമ്പോൾ ആദ്യം മനസ്സിലേക്ക് വരുന്നതെന്താണ്? ഒരു മനോഹരമായ മുഖമാണോ? പൂക്കളോ? ആകാശത്തിന്റെ നിറങ്ങളോ? സുന്ദരമായ വാക്കോ?

എന്നാൽ ഇസ്ലാം സൗന്ദര്യത്തെ അതിനേക്കാൾ വിശാലമായ അർത്ഥത്തിലാണ് കാണുന്നത്. കണ്ണുകൾക്ക് ആനന്ദം നൽകുന്നതിൽ മാത്രം സൗന്ദര്യം അവസാനിക്കുന്നില്ല; ഒരു ഹൃദയത്തിന് സമാധാനം നൽകുന്നതും, ഒരു പ്രവർത്തിയെ ഉത്തമമാക്കുന്നതും, ഒരു മനുഷ്യൻറെ സ്വഭാവത്തെ മനോഹരമാക്കുന്നതും സൗന്ദര്യമാണ്.

ഇവിടെയാണ് 'ഇഹ്സാൻ' എന്ന ഇസ്ലാമിക സങ്കല്പം അതിൻറെ ആഴമേറിയ അർത്ഥവുമായി കടന്നുവരുന്നത്. "തീർച്ചയായും അല്ലാഹു ഭംഗിയുള്ള വനാണ് അവൻ ഭംഗിയെ ഇഷ്ടപ്പെടുന്നു."- [സ്വഹീഹ് മുസ്ലിം]

ഇത് സൗന്ദര്യത്തെ കുറിച്ചുള്ള ഒരു വാക്കു മാത്രമല്ല; ഒരു ജീവിതദർശനത്തിന്റെ പ്രഖ്യാപനമാണ്.

സൗന്ദര്യം കാണുന്നതിലല്ല സൃഷ്ടിക്കുന്നതിലാണ്. 'ഇഹ്സാൻ' എന്നത് കാര്യങ്ങളെ ഏറ്റവും ഉത്തമവും മനോഹരവുമായ രീതിയിൽ നിർവഹിക്കുക എന്ന ആശയമാണ്. ആരാധനയിൽ ആത്മാർത്ഥത, പ്രവർത്തിയിൽ കൃത്യത, നല്ല ചിന്ത, പെരുമാറ്റത്തിന്റെ കാരുണ്യം- ഇവയെല്ലാം ഇഹ്സാന്റെ വ്യത്യസ്ത മുഖങ്ങളാണ്.

പ്രവാചകൻ മുഹമ്മദ് നബി ﷺ ഇഹ്സാനിനെ നിർവഹിച്ചത്: "നീ അല്ലാഹുവിനെ കാണുന്നതുപോലെ അവനെ ആരാധിക്കുക; നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്" എന്നാണ്.

അതിനാൽ ഇഹ്സാൻ വെറും ബാഹ്യമായ ഭംഗിയല്ല. ആരും കാണാതിടത്തും ഒരു മനുഷ്യൻ തന്റെ പ്രവർത്തിയെ മനോഹരമാക്കുന്നതാണ് ഇഹ്സാൻ.

നമസ്കാരത്തിലെ ഏകാഗ്രത, വാക്കുകളിലെ മാധുര്യം, മാതാപിതാക്കളോടുള്ള കരുണ, അയൽക്കാരോടുള്ള പരിഗണന, ദുർബലരോടുള്ള സഹാനുഭൂതി, പ്രകൃതിയോടുള്ള ഉത്തരവാദിത്വം- ഇവയെല്ലാം സൗന്ദര്യത്തിന്റെ ഇസ്ലാമിക രൂപങ്ങളാണ്.

ഇഹ്സാൻ കണ്ണാടിയിൽ കാണുന്ന സൗന്ദര്യത്തെക്കാൾ ഹൃദയത്തിൽ വളരുന്ന സൗന്ദര്യത്തെയാണ് അന്വേഷിക്കുന്നത്.

സൗന്ദര്യം ഒരു മുഖത്തിന്റെ അവകാശമല്ല

ഇന്നത്തെ ലോകത്ത് സൗന്ദര്യം പലപ്പോഴും ഒരു വിപണിയാണ്. പരസ്യങ്ങൾ സൗന്ദര്യത്തിന് അളവുകോലുകൾ സൃഷ്ടിക്കുന്നു. സോഷ്യൽ മീഡിയ മുഖങ്ങൾക്ക് ഫിൽട്ടറുകൾ നൽകുന്നു. വിപണി ശരീരത്തെ ഉൽപ്പന്നമാക്കുന്നു. 'കാണാൻ യോഗ്യയാകുക' എന്ന അർത്ഥത്തിലേക്ക് 'സുന്ദരിയാകുക' എന്നത് പലപ്പോഴും ചുരുങ്ങുന്നു. പ്രത്യേകിച്ച് സ്ത്രീ ശരീരം ഒരു 'visual commodity' ആയി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, സ്ത്രീയെ ഒരു വ്യക്തിയായി കാണുന്നതിനേക്കാൾ ഒരു കാഴ്ചവസ്തുവായി കാണുന്ന പ്രവണത ശക്തമായി കൊണ്ടിരിക്കുന്നു.

ഫ്രെഡ്രിക്സണും റോബർട്ട്സും മുന്നോട്ടുവച്ച Objectification Theory ഈ സാഹചര്യത്തെ മനസ്സിലാക്കാൻ സഹായിക്കുന്നു. നിരന്തരമായ ശരീരപ്രദർശനവും സൗന്ദര്യത്തിന്റെ കൃത്രിമ അളവുകോലുകളും സ്ത്രീയെ, സ്വന്തം ശരീരത്തെ പുറത്തുനിന്നു നോക്കുന്ന ഒരു 'കാഴ്ച വസ്തു'വായി കാണാൻ പോലും ഇടയാക്കാം. ഇതിലൂടെ ശരീരത്തെ കുറിച്ചുള്ള അസംതൃപ്തിയും മാനസിക സമ്മർദ്ദവും വർധിക്കാം.

ഇസ്ലാമിക ദർശനത്തിൽ സ്ത്രീയുടെ സൗന്ദര്യം വിപണിയിലെ ദർശന വസ്തുവല്ല. അവളുടെ ശരീരവും വ്യക്തിത്വവും ലാഭേച്ഛയ്ക്കുള്ള ഉപകരണങ്ങളുമല്ല. അവളുടെ സൗന്ദര്യം അന്തസ്സോടെ സംരക്ഷിക്കേണ്ട ഒന്നാണ്. ഇത് സൗന്ദര്യത്തെ നിഷേധിക്കുന്നതല്ല, സൗന്ദര്യത്തിന് അതിന്റേതായ യഥാർത്ഥ മൂല്യം തിരികെ നൽകുകയാണ്.

_സ്ത്രീ: കാഴ്ചയിൽ നിന്ന് വ്യക്തിത്വത്തിലേക്ക്_

ഇസ്ലാമിൻറെ സൗന്ദര്യശാസ്ത്രം സ്ത്രീയെ ശരീരത്തിന്റെ അളവുകോലുകളിലൂടെ മാത്രം വായിക്കുന്നില്ല. അവളുടെ ബുദ്ധി, കരുണ, സ്വഭാവം, അറിവ്, ആത്മീയത, ആത്മാഭിമാനം - ഇവയെല്ലാം അവളുടെ സൗന്ദര്യത്തിന്റെ ഭാഗങ്ങളാണ്. ഒരു സ്ത്രീയുടെ മൂല്യം അവളുടെ മുഖത്തിന്റെ ആകൃതിയിലും ശരീരത്തിൻറെ അളവുകളിലും ഒതുങ്ങുന്നില്ല. "അവൾ കാണപ്പെടേണ്ട ഒരു വസ്തുവല്ല; ആദരിക്കപ്പെടേണ്ട ഒരു വ്യക്തിയാണ്"

അതുകൊണ്ടുതന്നെ ഇസ്ലാമിലെ സൗന്ദര്യശാസ്ത്രം സ്ത്രീത്വത്തിന് ഒരു

‘സംരക്ഷണകവചം’ നൽകുന്നു. സൗന്ദര്യത്തെ ചന്തയിലെ ഉപഭോഗ വസ്തുവാക്കാതെ, അതിനെ വിശുദ്ധിയുടെ പരിരക്ഷ നൽകുന്നു. ഇവിടെയാണ് ഇഹ്സാൻ സ്ത്രീത്വത്തിന്റെ ആത്മാഭിമാനമായി മാറുന്നത്.

സൗന്ദര്യം കണ്ണിൽ മാത്രമല്ല ബന്ധങ്ങളിലും ഉണ്ട്

ഖുർആൻ ദാമ്പത്യ ബന്ധത്തെ വിവരിക്കുമ്പോൾ പറയുന്ന ഒരു കാര്യമുണ്ട്: “നിങ്ങൾ അവരിൽ സമാധാനം കണ്ടെത്തേണ്ടതിനായി”- സൂറത്തു അർ-റൂം

ഇവിടെ സൗന്ദര്യത്തിന് മറ്റൊരു അർത്ഥം കൂടി ലഭിക്കുന്നു. സൗന്ദര്യം കേവലം കണ്ണിലെ ആകർഷിക്കുന്ന കാഴ്ചയല്ല. “ഒരു മനസ്സിന് സമാധാനം നൽകുന്നതും സൗന്ദര്യമാണ്.”

ഒരു മനുഷ്യൻറെ സാന്നിധ്യത്തിൽ മറ്റൊരാൾക്ക് സുരക്ഷിതത്വം തോന്നുമ്പോൾ, അവിടെ സൗന്ദര്യമുണ്ട്. ഒരു വാക്കുകൊണ്ടും മുറിവേൽപ്പിക്കാതെ ആശ്വസിപ്പിക്കുമ്പോൾ, അവിടെ സൗന്ദര്യമുണ്ട്. വീണു പോയവനെ ഉയർത്തെഴുന്നേൽക്കുമ്പോൾ, അവിടെ സൗന്ദര്യമുണ്ട്. ഒരു മനുഷ്യൻ തന്റെ ശക്തികൊണ്ട് മറ്റൊരാളെ അടിച്ചമർത്താൻ ഉപയോഗിക്കാതെ സംരക്ഷിക്കാൻ ഉപയോഗിക്കുമ്പോൾ, അവിടെയും സൗന്ദര്യമുണ്ട് അഥവാ ഇഹ്സാനുണ്ട്. അതിനാൽ ഇസ്ലാമിക സൗന്ദര്യശാസ്ത്രം ‘കാണാൻ മനോഹരം’ എന്നതിൽ നിന്ന് ‘അനുഭവിക്കാൻ മനോഹരം’ എന്നതിലേക്ക് സൗന്ദര്യത്തെ ഉയർത്തുന്നു.



_പ്രകൃതിയും ഇഹ്സാനും_

ഇസ്ലാം മനുഷ്യനെയും പ്രകൃതിയെയും വേർതിരിച്ചു നിർത്തുന്നില്ല. ആകാശത്തിന്റെ വിശാലത, പൂക്കളുടെ നിറം, മഴയുടെ തണുപ്പ്, പച്ചപ്പിന്റെ ശാന്തത, ഇവയെല്ലാം മനുഷ്യനെ അല്ലാഹുവിൻറെ സൗന്ദര്യത്തിലേക്ക് ക്ഷണിക്കുന്ന അടയാളങ്ങളാണ്. പ്രകൃതിയിലെ ക്രമവും സന്തുലിതാവസ്ഥയും ഇസ്ലാമിക സൗന്ദര്യ ദർശനത്തിൽ പ്രധാനമാണ്.

_ഇഹ്സാൻ: ജീവിതത്തിൻറെ സൗന്ദര്യബോധം_

ഇഹ്സാൻ പള്ളിയുടെ ചുവരുകൾക്കിടയിൽ മാത്രം ജീവിക്കുന്ന ആശയമല്ല. അധ്യാപകൻ അറിവ് സ്നേഹത്തോടെ പകർന്നു കൊടുക്കുമ്പോഴും, ഒരു മകൻ മാതാപിതാക്കളോട് സൗമ്യമായി പെരുമാറുമ്പോഴും, പഠിക്കുന്ന വിദ്യാർത്ഥി തന്റെ പഠനം ഏറ്റവും നന്നായി നിർവഹിക്കുമ്പോഴും , ഒരു വ്യാപാരി വഞ്ചിക്കാതെ കച്ചവടം ചെയ്യുമ്പോഴും, ഒരു മനുഷ്യൻ പ്രകൃതിയെ നശിപ്പിക്കാതെ സംരക്ഷിക്കുമ്പോഴും, ആരും കാണുന്നില്ലെങ്കിലും തെറ്റിൽ നിന്ന് വിട്ടു നിൽക്കുമ്പോഴും ഇവിടെയെല്ലാം ഇഹ്സാൻ തന്നെയാണ് രൂപപ്പെടുന്നത്, അതുകൊണ്ട് ഇഹ്സാൻ ഒരു പ്രത്യേക പ്രവർത്തി മാത്രമല്ല, “ജീവിതം മുഴുവൻ മനോഹരമാക്കുന്ന ഒരു മനോഭാവമാണ്.”

ലോകം മുഴുവൻ നമ്മോട് നിരന്തരം ചോദിച്ചു കൊണ്ടേയിരിക്കുന്ന ഒരു ചോദ്യമുണ്ട്; “നീയെങ്ങനെയാണ് കാണപ്പെടുന്നത്?”

എന്നാൽ ഇസ്ലാം ചോദിക്കുന്നത്, നിൻറെ മുഖം എത്ര മനോഹരമാണ് എന്നതിന് പകരം, നിൻറെ ഹൃദയമെത്ര ശുദ്ധമാണ്? നിൻറെ പെരുമാറ്റം എത്ര സുന്ദരമാണ്? നിൻറെ സാന്നിധ്യം മറ്റുള്ളവർക്ക് സമാധാനം നൽകുന്നുണ്ടോ? ഇങ്ങനെയുള്ളവയാണ്. അതിൽ നിന്നുതന്നെ ഇസ്ലാമിക സൗന്ദര്യശാസ്ത്രത്തിൽ എന്താണ് ഉൾക്കൊള്ളുന്നത് എന്ന് നമുക്ക് മനസ്സിലാക്കാം.

സൗന്ദര്യം മുഖത്തിന്റെ നിറത്തിലല്ല; മനസ്സിൻറെ വെളിച്ചത്തിലാണ്. സൗന്ദര്യം ശരീരത്തിന്റെ ആകൃതിയിലല്ല;സ്വഭാവത്തിന്റെ ആഴത്തിലാണ്. സൗന്ദര്യം കാണപ്പെടുന്നതിലല്ല; മറ്റുള്ളവരുടെ ജീവിതത്തിൽ നന്മയായി അവശേഷിക്കുന്നതിലാണ്.

മനോഹരമായി നിസ്കരിക്കുക,മനോഹരമായി സംസാരിക്കുക,മികച്ച രീതിയിൽ ജോലി ചെയ്യുക, മനോഹരമായി പ്രകൃതിയെ സംരക്ഷിക്കുക, എല്ലാ ബന്ധങ്ങളും മനോഹരമായി കൊണ്ടുപോകുക,മനുഷ്യനെ വേണ്ട രീതിയിൽ പരിഗണിക്കുക - ഇതെല്ലാമാണ് ഇഹ്സാൻ നമ്മെ പഠിപ്പിക്കുന്നത്. അങ്ങനെ ഒരു മനുഷ്യൻറെ ജീവിതം തന്നെ ഒരു സൗന്ദര്യ സാക്ഷ്യമായി മാറട്ടെ.

കാരണം, ഇസ്ലാമിൻറെ സൗന്ദര്യശാസ്ത്രത്തിൽ ഏറ്റവും മനോഹരമായ കാഴ്ച ഒരു മനോഹരമായ മുഖമല്ല; “അല്ലാഹുവിനെ ഓർത്തുകൊണ്ട് മനോഹരമായ ജീവിതം നയിക്കുന്ന ഒരു ഹൃദയമാണ്.”

മൗനത്തിന്റെ മന്ദഹാസം

രാത്രിയുടെ യാമങ്ങളിൽ നക്ഷത്രവും
ആകാശക്കരയിൽ ലയിച്ചുപോകുന്ന നേരം,

മഞ്ഞുതുള്ളി ചാർത്തിയൊരു പൂവുപോലെ റൂഹ്
നിശ്ശബ്ദമായി വിറച്ചിരുന്നു.
ദൂരെയെവിടെയോ
ഉറങ്ങാതെ കാത്തിരിക്കുന്ന കടൽപോലെയൊരു
പ്രാർത്ഥന
ഹൃദയത്തിനുള്ളിൽ തിരയടിച്ചിരുന്നു.
പറയാൻ വാക്കുകളില്ലായിരുന്നു.
പക്ഷേ
മണ്ണിന് ദാഷയറിയാം.
കണ്ണീരിന് വഴിയറിയാം.
തളർന്ന നെറ്റി
ഭൂമിയുടെ നെഞ്ചിലേക്കാഴ്ന്ന നിമിഷം,
ഒരു വിത്ത് മരമാകുന്നത് പോൽ...
പ്രകാശം ആത്മാവിന്റെ ആഴങ്ങളിൽ ഉദിച്ചുയരുന്നു.
അത് ചിരിയായിരുന്നോ?
അതോ, നൂറ്റാണ്ടുകളായി അടച്ചിട്ട ജനാലയിലൂടെ
ആദ്യമായി കടന്നുവന്ന പുലരിയുടെ കിരണമോ?
അത് ചിരിയായിരുന്നോ?
അതോ, വെയിലേറ്റ് വാടിയ ഇലയിലേക്ക്
മഴത്തുള്ളി വീഴുമ്പോഴുള്ള
ഭൂമിയുടെ നിശ്ശബ്ദ നന്ദിയോ?
എനിക്കറിയില്ല.
ആ നിമിഷം

എന്റെ കണ്ണീരിന് സുഗന്ധമുണ്ടായിരുന്നു.

എൻ മൗനത്തിന് സംഗീതമുണ്ടായിരുന്നു.

നെറ്റിയിൽ ചേർന്ന മണ്ണിന്
സ്വർഗത്തിന്റെ തണുപ്പുണ്ടായിരുന്നു.

ചുണ്ടിലല്ല,
ആത്മാവിലാണത് വിരിഞ്ഞത്.

ആരും കാണാത്ത,ആരും കേൾക്കാത്ത,
അർഷിന്റെ നാഥൻ മാത്രം അറിയുന്ന
സുജൂദിലെ ചിരി.



അൽഗോരിതങ്ങൾക്കിടയിൽ

ഹസ്ന ഫദീല



രാത്രി പതിനൊന്നര കഴിഞ്ഞിരുന്നു. നഗരത്തിന്റെ തിരക്കുകൾ പതുക്കെ പതുക്കെ പിൻവാങ്ങിയിരുന്നു. റോഡിലൂടെ ഇടയ്ക്കിടെ കടന്നുപോയ വാഹനങ്ങളുടെ വെളിച്ചം മാത്രം മുറിയുടെ ചുമരിൽ വന്നു മാഞ്ഞു കൊണ്ടിരുന്നു . അനാമിക ഫോണിന്റെ വെളിച്ചത്തിൽ മുഖം താഴ്ത്തിയിരിക്കുന്നു . താഴെ നിന്ന് മുകളിലേക്ക് വിരൽ നീങ്ങിക്കൊണ്ടിരിന്നു.

ഒരു വീഡിയോ.. പിന്നെ മറ്റൊന്ന്,
ഒരു പെൺകുട്ടിയുടെ വിവാഹം, ഒരു കുഞ്ഞിന്റെ പുഞ്ചിരി , ഒരു അപകടത്തിന്റെ ദൃശ്യം,ഒരു രാഷ്ട്രീയ പ്രസംഗം, ഒരു മരണവാർത്ത, ഒരു പ്രണയകവിത,വീണ്ടും ഒരു പരസ്യം, അങ്ങനെ ഒന്നിലൊന്നും നിൽക്കാതെ തുടർന്നുകൊണ്ടിരുന്നു.

അവൾ ഒന്നിലും അധികനേരം നിന്നില്ല, ഓരോന്നായി പുതുതായ കാര്യങ്ങൾ തിരഞ്ഞുകൊണ്ടിരുന്നു.

എന്നാൽ അവൾ എവിടെയാണ് നിൽക്കുന്നതെന്ന് മറ്റാരോ കൃത്യമായി ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഇത്രയും നേരം ഫോണിൽ എന്താ നോക്കുന്നത് എന്ന അമ്മയുടെ ശബ്ദം മുറിയുടെ വാതിൽക്കൽനിന്ന് കേട്ടു .

ഒന്നുമില്ല എന്നായിരുന്നു അവളുടെ മറുപടി.
ഒന്നുമില്ലാത്തതാണോ ഇത്രയും നേരം എന്ന അമ്മയുടെ ചോദ്യത്തിന് അവൾ ചിരിച്ചുകൊണ്ട് ലോകം നോക്കുവാ അമ്മേ എന്ന് പറഞ്ഞു.

അമ്മ അവളെ നോക്കി ചോദിച്ചു.

ലോകമോ അതോ ഫോണോ...?

അവൾ മറുപടി ഒന്നും പറഞ്ഞില്ല.

അടുത്ത ദിവസം രാവിലെ അവളുടെ സ്ക്രീനിൽ വന്ന ആദ്യവാർത്ത ഒരു അപകടത്തെക്കുറിച്ചായിരുന്നു. അവൾ അത് തുറന്നു നോക്കി . വാർത്ത വായിച്ചു. അവൾക്ക് പരിചയമില്ലാത്ത ഒരാളുടെ മരണം.

പക്ഷേ അതിനുശേഷം വന്ന ഓരോ വീഡിയോയും അതേ തരത്തിലുള്ളതായിരുന്നു. അപകടങ്ങൾ, മരണങ്ങൾ, വേദനകൾ, അവൾ ഫോൺ അവിടെ ഓഫാക്കി വെച്ചു .

അഞ്ചു മിനിറ്റിന് ശേഷം വീണ്ടും തുറന്നു നോക്കി,വീണ്ടും അതേ ലോകം തന്നെ.അന്ന് ഉച്ചയ്ക്ക് അവൾ സുഹൃത്ത് റഹ്മാനോട് ചോദിച്ചു..

നമ്മൾ നോക്കുന്നതെല്ലാം ഫോൺ എങ്ങനെ മനസ്സിലാക്കുന്നു...? അത് എന്തുകൊണ്ടാണ്...?

അവൻ പറഞ്ഞു: അത് അൽഗോരിതമാണ്....

നീ എന്ത് കാണുന്നു? എത്ര നേരം കാണുന്നു? എന്ത് ലൈക്ക് ചെയ്യുന്നു? എന്ത് ഒഴിവാക്കുന്നു? എല്ലാം അത് പഠിക്കും.....

പിന്നെ നിനക്ക് ഇഷ്ടപ്പെടാൻ സാധ്യതയുള്ളത് വീണ്ടും വീണ്ടും കാണിച്ചുകൊണ്ടിരിക്കും ...

അനാമിക കുറച്ചുനേരം മിണ്ടാതിരുന്നു.

അപ്പോൾ നമ്മൾ ഫോൺ ഉപയോഗിക്കുന്നതാണോ..? എന്ന അവളുടെ ചോദ്യത്തിന് അവൻ അതെ എന്ന് പറഞ്ഞു...

അതോ ഫോൺ നമ്മളെയാണോ ഉപയോഗിക്കുന്നത്...?
എന്ന ചോദ്യത്തിന് റഹ്മാൻ ഇത്തവണ ചിരിച്ചില്ല.

അന്ന് വൈകുന്നേരം അവൾ ഒരു പഴയ സുഹൃത്തിന്റെ പ്രൊഫൈൽ കണ്ടു. അഞ്ചു വർഷമായി സംസാരിച്ചിട്ടില്ലാത്ത നിഹാൽ. അവൾ അവന്റെ ചിത്രം തുറന്നുനോക്കി . ഒരു ചിത്രം പിന്നേ അടുത്ത ചിത്രം പിന്നെ മറ്റൊന്ന്....

അവന്റെ ജീവിതം അവളുടെ മുന്നിൽ ഒരു സിനിമപോലെ തുറന്നു...

യാത്രകൾ, സന്തോഷങ്ങൾ, പുതിയ സുഹൃത്തുക്കൾ, പുതിയ ജോലി, പുഞ്ചിരികൾ, അവൻ എത്ര സന്തോഷത്തിലാണ് എന്ന് അവൾ അറിയാതെ പറഞ്ഞു...

അന്ന് രാത്രി അവൾ സ്വന്തം ജീവിതത്തിലേക്ക് നോക്കി... അവിടെ ഒന്നും അവൾക്ക് പോസ്റ്റ് ചെയ്യാനുണ്ടായിരുന്നില്ല. അവൾക്ക് തോന്നി തന്റെ ജീവിതം മറ്റുള്ളവരുടെ ജീവിതത്തേക്കാൾ ചെറുതാണെന്ന്.

അടുത്ത ദിവസങ്ങളിൽ അവൾ കൂടുതൽ സമയം സ്ക്രീനിൽ ചെലവഴിച്ചു. മറ്റുള്ളവരുടെ സന്തോഷങ്ങൾ നോക്കിയിരുന്നു . സ്വന്തം കുറവുകൾ എണ്ണി, മറ്റുള്ളവരുടെ വിജയങ്ങൾ കണ്ടു.

സ്വന്തം പരാജയങ്ങൾ ഓർത്തു. ഒരു ദിവസം അവൾ കണ്ണാടിക്കുമുന്നിൽ നിന്നു.

എനിക്ക് എന്താണ് കുറവ്...? എന്ന് അവൾ സ്വയം ചോദിച്ചു.

കണ്ണാടി ഒന്നും പറഞ്ഞില്ല. ഫോൺ മാത്രം മേശപ്പുറത്ത് കിടന്ന് തെളിഞ്ഞു.

അതിൽ ഒരു പുതിയ വീഡിയോ, നിങ്ങൾ സന്തോഷവതിയല്ലെങ്കിൽ കാരണം ഇതാണ് എന്ന ഒരു തലക്കെട്ട് കാണാനിടയായി.

അവൾ ആ വീഡിയോ തുറന്നു. അതുകഴിഞ്ഞു അടുത്തത്,പിന്നെ മറ്റൊന്ന്.

അവളുടെ അസന്തോഷത്തിനും ഇപ്പോൾ പരസ്യം ഉണ്ടായിരുന്നു.

അന്നാണ് അവൾ ഫോൺ ഓഫ് ചെയ്തത്. ആദ്യമായി ഒരു മണിക്കൂർ, പിന്നെ ഒരു ദിവസം, പിന്നെ ഒരാഴ്ച.

ആദ്യ ദിവസങ്ങളിൽ ലോകം അവളെ മറന്നുപോയതുപോലെ അവൾക്ക് അനുഭവപ്പെടാൻ തുടങ്ങി .

പിന്നീട് അവൾ ശ്രദ്ധിച്ചു. ലോകം അവളെ മറന്നിരുന്നില്ല. അവൾ തന്നെയായിരുന്നു ലോകത്തെ മറന്നിരുന്നത്.

വീടിന്റെ മുറ്റത്ത് ഏറെ നാളായി സംസാരിക്കാത്ത അയൽവാസി അമ്മയെ കണ്ടു, ബസ് സ്റ്റോപ്പിൽ ദിവസവും നിൽക്കുന്ന വയോധികനെ കണ്ടു,വഴിയരികിൽ പുസ്തകം വിൽക്കുന്ന ബാലനെ കണ്ടു, മഴ പെയ്തപ്പോൾ കുടയില്ലാതെ ഓടുന്ന മനുഷ്യനെ കണ്ടു. ഫോണിൽ ഒരിക്കലും പ്രത്യക്ഷപ്പെടാത്ത ഒരുപാട് മനുഷ്യർ അവൾക്ക് ചുറ്റുമുണ്ടായിരുന്നു.

അന്ന് വൈകുന്നേരം റഹ്മാൻ വീണ്ടും വന്നു. ഇപ്പോഴും ഫോൺ ഉപയോഗിക്കാറില്ലേ...? എന്ന് അവൻ ചോദിച്ചു.

ഉപയോഗിക്കും എന്ന് അവൾ പറഞ്ഞു.

പിന്നെ അവൾ കുറച്ചുനേരം മിണ്ടാതിരുന്നു. പക്ഷേ ഇനി അത് എന്നെ എന്ത് കാണിക്കണം എന്ന് തീരുമാനിക്കില്ല,എന്ന് അവൾ പറഞ്ഞു.

റഹ്മാൻ ചിരിച്ചു.

അത് അത്ര എളുപ്പമല്ല എന്ന് അവൻ പറഞ്ഞു. അറിയാം എന്ന് അവൾ മറുപടി നൽകി.

പക്ഷേ ഒരു കാര്യം മനസ്സിലായി എന്നും അവൾ പറഞ്ഞു. അൽഗോരിതം എന്റെ ഇഷ്ടങ്ങൾ പഠിച്ചു .

ഫോൺ കൈയിലെടുത്തുകൊണ്ട് അവൾ പറഞ്ഞു, എന്റെ തീരുമാനങ്ങൾ പഠിപ്പിക്കേണ്ടത് ഞാനാണ്...

ആ രാത്രി വീണ്ടും അവൾ ഫോൺ തുറന്നു,സ്ക്രീനിൽ അനവധി മുഖങ്ങൾ, അനവധി ശബ്ദങ്ങൾ,അനവധി ലോകങ്ങൾ...

അവൾ പതുക്കെ സ്ക്രീൻ താഴെ നിന്ന് മേലോട്ട് നീക്കി .

ഒരു വീഡിയോ സ്ക്രീനിൽ പതിഞ്ഞു .

നിങ്ങൾക്ക് ഇഷ്ടപ്പെടാൻ സാധ്യതയുള്ളത് എന്നെഴുതിയിരുന്നു. അവൾ അത് നോക്കി കണ്ണോടിച്ചു,പുഞ്ചിരിച്ചു.

പിന്നെ ഫോൺ മേശപ്പുറത്ത് വെച്ചു.ജനാല പതിയെതുറന്നു, പുറത്തു മഴ പെയ്യുകയായിരുന്നു...

ആ മഴയ്ക്ക് ഒരു അൽഗോരിതവും ഉണ്ടായിരുന്നില്ല...

ആ കാറ്റിന് ആരുടെയും ഇഷ്ടം അറിയില്ലായിരുന്നു...

ആകാശം ആരെയും ലക്ഷ്യമിട്ട് നിറം മാറ്റിയിരുന്നില്ല...

അവൾ കുറച്ചുനേരം മഴ നോക്കിനിന്നു. അപ്പോൾ അവൾക്ക് മനസ്സിലായി... അൽഗോരിതങ്ങൾ നമ്മളെക്കുറിച്ച് ഒരുപാട് പഠിച്ചുകൊണ്ടിരിക്കുകയാണ്.
നമ്മുടെ ഇഷ്ടങ്ങൾ,നമ്മുടെ ഭയങ്ങൾ, നമ്മുടെ ദൗർബല്യങ്ങൾ, നമ്മുടെ ഏകാന്തത അങ്ങനെ പലതും...

പക്ഷേ നമ്മൾ നമ്മളെക്കുറിച്ച് പഠിക്കുന്നത് നിർത്തിയാൽ അവരുടെ കണക്കുകളിൽ ഒതുങ്ങുന്ന ഒരു ജീവിതം മാത്രമായിരിക്കും ബാക്കി.

അന്ന് രാത്രി അവൾ ഫോൺ ഓഫ് ചെയ്തില്ല. സ്വയം ഓൺ ചെയ്യുകയായിരുന്നു .

Hasna Fadheela
Mundakkottukurussi

പ്രകൃതിയുടെ ഇസ്ലാമിക വായന

“ചിന്തിക്കുക ചിന്തിക്കുന്നവർക്ക്” ദൃഷ്ടാന്തമുണ്ട് പ്രപഞ്ചലോകത്തിൽ മനോഹരമായ അത്ഭുതങ്ങളിൽ ഒന്നാണ് പ്രകൃതി ഒറ്റമില്ലാത്ത സൗന്ദര്യഭംഗി പ്രകൃതിയിൽ കാണാൻ സാധിക്കും കടൽ ആകാശം ഭൂമി നദി തടാകം മലനിരകൾ സസ്യ ജീവജാലങ്ങൾ ഉൾപ്പെടുന്ന പ്രകൃതിയുടെ മനോഹാരിതയാണ് ഓരോ സൃഷ്ടി വൈഭവവും സർവ്വോപരി പ്രപഞ്ചലോക രക്ഷിതാവായ അല്ലാഹുവിന്റെ ശക്തിയുടെയും ജ്ഞാനത്തിന്റെയും മഹത്തായ അടയാളങ്ങളുടെ തുരുത്തായി നമുക്ക് പ്രകൃതിയെ കാണാം

“ഖുർആൻ പറയുന്നു: തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും രാവും പകലും മാറിമാറി വരുന്നതിനും ബുദ്ധിയുള്ളവർക്ക് ദൃഷ്ടാന്തമുണ്ട്”

ഖുർആനിക വചനം പ്രകൃതിയുടെ ഉള്ളറകളിലേക്ക് വിരൽചൂണ്ടുന്ന പ്രകൃതിയിലെ ഓരോ കാഴ്ചയും ലോക മനുഷ്യർക്ക് ചിന്തിക്കാനുള്ള വലിയ വിജ്ഞാനം ഒളിഞ്ഞിരിപ്പുണ്ട് പകൽ മാത്രം കാണപ്പെടുന്ന സൂര്യൻ രാത്രി പ്രത്യക്ഷപ്പെടുന്ന ചന്ദ്രൻ ഇരുണ്ടു മൂടുന്ന കാർമേഘം സെക്കന്റുകൾ കൊണ്ട് വെളിച്ചമാകുന്ന ആകാശം പക്ഷികളുടെ കളകൾ ആരവം സൂചിമുനപോലെ നിലകൊള്ളുന്ന കൂറ്റൻ പാറകൾ കുന്നുകൾ മലകൾ എന്നിവയെല്ലാം അല്ലാഹുവിന്റെ സൃഷ്ടിപ്പ് നമ്മെ ഓർമ്മപ്പെടുത്തുന്നു അതുകൊണ്ട് ആണ് മുസ്ലിം പ്രപഞ്ചാത്ഭുതം കാണുമ്പോൾ അല്ലാഹുവിനെ സ്തുതിക്കുന്നത് പ്രപഞ്ചരക്ഷിതാവിനെ കുറിച്ചുള്ള ചിന്താശേഷിയും ഓർമ്മപ്പെടുത്തലും ആണ്.

ഭൂമി ജീവന്റെ വാസസ്ഥലം

പ്രപഞ്ചത്തിലെ ഓരോ പടപ്പും അല്ലാഹുവിന്റെ സൃഷ്ടിയാണെന്ന് ഖുർആനിക സൂക്തം തന്നെ ചിന്താശേഷി വർദ്ധിപ്പിക്കുന്നതാണ്. മനുഷ്യർക്ക് ജീവിക്കാനുള്ള അനുഗ്രഹവും ബർക്കത്തും അല്ലാഹു നൽകുന്നതുപോലെ ജീവജാലങ്ങളുടെ സൃഷ്ടിപ്പും അല്ലാഹുവാണ്. മനുഷ്യർക്ക് ഉതകുന്ന രീതിയിൽ മാത്രമല്ല ഈ പ്രപഞ്ചോല്പത്തിയുടെ സൃഷ്ടിപ്പ് ഈ കാര്യത്തിൽ ഖുർആനിക വചനം തന്നെ നമുക്ക് ഓർമ്മപ്പെടുത്തൽ നൽകുന്നു

“അല്ലാഹു തആല പറയുന്നു ജീവജാലങ്ങൾക്കായി ഭൂമിയെ അവൻ ഒരുക്കി വെച്ചിരിക്കുന്നു”

സസ്യമൃഗാദികൾക്കും ഭൂമിയിലുള്ള അനേകം ജീവജാലങ്ങൾക്കും വസിക്കാൻ ആവശ്യമായ സാഹചര്യവും ഭൂമിയിൽ അല്ലാഹു ഒരുക്കിയിരിക്കുന്നു പ്രകൃതിയിൽ നാം കാണുന്ന ഓരോ ഘടകവും മറ്റൊന്നിനോട് ബന്ധപ്പെട്ട് കിടക്കുന്നു

സസ്യങ്ങൾ --- ഓക്സിജൻ നൽകുന്നു
മഴ--- ജലസ്രോതസ്സ് നൽകുന്നു
മണ്ണ്--- സസ്യ വളർച്ചയ്ക്ക് സഹായകരം
സത്യം മൃഗം -- മനുഷ്യർക്ക് ഭക്ഷണം വിഭവം

മനുഷ്യനാണെങ്കിലും ജീവജാലങ്ങൾ ആണെങ്കിലും ഈ ഭൂമിയിൽ ജീവിക്കണമെങ്കിൽ ഓക്സിജൻ അനിവാര്യമാണ് ജീവന്റെ നിലനിൽപ്പ് പോലും അതിന് അടിസ്ഥാനമാക്കിയാണ് മഴ വർഷിക്കുന്നത് വെറും പ്രകൃതിദത്തമായി മാത്രം നമുക്ക് കണക്കാക്കാൻ സാധിക്കില്ല പക്ഷേ അത് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് കൂടെയാണ്. സസ്യങ്ങൾ മുളപൊട്ടുന്നതും അവ വളരുന്നതും മനുഷ്യന്റെ നിലനിൽപ്പും ജലത്തിന് ഉടമപ്പെട്ടാണ്.ആഹാരം ഇല്ലെങ്കിൽ ഒരു ദിവസം വെള്ളം കൊണ്ട് നീക്കം എന്നാൽ മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ അനിവാര്യമായ ഒന്നാണ് ജലം ഈ സ്രോതസിന്റെ ഉറവിടം പ്രപഞ്ചസൃഷ്ടാവായ അല്ലാഹുവിന്റെ അടുക്കൽ നിന്നാണ്. മാതാവിന്റെ കൈക്കുമ്പിളിൽ ആണ് ഒരു കുഞ്ഞു ജീവന്റെ തുടിപ്പെങ്കിൽ പ്രപഞ്ചോല്പത്തിയുടെ സൃഷ്ടിപ്പ് ഏക ഇലാഹിനു മാത്രമാണ്. മനുഷ്യാവകാശം പോലെ തന്നെ സസ്യമൃഗാദികൾക്കും ഈ ഭൂമിയിൽ



പ്രകൃതിയും തൗഹീദും

അല്ലാഹു ഏകനാണെന്ന് ദീനുൽ ഇസ്ലാമിന്റെ അടിസ്ഥാന വിശ്വാസമാണ്

“ഖുർആനിൽ പറയുന്നു അല്ലാഹു എല്ലാ വസ്തുക്കളുടെയും ശ്രഷ്ടാവാണ്”

ഇസ്ലാം പ്രകൃതിയെ ആരാധിക്കാൻ പഠിപ്പിക്കുന്നില്ല എന്നാൽ പ്രകൃതിക്ക് നിരക്കാത്തത് ചെയ്യാനും പാടില്ല പ്രകൃതി സൃഷ്ടിച്ച റബ്ബിനെ ആരാധിക്കണം സൂര്യനെ ചന്ദ്രനെ പ്രകൃതിയുടെ മനോഹാരിത കാണുമ്പോൾ അള്ളാഹുവിനെയാണ് ഓർക്കേണ്ടത്

ജീവജാലങ്ങളിലും തൗഹീദിന്റെ അടയാളങ്ങൾ കാണാം തേനീച്ചയുടെ ജീവിതക്രമം, പക്ഷികളുടെ കൂടുണ്ടാക്കുന്ന രീതി, ഉറുമ്പുകളുടെ കൂട്ടായ പ്രവർത്തനം ഇവയെല്ലാം നമുക്ക് തൗഹീദിന്റെ അടയാളങ്ങൾ കാണാൻ സാധിക്കും

“പ്രകൃതിയിൽ കാണപ്പെടുന്ന ചെറിയ മധ്യവാഹിനി അതായത് തേനീച്ച ഇവയെക്കുറിച്ച് ആധുനിക ലോകത്തെ ശാസ്ത്രജ്ഞർ പ്രവചിച്ച അതേ കാര്യമാണ് 1400 വർഷങ്ങൾക്കു മുന്നേ ഖുർആനിൽ പ്രതിപാദിച്ചത്. ഷഡ്ബുജകൃതിയിൽ കൃത്യമായി അറകൾ നിർമ്മിച്ച ഓരോ അറയിലും തേൻ നിറക്കാൻ തേനീച്ചക്ക് ആരാണ് എൻജിനീയറിങ് പണി പഠിപ്പിച്ചത്? അല്ലാഹു തേനീച്ചക്ക് ബോധനം നൽകിയത് പറയുന്നുണ്ട് മലകളിലും വൃക്ഷങ്ങളിലും മനുഷ്യർ കെട്ടിയുയർത്തുന്നതിലും കൂടുകൂട്ടാനും ഭക്ഷണം ശേഖരിക്കാനും അതിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്നത് ഔഷധമാണെന്നും പഠിപ്പിക്കുന്നു. ചെറിയ രണ്ട് ആയത്തിൽ വലിയ അത്ഭുതമാണ് ഒതുക്കി വച്ചിരിക്കുന്നത് ആധുനികലോകം ഇത്രയും വളർന്നിട്ടും ചിലരെങ്കിലും ധരിച്ചു വെച്ചിരിക്കുന്നത് പൂവിൽ നിന്നും മാത്രമാണ് തേൻ ശേഖരിക്കുന്നത് എന്നാണ് സ്കൂൾ പാഠപുസ്തകങ്ങളിൽ പോലും അങ്ങനെയാണ് പഠിപ്പിച്ചിരുന്നത് എന്നതാണ് കൗതുകം അവിടെയാണ് ഖുർആനിക വചനം നമുക്ക് വെളിച്ചം പകരുന്നത്

“ എല്ലാ ഫലത്തിൽ നിന്നും നീ ഭക്ഷിക്കുക”

ഇന്ന് പ്രയോഗിച്ചത് തേനീച്ച പല ഭക്ഷണങ്ങൾ കഴിക്കുന്നുണ്ട് എന്നതിന് തെളിവാണ് മലകളിലും വൃക്ഷങ്ങളിലും വീട് കെട്ടി ഉയർത്താനും ഭക്ഷണം ശേഖരിക്കാനും ഉപയോഗിച്ചത് , ഇത്തഹദീ, കുലീ, ഇതരത്തിലുള്ള സ്ത്രീലിംഗത്തെയാണ് ഇവിടെ ഉപയോഗിച്ചത്

പെൺ തേനീച്ചയെ അഭിസംബോധന ചെയ്താണ് ഇവിടെ പറയുന്നത് എന്താണ് കാരണം മൂന്നുതരം തേനീച്ചകൾ ആണ് കാണാൻ സാധിക്കുന്നത് ഒരു റാണി തേനീച്ച മടിയൻ ഈച്ച എന്ന ആൺ തേനീച്ച പിന്നെ ജോലിക്കാരികളായ പെൺ തേനീച്ച, ആൺ തേനീച്ച ഇണ ചേരാൻ മാത്രം റാണി തേനീച്ച മുട്ടയിടുന്നു അതുകഴിഞ്ഞ് ബാക്കിയുള്ളതെല്ലാം ജോലിക്കാരികളായ തേനീച്ചകളാണ് ചെയ്യുന്നത്. ഇതുകൊണ്ടാണ് ഇവിടെ സ്ത്രീ ലിംഗത്തെ അഭിസംബോധന ചെയ്ത് പറയുന്നത് ഒരു സെക്കൻഡിൽ തേനീച്ച 200 തവണ ചിറകടിക്കുന്നു 450 ഗ്രാം തേൻ ശേഖരിക്കാൻ 1600 പ്രാവശ്യം യാത്ര നടത്തുന്നു ഈ ഭൂമിയെ വലയം വയ്ക്കുന്നതിന് തുല്യമാണ്.

ലോകത്തെ 90% സസ്യ വൃക്ഷലതാദികൾ തമ്മിൽ പരാഗണം നടക്കുന്നതിന് തേനീച്ച വലിയ പങ്കുവഹിക്കുന്നു ഇതിനുള്ള കഴിവ് ആരാണ് നൽകിയത്? നമ്മുടെ പ്രകൃതിയിൽ കാണപ്പെടുന്ന സസ്യ വൃക്ഷലതാദികൾ തമ്മിൽ പരാഗണം ചെയ്യാൻ തേനീച്ച പങ്കു വഹിക്കുന്നു എന്നത് അത്ഭുതകരമായ ഒന്നാണ് ഈ പ്രപഞ്ചത്തിലെ സൃഷ്ടിപ്പും അത്ഭുതവും അല്ലാഹുവാണ് തേനീച്ച നമുക്ക് ചിന്തിക്കാൻ ഒരു ഉദാഹരണം മാത്രം ഇതിലും ഉപരി അല്ലാഹുവിന്റെ മാർഗനിർദ്ദേശവും ജ്ഞാനവും കാണാൻ നമ്മെ പ്രേരിപ്പിക്കുന്നു

“ദൃഢവിശ്വാസമുള്ളവർക്ക് ഭൂമിയിൽ തന്നെ പല അടയാളങ്ങളുണ്ട്”

* പക്ഷികൾ കൂടുണ്ടാക്കുന്ന രീതി-

പ്രകൃതിയെ അത്ഭുതകരമായ ഒരു സൃഷ്ടി വൈഭവം ആണ് ഒരു ചെറിയ ചില്ലകൾ പുല്ലുകൾ ഇലകൾ നാരുകൾ തുടങ്ങിയവ ശേഖരിച്ചു ഓരോ പക്ഷിയും അവർക്ക് അനുസൃതമായ രീതിയിൽ കൂടുണ്ടാക്കുന്നു ഇത്രയും കൃത്യമായി ആര് നൽകി ? കൂടുണ്ടാക്കാൻ ആവരെ ആര് പഠിപ്പിച്ചു? മനുഷ്യനെപ്പോലെ പഠിക്കുകയോ പരിശീലിക്കുകയോ ചെയ്യാത്ത ഇവയ്ക്ക് എങ്ങനെ ഇതിനു സാധിക്കുന്നു പരിശീലനങ്ങൾ ഇല്ലാതെ ജന്മ സിദ്ധിയിലാണ് അവ കൂടുകൂട്ടുന്നത് ഇത് അല്ലാഹു ഓരോ സൃഷ്ടിക്കും നൽകിയ മാർഗ്ഗനിർദേശത്തിന് ഒരു ഉദാഹരണമാണ് അതുകൊണ്ട് ഒരു പക്ഷി കൂടുണ്ടാക്കുന്നത് കാണുമ്പോൾ ഒരു മുസ്ലിം അതിന്റെ സൗന്ദര്യഭംഗി മാത്രം ആസ്വദിക്കാതെ സുബ്ഹാനള്ളാ എത്ര ചെറിയ ജീവികൾ പോലും ഇത്ര കൃത്യമായ കഴിവ് നൽകിയ അല്ലാഹു എത്ര മഹാനാണ് എന്ന് ചിന്തിക്കുക.

ചെറിയ വൃക്ഷത്തിൽ നിന്നും വലിയ വൃക്ഷം വളരുന്നത് ചിന്തിക്കാം അതിനാവശ്യമായ മണ്ണും വെള്ളവും വളവും വെളിച്ചവും കാറ്റും തണലും എല്ലാം കൃത്യമായി രീതിയിൽ

ലഭിക്കുന്നു ഓരോ മണ്ണിൽ നിന്നും വ്യത്യസ്ത വർണ്ണങ്ങളിൽ ഉള്ള ഫലവും ലഭിക്കുന്നു ഈ വൈവിധ്യത്തിന് പിന്നിലെ അത്ഭുതകരമായ ക്രമീകരണം അല്ലാഹുവിന്റെ അപാരമായ ജ്ഞാനത്തിന്റെയും ശക്തിയും വ്യക്തമാക്കുന്നു. വരണ്ട ഭൂമിയിൽ മഴപെയ്തിറങ്ങുമ്പോൾ ചെടികൾ മുളക്കുകയും പ്രകൃതി വീണ്ടും പച്ചപിടിക്കുകയും ചെയ്യുന്നു ഇതെല്ലാം യാദൃശ്ചികമായ സംഭവങ്ങളെല്ല സർവ്വശക്തനായ അല്ലാഹുവിന്റെ നിയന്ത്രണത്തിലുള്ള സൃഷ്ടി വ്യവസ്ഥയാണ്. പ്രകൃതിയെക്കുറിച്ച് ചിന്തിക്കുന്നത് വെറും അറിവ് നേടുന്നതിനായി മാത്രമല്ല അത് മനുഷ്യന്റെ ഈമാൻ ശക്തിപ്പെടുത്താൻ ഉള്ള മാർഗം കൂടിയാണ് തേനീച്ച പക്ഷി ലതാദികൾ തുടങ്ങിയ പ്രകൃതിയെ ഓരോ വസ്തു കാണുമ്പോഴും കേൾക്കുമ്പോഴും അവന്റെ ഹൃദയത്തിൽ തൗഹീദിന്റെ ബോധം വർദ്ധിക്കുന്നു.

| പ്രകൃതി ഒരു അമാനത്ത്

ഇസ്ലാം മനുഷ്യനെ ഭൂമിയുടെ ഉടമയായി മാത്രമല്ല കാണുന്നത് ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വമുള്ള സംരക്ഷകനായി കാണുന്നു ഭൂമിയിലെ വിഭവങ്ങൾ മനുഷ്യന് ഉപയോഗിക്കാം എന്നാൽ അവ ദുരുപയോഗം ചെയ്യാൻ പാടില്ല. മരങ്ങൾ വെട്ടി നശിപ്പിക്കൽ ജലം പാഴാക്കൽ മാലിന്യം വലിച്ചെറിയൽ ജീവജാലങ്ങളെ അനാവശ്യമായി ഉപദ്രവിക്കൽ തുടങ്ങിയവ ഇസ്ലാമിക മൂല്യങ്ങൾക്ക് വിരുദ്ധമാണ് 2024 ജൂലൈ 30ന് വയനാട്ടിലെ മുണ്ടക്കൽ ചൂരൽ മല പുഞ്ചിരി മട്ടം മേഖലകളിൽ ഉണ്ടായ വൻ ഉരുൾപൊട്ടൽ കേരളത്തിൽ നടക്കിയ മഹാദുരന്തമായിരുന്നു ശക്തമായ മഴയെ തുടർന്ന് ഉണ്ടായ ഉരുൾപൊട്ടൽ വീടുകളും റോഡുകളും പാലങ്ങളും അടിസ്ഥാന സൗകര്യങ്ങളും തകർത്തു നിരവധി മനുഷ്യജീവനുകൾ നഷ്ടപെടുകയും അനേകം കുടുംബങ്ങൾക്ക് അവരുടെ വീടും ഉപജീവനമാർഗ്ഗവും നഷ്ടപ്പെടുകയും ചെയ്തു. ഈ ദുരന്തം നമ്മെ പല കാര്യങ്ങളും ഓർമിപ്പിക്കുന്നു പ്രകൃതിയുടെ ശക്തിക്ക് മുന്നിൽ മനുഷ്യർ എത്ര ചെറുതാണെന്നും പ്രകൃതിയെ അവഗണിച്ചു മുന്നോട്ടു പോകാൻ കഴിയില്ലെന്നും ഇത് നമ്മെ പഠിപ്പിക്കുന്നു ദുരിതബാധിതരെ സഹായിക്കാൻ മനുഷ്യരുടെ ജാതിമത രാഷ്ട്രീയ വ്യത്യാസങ്ങൾ മറന്ന് കൈകോർത്ത് മനുഷ്യത്വത്തിന്റെ മനോഹരമായ ഉദാഹരണമായി മാറി. എന്നാൽ ഇത്തരം ദുരന്തങ്ങൾ പ്രകൃതിയുടെ ശിക്ഷ എന്ന് ഒറ്റവാക്കിൽ വ്യാഖ്യാനിക്കുന്നത് തെറ്റാണ് ദുരന്തങ്ങളുടെ ശാസ്ത്രീയ കാരണങ്ങളെ മനസ്സിലാക്കുകയും അപകട സാധ്യതകൾ കുറയ്ക്കാനുള്ള മുൻകരുതലുകളും സ്വീകരിക്കണം. മനുഷ്യന്റെ അശ്രദ്ധയും പ്രകൃതിസംരക്ഷണ സന്തുലിതാവസ്ഥയിലുള്ള ഇടപെടലുകളും പരിസ്ഥിരിക്കും വലിയ നാശം വരുത്തുന്നു വനനശീകരണം പാറയും മണ്ണും അനിയന്ത്രിതമായി നീക്കം ജലസ്രോതസ്സുകളുടെ മലിനീകരണം മാലിന്യങ്ങൾ വലിച്ചെറിയൽ തുടങ്ങിയവ പ്രകൃതിയുടെ സ്വാഭാവിക സന്തുലിതാവസ്ഥയെ ബാധിക്കുന്നു. ഇതിന്റെ പ്രഖ്യാഘാതങ്ങൾ പ്രളയം ഉരുൾപൊട്ടൽ വരൾച്ച തുടങ്ങിയ പ്രകൃതിദുരന്തങ്ങൾക്ക് നമ്മെ കാരണക്കാരാക്കുന്നു അതിനാൽ പ്രകൃതിയെ ചൂഷണം ചെയ്യാതെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ് ഒരു മരം നട്ടുപിടിപ്പിക്കുന്നത് വെള്ളം പാഴാക്കാതിരിക്കുന്നത് മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കുന്നത് വനങ്ങളും പുഴകളും സംരക്ഷിക്കുന്നത് എന്നിവയെല്ലാം പ്രകൃതിയോടുള്ള നമ്മുടെ ഉത്തരവാദിത്വത്തിന്റെ ഭാഗമാണ് പ്രകൃതിയെ നശിപ്പിച്ചാൽ അതിന്റെ പ്രത്യാഘാതം മനുഷ്യനിലേക്ക് തന്നെ തിരിച്ചെത്തും അതിന് വികസനവും പ്രകൃതി സംരക്ഷണവും ഒരുമിച്ചു കൊണ്ടുപോകണം മലകളും കുന്നുകളും വനങ്ങളും പുഴകളും സംരക്ഷിക്കണം. “ ചൂരൽ മലയും മുണ്ടക്കൈ നമ്മോട് പറയുന്നത് ഒരു വലിയ സന്ദേശമാണ് പ്രകൃതിയെ കീഴടക്കാനുള്ള ഒന്നായി കാണരുത് അത് സംരക്ഷിക്കേണ്ട നമ്മുടെ അമാനത്തായി പ്രകൃതിയെ കാണുക

പ്രകൃതി ഒരു കാഴ്ച മാത്രമല്ല; അല്ലാഹുവിന്റെ സൃഷ്ടിമഹത്വത്തിലേക്കുള്ള ഒരു തുറന്ന ഗ്രന്ഥമാണ്. ആകാശവും ഭൂമിയും പർവതങ്ങളും പുഴകളും മരങ്ങളും പക്ഷികളും ഓരോന്നും സ്രഷ്ടാവിന്റെ ശക്തിയുടെയും ജ്ഞാനത്തിന്റെയും അടയാളങ്ങളാണ്. അവയെ നോക്കി ചിന്തിക്കുന്ന മനുഷ്യന്റെ ഹൃദയത്തിൽ തൗഹീദും നന്ദിയും ഉത്തരവാദിത്വബോധവും വളരുന്നു.

പ്രകൃതി അല്ലാഹു മനുഷ്യന് ഏൽപ്പിച്ച അമാനത്താണ്. അതിനെ ചൂഷണം ചെയ്യാതെ സംരക്ഷിക്കുകയും വരും തലമുറകൾക്കായി കാത്തുസൂക്ഷിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. ചൂരൽമല–മുണ്ടക്കൈ പോലുള്ള ദുരന്തങ്ങൾ പ്രകൃതിയോടുള്ള നമ്മുടെ സമീപനത്തെ പുനർവിചിന്തനം ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്നു.

അതുകൊണ്ട് പ്രകൃതിയെ കീഴടക്കുകയല്ല, പ്രകൃതിയോടൊപ്പം ഉത്തരവാദിത്വത്തോടെ ജീവിക്കുകയാണ് ഇസ്ലാമിക സമീപനം. പ്രകൃതിയെ സംരക്ഷിക്കുന്ന ഓരോ പ്രവർത്തിയും സൃഷ്ടികളോടുള്ള കരുണയും സ്രഷ്ടാവിനോടുള്ള നന്ദിയും പ്രകടിപ്പിക്കുന്ന ഒരു സൽകർമ്മമായി മാറട്ടെ.

“പ്രകൃതിയെ വായിക്കുമ്പോൾ സ്രഷ്ടാവിനെ തിരിച്ചറിയാം; പ്രകൃതിയെ സംരക്ഷിക്കുമ്പോൾ അമാനത്ത് കാത്തുസൂക്ഷിക്കാം. പ്രകൃതിയോടുള്ള സ്നേഹം നമ്മെ അല്ലാഹുവിലേയ്ക് എത്തിക്കുന്നു നാഥൻ തുണക്കട്ടെ.

അറിവിന്റെ വെളിച്ചത്തിൽ ആത്മാഭിമാനത്തിന്റെ പെൺവഴികൾ

“വായിക്കുക” എന്ന ആഹ്വാനത്തോടെ ആരംഭിച്ച ഒരു ദൈവിക സന്ദേശത്തിന്റെ പാരമ്പര്യമാണ് ഇസ്‌ലാം. അറിവിനെ വെറും വിവരശേഖരണമായി കാണാതെ, മനുഷ്യനെ തിരിച്ചറിയാനും തന്റെ സ്രഷ്ടാവിനെ തിരിച്ചറിയാനും ജീവിതത്തെ ശരിയായ ദിശയിൽ നയിക്കാനുമുള്ള വെളിച്ചമായാണ് ഇസ്‌ലാം കാണുന്നത്. ആ വെളിച്ചത്തിന്റെ അവകാശികളിൽ സ്ത്രീയും പുരുഷനും ഒരുപോലെ ഉൾപ്പെടുന്നു.
ഒരു സ്ത്രീ പഠിക്കുമ്പോൾ ഒരു വ്യക്തി മാത്രമല്ല വളരുന്നത്; അവളുടെ ചിന്തകളിലൂടെ ഒരു കുടുംബവും, അവളുടെ ബോധത്തിലൂടെ ഒരു തലമുറയും വളരുകയാണ്.
മുസ്‌ലിം സ്ത്രീയുടെ ആത്മാഭിമാനം അവളുടെ ശബ്ദത്തിന്റെ ഉയരത്തിലോ സമൂഹത്തിന്റെ അംഗീകാരത്തിലോ മാത്രം നിലനിൽക്കുന്നതല്ല. താൻ ആരാണെന്ന് തിരിച്ചറിയുന്നതിലും, തന്റെ മൂല്യങ്ങളെ മനസ്സിലാക്കുന്നതിലും, അറിവിന്റെ അടിസ്ഥാനത്തിൽ സ്വന്തം ജീവിതത്തെ രൂപപ്പെടുത്തുന്നതിലുമാണ് അതിന്റെ യഥാർത്ഥ ശക്തി.

ഒരു സ്ത്രീയുടെ കൈകളിൽ ഒരു പുസ്തകം തുറക്കുമ്പോൾ തുറക്കുന്നത് വെറും അക്ഷരങ്ങളുടെ ലോകമല്ല; അവളുടെ മുന്നിൽ തുറക്കുന്നത് സാധ്യതകളുടെ അനന്തമായ ആകാശമാണ്. ഒരു സ്ത്രീ അറിവ് നേടുമ്പോൾ അവൾ മാത്രം വളരുന്നില്ല—ഒരു കുടുംബം വളരുന്നു, ഒരു തലമുറ വളരുന്നു, ഒരു സമൂഹം വളരുന്നു.
മനുഷ്യനെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കുന്ന ഏറ്റവും ശക്തമായ ദീപമാണ് വിജ്ഞാനം. അതുകൊണ്ടുതന്നെ ഇസ്‌ലാമിന്റെ സന്ദേശം ആരംഭിക്കുന്നതും അറിവിന്റെ ആഹ്വാനത്തോടെയാണ്. ഹിറാഗുഹയുടെ നിശ്ശബ്ദതയിൽ, മനുഷ്യചരിത്രത്തിന്റെ ദിശ തന്നെ മാറ്റിക്കൊണ്ട് ആദ്യമായി മുഴങ്ങിയ വാക്ക്—
□□□□□□□□□ — വായിക്കുക
എന്നായിരുന്നു.
ഇത് കേവലം വായിക്കാനുള്ള കൽപ്പനയല്ല.
ചിന്തിക്കാനുള്ള ആഹ്വാനമാണ്.
അന്വേഷിക്കാനുള്ള പ്രേരണയാണ്.
അറിവിലൂടെ സ്രഷ്ടാവിനെ തിരിച്ചറിയാനുള്ള വഴികാട്ടിയാണ്.
ഇസ്‌ലാം സ്ത്രീയെ അറിവിന്റെ വാതിൽക്കൽ നിർത്തിയില്ല. മറിച്ച് അവളെ ആ വാതിൽ തുറന്ന് അകത്തേക്ക് നടക്കാൻ ക്ഷണിച്ചു.
അവളുടെ ബുദ്ധിക്ക് വില നൽകി;
ചിന്തയ്ക്ക് ഇടം നൽകി;
ചോദ്യങ്ങൾക്ക് മാന്യത നൽകി;
പഠനത്തിന് മഹത്വം നൽകി.
അതുകൊണ്ടാണ് മുസ്‌ലിം സ്ത്രീയുടെ ആത്മാഭിമാനം അവളുടെ വേഷത്തിൽ മാത്രം ഒതുങ്ങാത്തത്; അവളുടെ വിശ്വാസത്തിലും വിജ്ഞാനത്തിലും സ്വഭാവത്തിലും ബോധത്തിലും ഉത്തരവാദിത്തബോധത്തിലും അത് പ്രതിഫലിക്കുന്നത്.
ആത്മാഭിമാനം എന്നത് മറ്റുള്ളവരെക്കാൾ ഉയർന്നുനിൽക്കാനുള്ള അഹങ്കാരമല്ല. മറിച്ച്, “അല്ലാഹു എനിക്ക് നൽകിയ കഴിവുകളും ബുദ്ധിയും സമയവും ഞാൻ പാഴാക്കുകയില്ല” എന്ന ആത്മബോധമാണ്.

> “
> വിജ്ഞാനം: ഇസ്‌ലാമിന്റെ അടിസ്ഥാന ദർശനം



വിജ്ഞാനം സ്ത്രീയുടെ ശബ്ദത്തിന് ശക്തി നൽകുന്നു. എന്നാൽ ഇസ്‌ലാമിക വിജ്ഞാനം അവളുടെ ശബ്ദത്തിന് മര്യാദയും ദിശയും നൽകുന്നു.

വിജ്ഞാനം: ഇസ്‌ലാമിന്റെ അടിസ്ഥാന ദർശനം

അറിവില്ലായ്മ മനുഷ്യനെ മറ്റുള്ളവരുടെ വ്യാഖ്യാനങ്ങൾക്ക് അടിമയാക്കുന്നു. എന്നാൽ അറിവ് സ്വന്തം ജീവിതത്തെക്കുറിച്ച് സ്വയം ചിന്തിക്കാനും തീരുമാനങ്ങളെടുക്കാനും ഒരാളെ പ്രാപ്തയാക്കുന്നു.

ഇസ്‌ലാമിൽ വിജ്ഞാനം ഒരു അലങ്കാരമല്ല; ജീവിതത്തിന്റെ അടിസ്ഥാനമാണ്. ഖുർആൻ ചോദിക്കുന്നു:

“പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമന്മാരാകുമോ?” (സൂറത്തു സുമർ: 9)
ഈ ചോദ്യം തന്നെ വിജ്ഞാനത്തിന്റെ സ്ഥാനത്തെ വ്യക്തമാക്കുന്നു. അറിവുള്ളവനും അറിവില്ലാത്തവനും ഒരുപോലെയല്ല. കാരണം അറിവ് മനുഷ്യന്റെ കാഴ്ചപ്പാട് മാറ്റുന്നു. അവൻ സംഭവങ്ങളെ വെറും കണ്ണുകൊണ്ട് കാണുന്നില്ല; ബോധത്തിന്റെ കണ്ണുകൊണ്ട് കാണുന്നു. അതിനാലാണ് മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നത്:

“നിങ്ങളിൽ വിശ്വസിച്ചവരെയും അറിവ് നൽകപ്പെട്ടവരെയും അല്ലാഹു പദവികളിൽ ഉയർത്തുന്നതാണ്.” (സൂറത്തുൽ മുജാദില: 11)
വിജ്ഞാനത്തിന്റെ മഹത്വം ഇത്രമേൽ വലുതാണ്. ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം—ഈ മഹത്വവചനങ്ങൾ പുരുഷന്മാർക്കായി മാത്രം ചുരുക്കപ്പെട്ടതല്ല. വിശ്വാസത്തിലും വിജ്ഞാനത്തിലും ഉയരുന്ന മനുഷ്യനെയാണ് ഖുർആൻ ഉയർത്തിപ്പിടിക്കുന്നത്. അതിനാൽ മുസ്‌ലിം സ്ത്രീയുടെ അറിവന്വേഷണം ഒരു ആധുനിക അവകാശവാദമല്ല. അത് അവളുടെ ദീനി പാരമ്പര്യത്തിന്റെ ഭാഗമാണ്.

വിദ്യാഭ്യാസം ജോലി നേടാനുള്ള ഒരു ഉപാധി മാത്രമായി ചുരുങ്ങുമ്പോൾ അതിന്റെ വലിയൊരു അർത്ഥം നമുക്ക് നഷ്ടമാകുന്നു.
ഒരു മുസ്‌ലിം സ്ത്രീ പഠിക്കുമ്പോൾ അവൾ പഠിക്കുന്നത് സ്വന്തം ഭാവിക്ക് മാത്രമല്ല. കുടുംബത്തെ കൂടുതൽ ബോധപൂർവം നയിക്കാനും, സമൂഹത്തിലെ പ്രശ്നങ്ങളെ മനസ്സിലാക്കാനും, ശരിയും തെറ്റും തിരിച്ചറിയാനും, തന്റെ മതത്തെ ആഴത്തിൽ മനസ്സിലാക്കാനും അവൾക്ക് കഴിയുന്നു.

വിജ്ഞാനം ഇല്ലാത്ത ആത്മാഭിമാനം പലപ്പോഴും വെറും വികാരമായി മാറാം.
എന്നാൽ അറിവിൽ അധിഷ്ഠിതമായ ആത്മാഭിമാനം മനുഷ്യനെ തന്റെ മൂല്യം തിരിച്ചറിയാൻ പഠിപ്പിക്കുന്നു. ഒരു മുസ്‌ലിം സ്ത്രീക്ക് ആത്മാഭിമാനം എന്നത്: തന്റെ സ്രഷ്ടാവുമായുള്ള ബന്ധത്തെ മനസ്സിലാക്കുക, തന്റെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും തിരിച്ചറിയുക, ശരിയും തെറ്റും വേർതിരിച്ചറിയാനുള്ള ബോധം നേടുക, അന്ധമായ അനുകരണങ്ങളിൽ നിന്ന് സ്വതന്ത്രയാകുക, സ്വന്തം കഴിവുകളെ വികസിപ്പിക്കുക, മറ്റുള്ളവരുടെ അംഗീകാരത്തിൽ മാത്രം തന്റെ മൂല്യം കണ്ടെത്താതിരിക്കുക, അറിവിനെ വിനയത്തോടൊപ്പം സൂക്ഷിക്കുക എന്നിവയാണ്. അറിവുള്ള സ്ത്രീക്ക് തന്റെ മൂല്യം തെളിയിക്കാൻ നിരന്തരം മറ്റുള്ളവരുടെ കൈയടി ആവശ്യമില്ല. അവൾക്ക് അറിയാം— “എന്റെ മൂല്യം ആളുകൾ എന്നെ എത്രമാത്രം പ്രശംസിക്കുന്നു എന്നതിലല്ല; അല്ലാഹുവിന്റെ മുമ്പിൽ ഞാൻ എത്രമാത്രം സത്യസന്ധയാണ് എന്നതിലാണ്.”
ഇതാണ് ഇസ്‌ലാമിക ആത്മാഭിമാനത്തിന്റെ സൗന്ദര്യം.

ഇന്നത്തെ ലോകത്ത് മുസ്‌ലിം സ്ത്രീക്ക് മുന്നിൽ വിജ്ഞാനത്തിന്റെ വാതിലുകൾ അനേകമാണ്. ശാസ്ത്രം, സാഹിത്യം, നിയമം, മനഃശാസ്ത്രം, സാങ്കേതികവിദ്യ, സാമൂഹികശാസ്ത്രം തുടങ്ങി അനവധി മേഖലകളിൽ അവൾക്ക് സംഭാവന ചെയ്യാൻ കഴിയും.

ഇവയിൽ ഏതെങ്കിലും പഠിക്കുന്നത് അവളുടെ മതബോധത്തിന് വിരുദ്ധമാണെന്ന് കരുതേണ്ടതില്ല. മറിച്ച്, മതബോധത്തോടൊപ്പം ലോകത്തെ മനസ്സിലാക്കുന്ന വിശാലമായ വിജ്ഞാനം ചേർന്നാൽ അവളുടെ വ്യക്തിത്വം കൂടുതൽ സമ്പന്നമാകും. മതം അവൾക്ക് മൂല്യബോധം നൽകട്ടെ. വിജ്ഞാനം അവൾക്ക് വിശാലമായ കാഴ്ചപ്പാട് നൽകട്ടെ. ചിന്ത അവൾക്ക് വിവേകം നൽകട്ടെ. അനുഭവം അവൾക്ക് പക്വത നൽകട്ടെ. ഈ നാലും ഒന്നിക്കുമ്പോഴാണ് അറിവ് ജീവിതത്തിന്റെ വെളിച്ചമായി മാറുന്നത്.

ചരിത്രത്തിൽ ചിലപ്പോൾ സ്ത്രീയെ അറിവിന്റെ ഉപഭോക്താവായി മാത്രം അവതരിപ്പിക്കുന്ന പ്രവണത കാണാം. എന്നാൽ ഇസ്‌ലാമിക ചരിത്രം അതിന് ശക്തമായ മറുപടി നൽകുന്നു.
മുസ്‌ലിം സ്ത്രീകൾ പഠിച്ചു. അവർ പഠിപ്പിച്ചു. അവർ ഹദീസ് നിവേദനം ചെയ്തു. അവർ ഫിഖ്ഹിൽ പാണ്ഡിത്യം നേടി. അവർ ചോദ്യങ്ങൾ ചോദിച്ചു. അവർ അഭിപ്രായങ്ങൾ പങ്കുവെച്ചു. അവർ അടുത്ത തലമുറകളെ പഠിപ്പിച്ചു.
അവരിൽ ഏറ്റവും പ്രകാശമേറിയ ഉദാഹരണങ്ങളിൽ ഒരാളാണ് ആഇശാ (റ).
ആഇശാ (റ): വിജ്ഞാനത്തിന്റെ മഹത്തായ മാതൃക പ്രവാചകൻ (സ) യുടെ പ്രിയപത്നിയും ഉമ്മുൽ മുഅ്മിനീനും മാത്രമല്ല, ഇസ്‌ലാമിക വിജ്ഞാനത്തിന്റെ മഹത്തായ അധ്യാപികയുമായിരുന്നു ആഇശാ (റ). അവരുടെ അറിവിലേക്ക് സഹാബാക്കൾ പോലും മടങ്ങിയിരുന്നു. ഹദീസ്, ഫിഖ്ഹ്, ഖുർആൻ വ്യാഖ്യാനം, അറബി ഭാഷ, കവിത, ചരിത്രം, വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട അറിവുകൾ തുടങ്ങി വിവിധ മേഖലകളിൽ അവർക്ക് പാണ്ഡിത്യമുണ്ടായിരുന്നുവെന്ന് ചരിത്രസ്രോതസ്സുകൾ രേഖപ്പെടുത്തുന്നു.
അബൂ മൂസാ അൽ-അശ്അരി (റ) പറയുന്നു: സഹാബികൾക്ക് ഏതെങ്കിലും ഹദീസിന്റെ കാര്യത്തിൽ ബുദ്ധിമുട്ടുണ്ടായാൽ അവർ ആഇശാ (റ)യോട് ചോദിക്കുകയും അവരിൽ നിന്ന് അറിവ് കണ്ടെത്തുകയും ചെയ്തിരുന്നു.
ഇത് ഒരു വലിയ സന്ദേശമാണ്.

ഒരു സ്ത്രീക്ക് അറിവുണ്ടാകുമ്പോൾ അവളുടെ അറിവ് അവളുടെ സ്വകാര്യ സമ്പത്തായി മാത്രം നിലനിൽക്കേണ്ടതില്ല. അത് സമൂഹത്തിന്റെ സമ്പത്തായി മാറാം.
ആഇശാ (റ)യുടെ ജീവിതം നമ്മോട് പറയുന്നത്: “സ്ത്രീ പഠിച്ചാൽ അവളുടെ ശബ്ദം വലുതാകണമെന്നില്ല; പക്ഷേ അവളുടെ വാക്കിന് ആഴം ലഭിക്കും.”

പ്രവാചകൻ ﷺ സ്ത്രീകളുടെ പഠനതാൽപര്യത്തെ അവഗണിച്ചിരുന്നില്ല.
സ്ത്രീകൾ ചോദ്യങ്ങൾ ചോദിച്ചു.
അവർ ദീനുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചു.
അവർക്ക് പ്രത്യേകമായി പഠിപ്പിക്കുന്ന അവസരങ്ങൾ ഉണ്ടായിരുന്നുവെന്ന് ഹദീസ് പാരമ്പര്യങ്ങൾ വ്യക്തമാക്കുന്നു.
ഇത് സ്ത്രീയെ അറിവിന്റെ അരികിൽ നിർത്തിയ ഒരു സമൂഹമായിരുന്നില്ല.
മറിച്ച്, അവളുടെ ചോദ്യത്തിനും അന്വേഷണത്തിനും ഇടം നൽകിയ സമൂഹമായിരുന്നു.
ഇവിടെ ഒരു വലിയ പാഠമുണ്ട്:
ചോദ്യം ചോദിക്കുന്ന സ്ത്രീ അജ്ഞയായതിന്റെ തെളിവല്ല; അറിയാനുള്ള ധൈര്യമുള്ളവളായതിന്റെ തെളിവാണ്.
ഒരു സമൂഹം സ്ത്രീകളുടെ ചോദ്യങ്ങളെ അടച്ചുപൂട്ടുമ്പോൾ, അത് അവരുടെ ശബ്ദത്തെ മാത്രമല്ല, അവരുടെ അറിവിന്റെ വളർച്ചയെയും തടയുകയാണ്.

അല്ലാഹു തന്റെ പ്രവാചകനോട് ﷺ പഠിപ്പിച്ച അതിമനോഹരമായ പ്രാർത്ഥന: وَقُلْ رَبِّ زِدْنِي عِلْمًا
“പറയുക: എന്റെ രക്ഷിതാവേ, എനിക്ക് അറിവ് വർധിപ്പിച്ചുതരേണമേ.”
(സൂറത്ത് ത്വാഹാ: 114)
ശ്രദ്ധിക്കുക—
“എനിക്ക് സമ്പത്ത് വർധിപ്പിക്കണമേ” എന്നല്ല.
“എനിക്ക് പ്രശസ്തി വർധിപ്പിക്കണമേ” എന്നല്ല.
“എനിക്ക് അധികാരം വർധിപ്പിക്കണമേ” എന്നുമല്ല.
“എന്റെ അറിവ് വർധിപ്പിക്കണമേ.”
ഇതാണ് ഒരു വിശ്വാസിയുടെ വളർച്ചയുടെ ദിശ.
അറിവിന്റെ യാത്രയ്ക്ക് അവസാനമില്ല.
ഇന്ന് അറിയുന്നതിനെക്കാൾ നാളെ കൂടുതൽ അറിയണം.
ഇന്നത്തെ അജ്ഞത നാളത്തെ അന്വേഷണത്തിന് വഴിയാകണം.

വിജ്ഞാനം സ്ത്രീയുടെ ആത്മാഭിമാനത്തെ എങ്ങനെ ശക്തിപ്പെടുത്തുന്നു?
തീരുമാനങ്ങളിലെ വ്യക്തത
അറിവുള്ള സ്ത്രീക്ക് ജീവിതത്തിലെ പല തീരുമാനങ്ങളും കൂടുതൽ ബോധപൂർവ്വം എടുക്കാൻ കഴിയും.
വികാരങ്ങൾ മാത്രം അവളെ നയിക്കുകയില്ല.
അവകാശങ്ങളെക്കുറിച്ചുള്ള ബോധം
ഇസ്‌ലാം നൽകിയ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും മനസ്സിലാക്കാൻ ദീനി വിജ്ഞാനം അനിവാര്യമാണ്.
അവകാശം അറിയാത്ത ഒരാൾക്ക് അതിനെ സംരക്ഷിക്കാനും കഴിയില്ല.

അന്ധമായ അനുകരണത്തിൽ നിന്ന് മോചനം
സമൂഹം പറയുന്നതെല്ലാം ശരിയല്ല.
സോഷ്യൽ മീഡിയ പറയുന്നതെല്ലാം സത്യമല്ല.
ജനപ്രിയമായതെല്ലാം മാതൃകയുമല്ല.
വിജ്ഞാനം നമ്മെ ചോദിക്കാൻ പഠിപ്പിക്കുന്നു:
“ഇത് ശരിയാണോ?”

ആത്മവിശ്വാസം
വിജ്ഞാനം
ആത്മവിശ്വാസത്തിന് അടിത്തറയാകുന്നു.
പഠിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ത്രീക്ക് സ്വന്തം കഴിവുകളെ തിരിച്ചറിയാൻ കഴിയും.
അടുത്ത തലമുറയുടെ വളർച്ച
ഒരു മാതാവ് അറിവുള്ളവളാകുമ്പോൾ അവളുടെ മക്കളുടെ ചോദ്യങ്ങൾക്ക് കൂടുതൽ ബോധപൂർവ്വമായ ഉത്തരങ്ങൾ നൽകാൻ അവൾക്ക് കഴിയും.
അതിനാൽ ഒരു സ്ത്രീയുടെ വിദ്യാഭ്യാസം ഒരു വ്യക്തിയുടെ വിദ്യാഭ്യാസമല്ല.
ഒരു തലമുറയുടെ വിദ്യാഭ്യാസമാണ്.

ആഇശാ (റ) മാത്രം അല്ല.
ഇസ്‌ലാമിക ചരിത്രത്തിൽ അനേകം വനിതകൾ ഹദീസ്, ഫിഖ്ഹ്, ഖുർആൻ, അറബി ഭാഷ തുടങ്ങിയ മേഖലകളിൽ വിജ്ഞാനം പകർന്നു നൽകിയിട്ടുണ്ട്.
ഹഫ്സ (റ), ഉമ്മുസലമ (റ) തുടങ്ങിയ സ്ത്രീകൾ വിജ്ഞാന പാരമ്പര്യത്തിൽ ശ്രദ്ധേയരായിരുന്നു.
പിന്നീട് വന്ന നൂറ്റാണ്ടുകളിലും ഹദീസ് പഠിപ്പിക്കുകയും ഇജാസ നൽകുകയും ചെയ്ത വനിതാ പണ്ഡിതരുടെ സാന്നിധ്യം രേഖപ്പെടുത്തിയിട്ടുണ്ട്.
ഇത് ഒരു ചരിത്രവസ്തുത മാത്രമല്ല.
ഇത് ഇന്നത്തെ മുസ്‌ലിം പെൺകുട്ടിയോടുള്ള ഒരു വിളിയാണ്:
“നിനക്ക് മുമ്പ് നടന്നവർക്ക് കഴിഞ്ഞെങ്കിൽ, നീ എന്തുകൊണ്ട് പഠിക്കാതിരിക്കണം?”

അറിവും വിനയവും: രണ്ടും ഒരുമിച്ചാകണം
ഇസ്‌ലാമിക വിജ്ഞാനം മനുഷ്യനെ അഹങ്കാരിയാക്കുന്നില്ല.
മറിച്ച്, യഥാർത്ഥ അറിവ് വിനയം വർധിപ്പിക്കുന്നു.
അറിവ് കൂടുന്തോറും അറിയാത്തതിന്റെ വിശാലത മനസ്സിലാകുന്നു.
അതുകൊണ്ട് ഒരു മുസ്‌ലിം സ്ത്രീയുടെ വിദ്യാഭ്യാസം അവളെ മറ്റുള്ളവരെ ചെറുതാക്കാൻ പഠിപ്പിക്കരുത്.
അറിവ് അവളുടെ നാവിൽ കടുപ്പമല്ല, ഹൃദയത്തിൽ വെളിച്ചമാകണം.
പുസ്തകങ്ങൾ കൂടുമ്പോൾ വിനയം കുറയുകയാണെങ്കിൽ, അറിവ് വളർന്നിട്ടില്ല; വിവരങ്ങൾ മാത്രമാണ് കൂടിയത്.

സ്ത്രീകളുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സാമൂഹിക സമീപനങ്ങൾ എല്ലാ കാലത്തും ഒരുപോലെയായിരുന്നില്ല.
പല സമൂഹങ്ങളിലും സ്ത്രീയെ വീടിന്റെ പരിധിയിൽ മാത്രം ഒതുക്കിയ കാലഘട്ടങ്ങൾ ഉണ്ടായിരുന്നു. ചിലയിടങ്ങളിൽ വിദ്യാഭ്യാസം പോലും അവൾക്ക് നിഷേധിക്കപ്പെട്ടു.
എന്നാൽ ഇസ്‌ലാമിന്റെ അടിസ്ഥാന സന്ദേശം മനുഷ്യന്റെ ആത്മീയവും ബൗദ്ധികവുമായ വളർച്ചയ്ക്ക് പ്രാധാന്യം നൽകുന്നതായിരുന്നു.
ഇസ്‌ലാമിക സംസ്കാരത്തിന്റെ വളർച്ചയിൽ

സ്ത്രീകൾ അറിവിന്റെ കൈമാറ്റത്തിൽ
പങ്കെടുത്തിട്ടുണ്ട്.
അതിനാൽ “മുസ്‌ലിം സ്ത്രീയും വിദ്യാഭ്യാസവും”
എന്ന വിഷയം പുതിയ കാലത്തിന്റെ സമ്മർദ്ദത്തിൽ
മാത്രം ഉയർന്നുവന്ന ഒന്നല്ല.
അതിന് ആഴമുള്ള ചരിത്രപശ്ചാത്തലമുണ്ട്.

*ഇന്നത്തെ മുസ്‌ലിം സ്ത്രീ: പുതിയ അവസരങ്ങളും
പുതിയ പരീക്ഷണങ്ങളും*
ഇന്നത്തെ ലോകം അറിവിന്റെ വാതിലുകൾ
മുമ്പത്തേക്കാൾ വിശാലമാക്കിയിരിക്കുന്നു.
ഒരു മൊബൈൽ ഫോൺ വഴി ലോകത്തിന്റെ
വിവിധ ഭാഗങ്ങളിലെ പുസ്തകങ്ങളും ക്ലാസുകളും
ഗവേഷണങ്ങളും പ്രഭാഷണങ്ങളും ലഭ്യമാണ്.
പക്ഷേ അതോടൊപ്പം ഒരു വലിയ പ്രശ്നവും
വന്നിരിക്കുന്നു:
വിവരങ്ങളുടെ അമിതമായ ഒഴുക്ക്.
വിവരം കൂടുതലായതുകൊണ്ട് മാത്രം അറിവ്
കൂടുതലാകുന്നില്ല.
ഓരോ വീഡിയോയും വിജ്ഞാനമല്ല.
ഓരോ പോസ്റ്റും സത്യമല്ല.
ഓരോ വൈറൽ അഭിപ്രായവും മാർഗദർശനമല്ല.
അതിനാൽ ഇന്നത്തെ മുസ്‌ലിം സ്ത്രീക്ക്
ആവശ്യമായത് വിവരശേഖരണം മാത്രമല്ല;
വിവരങ്ങളെ തിരിച്ചറിയാനുള്ള വിവേകവും
കൂടിയാണ്.

വിജ്ഞാനത്തിന്റെ അഭാവം വ്യക്തിയെയും
സമൂഹത്തെയും പല രീതിയിൽ ബാധിക്കുന്നു.
അന്ധവിശ്വാസം
അറിവില്ലായ്മ പലപ്പോഴും അന്ധവിശ്വാസങ്ങൾക്ക്
വഴിയൊരുക്കുന്നു.
തെറ്റായ മതബോധം
ദീനിന്റെ യഥാർത്ഥ പഠനമില്ലെങ്കിൽ
സംസ്കാരത്തെയും മതത്തെയും തമ്മിൽ
വേർതിരിക്കാൻ കഴിയാതെ വരാം.
സ്വയംമൂല്യബോധത്തിന്റെ കുറവ്
തന്റെ കഴിവുകൾ തിരിച്ചറിയാത്ത പെൺകുട്ടിക്ക്
മറ്റുള്ളവരുടെ അഭിപ്രായം തന്റെ മൂല്യത്തിന്റെ
അളവുകോലായി മാറാം.
തെറ്റായ മാതൃകകളുടെ പിന്തുടർച്ച
ആരാണ് മാതൃകയാകേണ്ടത് എന്ന
തിരിച്ചറിവില്ലാതെ ജനപ്രിയതയെ വിജയമായി
കാണാൻ സാധ്യതയുണ്ട്.

ഒരു മുസ്‌ലിം സ്ത്രീക്ക് ദീനി വിജ്ഞാനം മാത്രം
മതിയോ?
ലോകവിജ്ഞാനം മാത്രം മതിയോ?
ഇരുവരും ആവശ്യമാണ്.
ദീൻ അവൾക്ക് ദിശ നൽകുന്നു.
ലോകവിജ്ഞാനം അവൾക്ക് കഴിവ് നൽകുന്നു.
ദീൻ അവളോട് “എന്തിനാണ്?” എന്ന് ചോദിക്കാൻ
പഠിപ്പിക്കുന്നു.
വിജ്ഞാനം “എങ്ങനെ?” എന്ന് പഠിപ്പിക്കുന്നു.
ഈ രണ്ടും ഒന്നിക്കുമ്പോഴാണ് സമതുലിതമായ
വ്യക്തിത്വം രൂപപ്പെടുന്നത്.
ഒരു മുസ്‌ലിം സ്ത്രീ ഡോക്ടറാകാം.
അധ്യാപികയാകാം. ഗവേഷകയാകാം.
എഴുത്തുകാരിയാകാം. നിയമവിദഗ്ധയാകാം.
കൗൺസിലറാകാം. സംരംഭകയാകാം.
പണ്ഡിതയാകാം. ഏത് മേഖലയിൽ ആയാലും
അവളുടെ വിജ്ഞാനം മനുഷ്യർക്കു
പ്രയോജനപ്പെടുമ്പോൾ അത് മഹത്തായ
സേവനമായി മാറുന്നു.

പ്രവാചകൻ പഠിപ്പിച്ച ഒരു പ്രസിദ്ധമായ
പ്രാർത്ഥനയിൽ നാം ചോദിക്കുന്നു:

“അല്ലാഹുവേ, പ്രയോജനപ്പെടുന്ന അറിവ് ഞാൻ
നിന്നോട് ചോദിക്കുന്നു.”
അറിവ് മാത്രം മതിയല്ല.
പ്രയോജനപ്പെടുന്ന അറിവ് വേണം.
അറിവ് ഹൃദയത്തെ മാറ്റണം.
സ്വഭാവത്തെ മാറ്റണം.
കുടുംബത്തെ മാറ്റണം.
സമൂഹത്തിന് ഗുണം ചെയ്യണം.

*ഇന്നത്തെ മുസ്‌ലിം പെൺകുട്ടിയോടുള്ള ഒരു
സന്ദേശം*
നീ പഠിക്കുമ്പോൾ ആരും കാണാതെ പോകാം.
നീ രാത്രിയിൽ ഒരു പുസ്തകം തുറക്കുമ്പോൾ
കൈയടി ഉണ്ടാകണമെന്നില്ല.
നീ പരീക്ഷയിൽ നല്ല മാർക്ക് നേടുമ്പോൾ ലോകം
മുഴുവൻ അറിഞ്ഞേക്കില്ല.
പക്ഷേ ഓർക്കുക—
ഓരോ അറിവിനും അല്ലാഹുവിന്റെ മുമ്പിൽ ഒരു
മൂല്യമുണ്ട്, അത് സത്യസന്ധമായ ഉദ്ദേശ്യത്തോടെ
നേടിയതാണെങ്കിൽ.
നിന്റെ പേന ചെറുതായിരിക്കാം.
പക്ഷേ അതിലൂടെ എഴുതപ്പെടുന്ന ഒരു ആശയം
ഒരു ഹൃദയത്തെ മാറ്റിയേക്കാം.
നിന്റെ ശബ്ദം ചെറുതായിരിക്കാം.
പക്ഷേ സത്യസന്ധമായ ഒരു വാക്ക് ഒരാളുടെ
ജീവിതത്തിന് പ്രതീക്ഷയായേക്കാം.

മുസ്‌ലിം സ്ത്രീയുടെ വിജ്ഞാനയാത്രയിൽ
കുടുംബത്തിന് വലിയ ഉത്തരവാദിത്തമുണ്ട്.
“പെൺകുട്ടിക്ക് ഇത്ര പഠിച്ചാൽ മതി” എന്ന
ചിന്തയ്ക്കുപകരം,
“അവളുടെ കഴിവ് എത്ര ദൂരം എത്തും?”
എന്ന് ചോദിക്കേണ്ട കാലമാണിത്.
മകളുടെ ചോദ്യങ്ങളെ അടച്ചുപൂട്ടരുത്.
അവളുടെ സ്വപ്നങ്ങളെ പരിഹസിക്കരുത്.
അവളുടെ കഴിവുകളെ മറ്റുള്ളവരുമായി താരതമ്യം
ചെയ്യരുത്.
പഠിക്കാനുള്ള അന്തരീക്ഷം നൽകുക.
വായിക്കാനുള്ള സമയം നൽകുക.
ശരിയായ അധ്യാപകരെ നൽകുക.
ദീനും ലോകവിജ്ഞാനവും സമതുലിതമായി
പഠിക്കാൻ അവസരം നൽകുക.

ഒരു പെൺകുട്ടിയെ പരീക്ഷയ്ക്ക് മാത്രം
തയ്യാറാക്കുന്ന വിദ്യാഭ്യാസം അപൂർണ്ണമാണ്.
അവളെ ജീവിതത്തിനായി തയ്യാറാക്കണം.
ചോദിക്കാൻ പഠിപ്പിക്കണം.
ചിന്തിക്കാൻ പഠിപ്പിക്കണം.
തെറ്റിൽ നിന്ന് പഠിക്കാൻ പഠിപ്പിക്കണം.
അഭിപ്രായവ്യത്യാസങ്ങളെ മാനിക്കാൻ
പഠിപ്പിക്കണം.
ദീനിനെ മനസ്സിലാക്കാനും ലോകത്തെ
മനസ്സിലാക്കാനും പഠിപ്പിക്കണം.
അറിവിനൊപ്പം അദബ് നൽകണം.
കാരണം—
വിജ്ഞാനം മനുഷ്യനെ ഉയർത്തും; അദബ്
അവനെ ഉയരത്തിൽ നിലനിർത്തും.

ഇന്നത്തെ മുസ്‌ലിം സ്ത്രീയുടെ
വിദ്യാഭ്യാസയാത്രയ്ക്ക് ചില വെല്ലുവിളികളുണ്ട്.
സാമൂഹിക മുൻവിധികൾ
“സ്ത്രീക്ക് ഇത്ര പഠനം എന്തിന്?” എന്ന
ചോദ്യങ്ങൾ ഇന്നും ചില ഇടങ്ങളിൽ
നിലനിൽക്കുന്നു.
*വിവാഹവും വിദ്യാഭ്യാസവും തമ്മിലുള്ള തെറ്റായ
വൈരുദ്ധ്യം*
വിവാഹവും വിദ്യാഭ്യാസവും പരസ്പരം വിരുദ്ധമായ
കാര്യങ്ങളായി കാണേണ്ടതില്ല.
ഡിജിറ്റൽ വ്യതിചലനം
അറിവിന്റെ ഉപകരണമായ ഫോൺ തന്നെ സമയം
വിഴുങ്ങുന്ന ഉപകരണമായി മാറാം.
ആത്മവിശ്വാസക്കുറവ്
“എനിക്ക് കഴിയില്ല” എന്ന ചിന്ത പല
കഴിവുകളെയും ജനിക്കുന്നതിന് മുമ്പേ
കൊന്നുകളയുന്നു.

മതവിജ്ഞാനവും ആധുനിക വിദ്യാഭ്യാസവും
തമ്മിലുള്ള അകലം
ഇരുവരെയും പരസ്പരവിരുദ്ധമായി കാണുന്ന
പ്രവണതയും ഒരു വെല്ലുവിളിയാണ്.

അറിവ് ഒരു സമ്മാനം മാത്രമല്ല.
അത് ഒരു അമാനത്ത് കൂടിയാണ്.
അറിഞ്ഞവൾ അറിയാത്തവനെ അപമാനിക്കരുത്.
പഠിച്ചവൾ പഠിക്കാത്തവനെ ചെറുതാക്കരുത്.
മറിച്ച് അറിവ് പങ്കുവെക്കണം.
ഒരു വിളക്ക് മറ്റൊരു വിളക്ക് കൊളുത്തുമ്പോൾ
അതിന്റെ പ്രകാശം കുറയുന്നില്ല.
അതുപോലെ അറിവ് പങ്കുവെക്കുമ്പോൾ അത്
കുറയുന്നില്ല.
അത് വർധിക്കുകയാണ്.

നാളെയുടെ മുസ്‌ലിം സ്ത്രീ
എങ്ങനെയായിരിക്കണം?
ഖുർആൻ കൈയിൽ പിടിച്ചവൾ.
പുസ്തകം മനസ്സിലാക്കിയവൾ.
ലോകത്തെ വായിച്ചവൾ.
ചരിത്രത്തിൽ നിന്ന് പാഠം പഠിച്ചവൾ.
സാങ്കേതികവിദ്യയെ ഉത്തരവാദിത്തത്തോടെ
ഉപയോഗിക്കുന്നവൾ.
സ്വന്തം മതത്തെ മനസ്സിലാക്കിയവൾ.
മറ്റുള്ളവരുടെ അവകാശങ്ങളെ മാനിക്കുന്നവൾ.
സ്വന്തം മാന്യത സംരക്ഷിക്കുന്നവൾ.
ചിന്തിക്കുന്നവൾ.
ചോദിക്കുന്നവൾ.
പഠിക്കുന്നവൾ.
പഠിപ്പിക്കുന്നവൾ.
സമൂഹത്തിന് ഉപകാരപ്പെടുന്നവൾ.
അതാണ് വിജ്ഞാനത്തിന്റെ യഥാർത്ഥ ഫലം.

ഒരു കാലത്ത് ഒരു പെൺകുട്ടി പുസ്തകം
തുറക്കുമ്പോൾ സമൂഹം ചോദിച്ചേക്കാം:
“അവൾക്ക് ഇത്ര പഠനം എന്തിന്?”
കാലം മാറുമ്പോൾ ആ ചോദ്യം മാറണം:
“അവളുടെ കഴിവ് മുഴുവൻ ഉപയോഗിക്കാൻ നാം
എന്ത് ചെയ്യണം?”
കാരണം ഒരു സ്ത്രീയുടെ കൈയിൽ അറിവ്
എത്തുമ്പോൾ അത് അവളുടെ മാത്രം സമ്പത്തായി
നിൽക്കാറില്ല.
അത് അമ്മയുടെ ഹൃദയത്തിലേക്ക് പോകുന്നു.
അവിടെ നിന്ന് മക്കളുടെ മനസ്സിലേക്ക് ഒഴുകുന്നു.
അവിടെ നിന്ന് ഒരു കുടുംബത്തിലേക്ക്.
ഒരു കുടുംബത്തിൽ നിന്ന് ഒരു സമൂഹത്തിലേക്ക്.
അങ്ങനെ ഒരു സ്ത്രീയുടെ വിജ്ഞാനം ഒരു
തലമുറയുടെ ഭാവിയെ പ്രകാശിപ്പിക്കുന്നു.
മുസ്‌ലിം സ്ത്രീയുടെ ആത്മാഭിമാനം മറ്റുള്ളവരോട്
മത്സരിച്ച് നേടിയെടുക്കേണ്ട ഒന്നല്ല.
അത് അല്ലാഹുവുമായുള്ള ബന്ധത്തിൽ നിന്ന്
ജനിക്കുന്ന ആത്മബോധമാണ്.
ഞാൻ അല്ലാഹുവിന്റെ സൃഷ്ടിയാണ്.
എനിക്ക് അവൻ ബുദ്ധി നൽകി.
എനിക്ക് കഴിവുകൾ നൽകി.
എനിക്ക് സമയം നൽകി.
എനിക്ക് പഠിക്കാനുള്ള അവസരം നൽകി.
അതിനാൽ ഞാൻ പഠിക്കും.
ഞാൻ വളരും.
ഞാൻ മറ്റുള്ളവർക്ക് ഉപകാരപ്പെടും.
ഇതാണ് വിജ്ഞാനത്തിന്റെ ആത്മാവ്.
ഇതാണ് ആത്മാഭിമാനത്തിന്റെ സൗന്ദര്യം.
ഇസ്‌ലാം സ്ത്രീയുടെ കൈയിൽ നിന്ന് പേന
എടുത്തുകളഞ്ഞിട്ടില്ല.
മറിച്ച്, അവളുടെ പേനയ്ക്ക് ദിശ നൽകി.
അവളുടെ ശബ്ദത്തെ അടച്ചുപൂട്ടിയിട്ടില്ല.
മറിച്ച്, അവളുടെ വാക്കുകൾക്ക് അദബ് നൽകി.
അവളുടെ കഴിവുകളെ നിഷേധിച്ചിട്ടില്ല.
മറിച്ച്, അവയെ അമാനത്തായി കാണാൻ
പഠിപ്പിച്ചു.
അതിനാൽ ഇന്നത്തെ മുസ്‌ലിം പെൺകുട്ടിയോട്
പറയാനുള്ളത് ഒറ്റവാക്ക്:
പഠിക്കുക.
പക്ഷേ ലോകത്തെ ജയിക്കാൻ വേണ്ടി മാത്രം
അല്ല.
നിന്നെ നീ തിരിച്ചറിയാൻ.
പഠിക്കുക.
മറ്റുള്ളവരെക്കാൾ ഉയരാൻ വേണ്ടി മാത്രം അല്ല.
മറ്റുള്ളവരെ ഉയർത്താൻ.
പഠിക്കുക.
പ്രശസ്തയാകാൻ വേണ്ടി മാത്രം അല്ല.
പ്രയോജനപ്പെടുന്നവളാകാൻ.
പഠിക്കുക.
കാരണം അറിവിന്റെ വെളിച്ചത്തിൽ നിൽക്കുന്ന
ഒരു സ്ത്രീയുടെ മുഖത്ത് മാത്രമല്ല പ്രകാശം
ഉണ്ടാകുന്നത്—
അവളുടെ പിന്നിൽ വരുന്ന തലമുറകളുടെ
വഴികളിലും ആ വെളിച്ചം വീഴും.
അവസാനം, ഒരു വിശ്വാസിനിയുടെ ഹൃദയത്തിൽ
എന്നും മുഴങ്ങട്ടെ ആ ഖുർആനിക പ്രാർത്ഥന:
﴿وَقُلْ رَبِّ زِدْنِي عِلْمًا﴾
“എന്റെ രക്ഷിതാവേ, എനിക്ക് അറിവ്
വർധിപ്പിച്ചുതരേണമേ.”
അറിവ് വർധിക്കട്ടെ.
ബോധം ആഴപ്പെടട്ടെ.
വിശ്വാസം ശക്തമാകട്ടെ.
ആത്മാഭിമാനം പവിത്രമാകട്ടെ.
അവളുടെ വിജ്ഞാനം അവൾക്കും
കുടുംബത്തിനും സമൂഹത്തിനും ഉമ്മത്തിനും
വെളിച്ചമാകട്ടെ.
അതാണ് വിജ്ഞാനമുള്ള മുസ്‌ലിം സ്ത്രീയുടെ
ഏറ്റവും മനോഹരമായ പരിചയം.

ഹാഫിസത്ത് ഫാത്തിമ
റാഹില ഫദീല

ഉണർന്ന മിഴി

രാവുറങ്ങുമ്പോൾ
ഒരു മിഴി മാത്രം ഉണർന്നു—
സുജൂദിൻ നനവിൽ.

Hafizath Fathima
Rahila Fadheela



അവൾ ; സ്വത്വവും വിമോചനവും



ബാഹ്യലോകത്തിന്റെ നിബന്ധനകൾക്കോ മറ്റുള്ളവരുടെ അളവുകോലുകൾക്കോ അടിയറവ് വെക്കാനുള്ളതല്ല മാനവിക വ്യക്തിത്വം. ചിന്തകളും നിലപാടുകളും ആത്മാഭിമാനവുമാണ് ഒരു മനുഷ്യനെ രൂപപ്പെടുത്തുന്നത്. ഈ ആത്മബോധത്തിന്റെ ദൃശ്യമായ പ്രഖ്യാപനമാണ് വസ്ത്രധാരണം. ശരീരം മറയ്ക്കാനുള്ള കേവലമൊരു ഭൗതികതലത്തിനപ്പുറം, ലോകത്തിന് മുന്നിൽ ഒരു വ്യക്തി സ്വന്തത്തെ എങ്ങനെ നിർവ്വചിക്കുന്നു എന്നതിന്റെ അടയാളപ്പെടുത്തലാണത്. ആധുനികലോകം ബാഹ്യാവരണത്തെ ഉപഭോഗവസ്തുവായോ സ്വാതന്ത്ര്യത്തിന്റെ സങ്കുചിതമായ അളവുകോലായോ ചുരുക്കിക്കാണാൻ ശ്രമിക്കുമ്പോൾ, ഒരു മുസ്ലിം സ്ത്രീയെ സംബന്ധിച്ചിടത്തോളം ആ പാവനമായ ആവരണം സ്വത്വത്തിന്റെയും അന്തസ്സിന്റെയും ഉദാത്തമായ വിമോചനത്തിന്റെയും പ്രതീകമാണ്. 'ഞാൻ' എന്ന വ്യക്തിയും, എന്നിൽ കുടികൊള്ളുന്ന ആത്മാഭിമാനവും, പ്രപഞ്ചത്തിന് മുന്നിൽ എന്റെ സാന്നിധ്യമറിയിക്കുന്ന എന്റെ വേഷവും തമ്മിൽ അവിഭാജ്യമായൊരു ആന്തരിക ലയം നിലനിൽക്കുന്നുണ്ട്.

ഒരു മനുഷ്യൻ ആരാണെന്ന ചോദ്യത്തിനുള്ള ആഴത്തിലുള്ള ഉത്തരമാണ് അവന്റെ സ്വത്വം. ബാഹ്യമായ അടിച്ചേൽപ്പിക്കലുകൾക്ക് വഴങ്ങാതെ സ്വന്തം തിരഞ്ഞെടുപ്പിലൂടെ ആന്തരികതയെ വെളിപ്പെടുത്തുമ്പോഴാണ് സ്വാതന്ത്ര്യം അർത്ഥപൂർണ്ണമാകുന്നത്. വിശുദ്ധ ഖുർആൻ അൽ-അഅ്റാഫ് സൂറത്തിലെ 26-ാം സൂക്തത്തിൽ ഇപ്രകാരം ഓർമ്മിപ്പിക്കുന്നു:
"മനുഷ്യകുലമേ, നിങ്ങളുടെ സ്വകാര്യതകൾ മറയ്ക്കാനും അലങ്കാരത്തിനുമുള്ള വസ്ത്രം നാം നിങ്ങൾക്ക് നൽകിയിരിക്കുന്നു. എന്നാൽ, ദൈവഭക്തിയാകുന്ന വസ്ത്രമത്രേ ഏറ്റവും ഉത്തമം."

മുസ്ലിം സ്ത്രീയുടെ ഹിജാബും വിശുദ്ധമായ മറയും കേവലമൊരു അന്ധമായ പരമ്പരാഗത രീതിയല്ല; മറിച്ച് ആത്മീയവും ചിന്താപരവുമായ ഉന്നത നിലപാടാണ്.
ലോകം അവളോട് കേവലം പ്രദർശനവസ്തുവായി ചുരുങ്ങാൻ ആവശ്യപ്പെടുമ്പോൾ, താൻ ഭൗതികശരീരത്തിനപ്പുറം ഉന്നതമായ ചിന്തയും ആത്മാവുമുള്ള സർഗ്ഗധനയാണെന്ന് തന്റെ വിശുദ്ധ മറയിലൂടെ അവൾ വിളിച്ചുപറയുന്നു. ഈ ആവരണം ഞാൻ ആഗ്രഹിക്കുന്ന സ്വത്വത്തിന്റെ സംരക്ഷണ കവചമാണ്; കമ്പോള സംസ്കാരത്തിന്റെയോ ഉപഭോഗ തൃഷ്ണയുടെയോ നോട്ടങ്ങൾ തട്ടാതെ അത് എന്റെ ഉള്ളിലെ പ്രകാശത്തെ പരിശുദ്ധമായി കാത്തുസൂക്ഷിക്കുന്നു..
ശരീരപ്രദർശനത്തിന്റെ അളവുകോൽ കൂടുമ്പോൾ മാത്രം സ്വാതന്ത്ര്യം സിദ്ധിക്കുന്നു എന്ന പാശ്ചാത്യ സങ്കൽപ്പം അങ്ങേയറ്റം വൈരുധ്യം നിറഞ്ഞതാണ്. ബാഹ്യമായ അനാവരണത്തിലല്ല, മറിച്ച് തനിമയെ കാത്തുസൂക്ഷിക്കുന്നതിലാണ് യഥാർത്ഥ അന്തസ്സ് കുടികൊള്ളുന്നത്. വിപണിയിലെ കാഴ്ചച്ചരക്കാകാൻ മടിക്കുന്ന സ്ത്രീ, ആവരണങ്ങൾക്കുള്ളിൽ സ്വന്തം ബുദ്ധിയും സർഗ്ഗാത്മകതയും കൊണ്ട് ലോകത്തോട് സംവദിക്കുമ്പോൾ ഉയർത്തിപ്പിടിക്കുന്നത് പ്രബുദ്ധമായ ആത്മാഭിമാനത്തിന്റെ രാഷ്ട്രീയമാണ്..

'ഹിജാബ്: ആത്മീയതയുടെയും സമർപ്പണത്തിന്റെയും അടയാളം'

വിശുദ്ധ ഖുർആനിൽ വസ്ത്രധാരണത്തെയും മിതത്വത്തെയും കുറിച്ച് വ്യക്തവും മനോഹരവുമായ മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. സൂറത്തുൽ അഹ്സാബിൽ (59-ാം സൂക്തം) ഇപ്രകാരം ഓർമ്മിപ്പിക്കുന്നു:
"പ്രവാചകരേ, താങ്കളുടെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളായ സ്ത്രീകളോടും അവർ തങ്ങളുടെ മേൽവസ്ത്രങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടാനും ഉപദ്രവിക്കപ്പെടാതിരിക്കാനും

അതാണ് ഏറ്റവും അനുയോജ്യമായത്.”

ഈ ഖുർആനിക അധ്യാപനം സ്ത്രീയെ പാർശ്വവൽക്കരിക്കാനോ സമൂഹത്തിൽ നിന്ന് ഒളിച്ചുവെക്കാനോ ഉള്ളതല്ല, മറിച്ച് പൊതുമണ്ഡലത്തിൽ അവൾക്ക് കൃത്യമായൊരു ആദരവും സുരക്ഷിതത്വവും ഉറപ്പുവരുത്താനാണ്. ‘അവർ തിരിച്ചറിയപ്പെടാൻ’ എന്ന പ്രയോഗം തന്നെ എത്രത്തോളം അർത്ഥവത്താണ്! അതായത്, ഒരു മുസ്ലിം സ്ത്രീ പൊതുസമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ, അവൾ കേവലമൊരു അജ്ഞാത രൂപമല്ല, മറിച്ച് ഉയർന്ന മാന്യതയും ഉന്നതമായ ആത്മീയ സംസ്കാരവുമുള്ള ഒരു വ്യക്തിത്വമായി തിരിച്ചറിയപ്പെടണം എന്നതാണതിന്റെ കാതൽ.

മനസ്സിലെ വിനയം, ചിന്തയിലെ വിശുദ്ധി, പെരുമാറ്റത്തിലെ മാന്യത എന്നിവയുടെ ബാഹ്യമായ പ്രതിഫലനമാണ് ഹിജാബ്. പ്രപഞ്ചസ്രഷ്ടാവിനോടുള്ള പൂർണ്ണമായ സമർപ്പണത്തിന്റെ സാക്ഷ്യപത്രമാണത്. ഒരു മുസ്ലിം സ്ത്രീ ഹിജാബ് ധരിക്കുമ്പോൾ, അവൾ ദൈവീക കൽപ്പനകളെ തന്റെ ജീവിതത്തിന്റെ മുൻഗണനയായി സ്വീകരിക്കുന്നു.

പ്രവാചകൻ (സ) തങ്ങൾ അരുളി:
“ഇസ്ലാം എന്നത് ബാഹ്യമായ പ്രവർത്തനങ്ങളും, ഈമാൻ എന്നത് ആന്തരികമായ വിശ്വാസവുമാണ്. ലജ്ജ (വിനയം) എന്നത് വിശ്വാസത്തിന്റെ ശാഖകളിൽ പെട്ടതുമാകുന്നു.” (മുസ്നദ് അഹ്മദ്)
ഈ ലജ്ജയോ വിനയമോ അപകർഷതാബോധമല്ല, മറിച്ച് സ്വന്തം ആത്മാവിന്റെ മനോഹാരിതയെ കാത്തുസൂക്ഷിക്കാനുള്ള ഉൾവിളിയാണ്. ആധുനിക ലോകം വസ്ത്രത്തെ ഭൗതിക ഭംഗിയുടെ മാത്രം അടിസ്ഥാനത്തിൽ അളക്കുമ്പോൾ, ഹിജാബ് അതിനെ ആത്മീയമായ തലത്തിലേക്ക് ഉയർത്തുന്നു. അത് ധരിക്കുന്ന സ്ത്രീ താൻ ദൈവത്തിന്റെ സൃഷ്ടിയാണെന്ന അത്യന്തം ഗൗരവമുള്ള ബോധ്യത്തോടെയാണ് ഓരോ ചുവടും മുന്നോട്ട് വെക്കുന്നത്.

ചരിത്രത്തിലെ ധീര വനിതകളും ഇസ്ലാമിക പെൺസ്വത്വത്തിന്റെ അടയാളങ്ങളും

വിശ്വാസവും ചാരിത്ര്യവും മാന്യമായ അവരണവും കാത്തുസൂക്ഷിച്ചുകൊണ്ടുതന്നെ ചരിത്രത്തിന്റെ പോരാട്ടവഴികളിലും വിജ്ഞാനഗോപുരങ്ങളിലും നിലയുറപ്പിച്ച ഉജ്ജ്വല വനിതകളുടെ ദീപ്തമായ പാരമ്പര്യമാണ് ഇസ്ലാമിനുള്ളത്. വസ്ത്രധാരണവും വിനയവും സ്ത്രീയെ വീട്ടകങ്ങളിൽ ഒളിച്ചിരിക്കാനുള്ള കൂടുണ്ടാക്കുകയല്ല, മറിച്ച് സമൂഹത്തിന് ആത്മവിശ്വാസത്തോടെ നേതൃത്വം നൽകാനുള്ള ചിറകുകളാണ് നൽകുന്നത് എന്ന് ചരിത്രത്തിന്റെ ഓരോ താളുകളും വ്യക്തമാക്കുന്നു.



ഇസ്ലാമിക ചരിത്രത്തിലെ അധ്യാപന രംഗത്തും ഫിഖ്ഹ്, ഹദീസ് ശാഖകളിലും പ്രവാചക പത്നി ആയിഷ (റ) വഹിച്ച പങ്ക് അദ്വിതീയമാണ്. വസ്ത്രധാരണത്തിലെ പവിത്രത കാത്തുസൂക്ഷിച്ചുതന്നെ വലിയൊരു സമൂഹത്തിന് അവർ വിജ്ഞാനം പകർന്നുനൽകി.
ലോകത്തിലെ ഏറ്റവും പുരാതനവും ഇന്നും പ്രവർത്തിക്കുന്നതുമായ ആദ്യത്തെ സർവ്വകലാശാല—മൊറോക്കോയിലെ അൽ-ഖറവിയ്യീൻ—സ്ഥാപിച്ചത് ഫാത്തിമ അൽ ഫിഹ്രി എന്ന ധീരവനിതയായിരുന്നു. സ്വന്തം സമ്പത്തും അറിവും സമൂഹത്തിന് സമർപ്പിച്ചുകൊണ്ട് തനിമയുള്ള വസ്ത്രധാരണത്തോടെയാണ് അവർ വിജ്ഞാനലോകത്ത് വിപ്ലവം സൃഷ്ടിച്ചത്.
രണ്ടാം ഖലീഫ ഉമർ (റ) മദീനയിലെ കമ്പോള മേൽനോട്ടവും വിപണിയിലെ ഭരണപരമായ ചുമതലകളും ഏൽപ്പിച്ചത് അത്യന്തം ഗൗരവക്കാരിയായ പണ്ഡിതയും ചിന്തകയുമായിരുന്ന ഷിഫാ ബിൻത് അബ്ദുള്ള (റ) എന്ന വനിതയെയായിരുന്നു. പൊതുഭരണ രംഗത്തും തീരുമാനങ്ങൾ എടുക്കുന്നതിലും തങ്ങളുടെ ആത്മാഭിമാനവും വിശുദ്ധ മറയും കാത്തുസൂക്ഷിച്ചുകൊണ്ട് തന്നെ അവർ മുൻപന്തിയിൽ നിന്നു.
സ്വന്തം ജീവനും ശരീരവും തടസ്സമാകാതെ ഉഹുദ് യുദ്ധക്കളത്തിൽ പ്രവാചകന് (സ) സംരക്ഷണ കവചമൊരുക്കി വാളേന്തിയ നുസൈബ ബിൻത് കഅ്ബ് (റ), യുദ്ധക്കളങ്ങളിൽ പരിക്കേറ്റവർക്ക് ശുശ്രൂഷ നൽകാനും സാന്ത്വനമേകാനും മുന്നിട്ടിറങ്ങിയ റുഫൈദ അൽ അൻസാരിയ്യ തുടങ്ങിയവർ സ്ത്രീത്വത്തിന്റെ ധീരമായ പ്രതിരൂപങ്ങളായിരുന്നു.

പെൺസ്വത്വവും വിശുദ്ധമായ അവരണവും സ്ത്രീയുടെ കഴിവുകൾക്ക് വിലങ്ങിടുകയല്ല, മറിച്ച് സാമൂഹിക സാംസ്കാരിക മേഖലകളിൽ ആത്മവിശ്വാസത്തോടെ നിലയുറപ്പിക്കാനുള്ള ആത്മീയ കരുത്താണ് നൽകുന്നത് എന്നതിന് ചരിത്രം നൽകുന്ന വ്യക്തമായ തെളിവുകളാണിവർ.

പാശ്ചാത്യ ഫെമിനിസവും വിമോചനത്തിന്റെ ഇസ്ലാമിക പരിപ്രേക്ഷ്യവും

സ്ത്രീ വിമോചനത്തെക്കുറിച്ചുള്ള ആധുനിക പാശ്ചാത്യ സങ്കൽപ്പങ്ങളും ഇസ്ലാമിക കാഴ്ചപ്പാടുകളും തമ്മിൽ സങ്കൽപ്പികവും സൈദ്ധാന്തികവുമായ മൗലിക വ്യത്യാസങ്ങളുണ്ട്. സ്ത്രീയുടെ സ്വാതന്ത്ര്യത്തെയും വിമോചനത്തെയും പാശ്ചാത്യ ഫെമിനിസം പലപ്പോഴും അളക്കുന്നത് പുരുഷ കേന്ദ്രീകൃത വ്യവസ്ഥയോടുള്ള കേവല മത്സരത്തിലൂടെയോ, വസ്ത്രങ്ങളുടെ പരിമിതികൾ ഇല്ലാതാക്കുന്നതിലൂടെയോ, അല്ലെങ്കിൽ ശരീരപ്രദർശനത്തിനുള്ള അവകാശത്തിലൂടെയോ ആണ്. എന്നാൽ ഈ 'തുല്യത' എന്ന വാദത്തിന് പിന്നിൽ മുതലാളിത്ത കമ്പോള സംസ്കാരം സ്ത്രീശരീരത്തെ ഒരു ഉപഭോഗവസ്തുവായോ വിപണന തന്ത്രമായോ അധഃപതിപ്പിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. പരസ്യങ്ങളിലും ഉപഭോഗ മേഖലകളിലും സ്ത്രീയുടെ ബാഹ്യരൂപം പ്രദർശിപ്പിക്കപ്പെടുമ്പോൾ, അതിനെ സ്വാതന്ത്ര്യമെന്ന് തെറ്റിദ്ധരിപ്പിക്കുന്ന ആധുനിക വ്യവസ്ഥയോട് ഇസ്ലാമിക ദർശനം വിയോജിക്കുന്നു.

ഇസ്ലാമിൽ സ്ത്രീ വിമോചനം എന്നത് ശരീരത്തിന്റെ പ്രദർശനത്തിലല്ല, മറിച്ച് ആത്മാവിന്റെയും ചിന്തയുടെയും ആത്മാഭിമാനത്തിന്റെയും പൂർണ്ണതയിലാണ് കുടികൊള്ളുന്നത്. കമ്പോളത്തിന്റെ ഉപഭോഗ കണ്ണുകളിൽ നിന്ന് മാറി നിൽക്കാനും, താൻ കേവലമൊരു ദൃശ്യവസ്തുവല്ല മറിച്ച് സർഗ്ഗാത്മകതയും ബുദ്ധിയുമുള്ള വ്യക്തിത്വമാണെന്ന് ലോകത്തോട് വിളംബരം ചെയ്യാനുമുള്ള ശക്തമായ രാഷ്ട്രീയ പ്രഖ്യാപനമാണ് അവളണിയുന്ന വസ്ത്രധാരണം. പുരുഷന്റെ മൂശയിൽ സ്വന്തം സ്വത്വം വാർത്തെടുക്കാനല്ല, മറിച്ച് സ്രഷ്ടാവ് നൽകിയ പാവനമായ പെൺസ്വത്വത്തിൽ അഭിമാനം കൊണ്ട് സമൂഹത്തിന്റെ മുൻനിരയിലേക്ക് ഇറങ്ങിച്ചെല്ലാനാണ് ഇസ്ലാം സ്ത്രീയെ പ്രാപ്തയാക്കുന്നത്.

ഉപസംഹാരം

ആവരണത്തിലൂടെ സ്വന്തം സ്വത്വത്തെ തിരിച്ചറിയുകയും, ആ അന്തസ്സോടെ ലോകത്തോട് സംവദിക്കുകയും ചെയ്യുമ്പോഴാണ് സ്ത്രീയുടെ വിമോചനം പൂർണ്ണമാകുന്നത്. ഹിജാബ് എന്നത് കേവലമൊരു വേഷമല്ല; മറിച്ച് ഈമാനിന്റെ തിളക്കവും, ആത്മാഭിമാനത്തിന്റെ കവചവും, വിപണി സംസ്കാരത്തിനെതിരെയുള്ള പ്രബുദ്ധമായ രാഷ്ട്രീയ പ്രഖ്യാപനവുമാണ്. അതിലൂടെ കൈവരുന്ന മാന്യതയോടെയും ആത്മവിശ്വാസത്തോടെയും വർത്തമാനകാലത്തോട് സംവദിക്കാൻ ഓരോ മുസ്ലിം സ്ത്രീക്കും സാധിക്കട്ടെ.



ആകാശം നിറയെ പൂക്കൾ



തെറ്റിന്റെഭാണ്ഡമാറാപ്പുമേന്തിയവളൊരിക്കെയുറക്
കയാമത്തിലേക്ക് ചേക്കേറവേ....

സ്വപ്നം നെയ്തു തീർത്ത കറുത്ത
വറ്റിവരണ്ടൊരാകാശം കണ്ടവൾ വിയർത്തൊട്ടി
ഞെട്ടിയുണരവേ....

കൂരിരുട്ടാൽ മറതീർത്തൊരാ വിണ്ടുകീറി
വിള്ളലേറ്റൊരു കരച്ചിൽ തന്റിടത്തെ നെഞ്ചിൽ
കേട്ടവളന്ന് തിരിഞ്ഞുമ്മറിഞ്ഞും കിടന്നൊരു വഴി
തിരയവേ.....

ഒടുവിലൊരുൾവിളി പോൽ ശഹാദത്തിന്റെ
മാധുര്യലാളനയുടെ തേൻവിളിയിലവളൊരു
നിമിഷം നിശ്ചലമാകവേ....

നെഞ്ചിൽ കൈപ്പത്തി
ചേർത്തവളന്നാദ്യമായീമാന്റെ
തേൻമൊഴിയതരമൊഴിയാൽ ഹൃത്തിടത്തേക്ക്
കുത്തിത്തുളക്കവേയാദ്യമായവളാകാശത്തൊരു
പുഷ്പം നട്ടു.....!!!!

ദിനം പിന്നിലേക്കൊതുക്കവേ ഇന്നവളാണവൾ.....

വിണ്ണിലെയനന്തതയിലലിയും നിശാഗന്ധികൾ
പോലെ,
ചേതനയിൽ ദിവ്യാനുഭൂതിയുടെ സുഗന്ധം
പേറുന്നവൾ....

മാനസാന്തരങ്ങളിൽ ഭക്തിയുടെ സാന്ദ്രത നിറച്ച്,
ആത്മീയതയുടെ സാഗരത്തിൽ നീരാടുമൊരു
സൗന്ദര്യം തീർത്തവൾ....

വിശ്വാസതന്ത്രികൾ മീട്ടുന്ന ഈമാന്റെ
സ്വരരാഗത്തിൽ,
ഹിജാബിൻ തൂവെള്ള മേലാപ്പ് പവിത്രതയായി
ചൂടുന്നൊരുവൾ.....

സത്യധർമ്മങ്ങളുടെ അവിചലമായ
പാതയിലടിപതറാത്ത നിർഭയത്വത്തോടെ
പാദമൂന്നുന്നവൾ....

വിജ്ഞാനത്തിന-
മൃതകിരണങ്ങൾ തേടി വിണ്ണിലേക്ക്

വിടരുമ്പോളവളുടെ
ഹൃത്തിടത്തിൽ പ്രശോഭിക്കുന്നത് പടച്ചവന്റെ
കരുണാർദ്രമായ കനിവ് മാത്രം .....

ആകാശം നിറയെ വിരിഞ്ഞുനിൽക്കും
സുഗന്ധവർണ്ണകുസുമങ്ങളാൽ തീർത്തൊരു
സ്വപ്നം കണ്ടവളൊടുവിലത് ഹൃദയം കൊണ്ട്
രുചിക്കാൻ മാലാഖമാർക്കൊപ്പവൾ പറന്നകന്നു...

ആരും കൊതിക്കുമൊരു മടക്കയാത്ര.....!!!!

PROUD MUSLIMAH

Being a Muslim woman is something to be proud of. It is not only about wearing a hijab or following the rules of Islam. It is about having faith in Allah, following His teachings, and trying to become a better muslimah every day. A Muslim woman may have many dreams and responsibilities, but her faith always gives her guidance. Being a proud Muslimah means accepting Islam as a beautiful part of life and never feeling ashamed of it. Today, we often see people judging Muslim women by their appearance. When they see a woman wearing a hijab, they may form different opinions about her without knowing anything about her life. Sometimes, people give more importance to her dress than to her education, talents, and abilities. But is it right to judge someone in this way? A woman's clothes cannot tell us everything about her.

She may have many dreams, great abilities, and a strong desire to learn. Every Muslim woman has her own story, and she deserves to be understood beyond her appearance. For a Muslim woman, the hijab is not just a piece of cloth. It is connected to her faith and her relationship with Allah. Some people may think that hijab limits a woman's freedom, but they may not understand what it means to the woman who wears it. For a believer, modesty is a part of obeying Allah and living according to Islamic values. Hijab also reminds a muslimah of her identity. She should not feel ashamed of her faith just because everyone may not understand her choices. At the same time, wearing a hijab does not mean that she has no dreams or ambitions. She can study, work, develop her talents, and achieve her goals while following her religious values. Islam gives great importance to education. In the Holy Qur'an, Allah teaches us to pray:

وَقُلْ رَبِّ زِدْنِي عِلْمًا..


which means, "My Lord, increase me in knowledge" (surah thwaha).

This verse reminds us that learning should never stop. Education does not end when we pass an examination or receive a degree. There is always something new to learn. A Muslim woman should continue gaining knowledge and improving herself throughout her life. She can use her education to help her family, support others, and contribute to society. Faith and education can go together, and both can help a woman lead a meaningful life. Islamic history also gives us beautiful examples of strong and knowledgeable women. Qadeeja beevi (رضي الله عنها) was known for her honesty, wisdom, and support for Prophet Muhammad (S) . Ayisha (رضي الله عنها) was a great scholar who taught many people about Islam. Their lives show that Muslim women have an important place in Islamic history. They remind us that a woman



can be faithful, wise, and knowledgeable at the same time. Their examples should encourage Muslim girls to learn more, use their abilities, and do good things for society. Being a proud Muslimah does not mean that life will always be easy. Sometimes, Muslim women may face unfair judgments or misunderstandings because of their religious identity. People may make assumptions about their character or abilities without knowing them. In such situations, good character, knowledge, and actions can help others understand them better. Islam teaches us to be kind, honest, patient, and respectful. These qualities should be seen in the way a Muslim woman speaks and behaves. However, no woman should have to prove her worth just because others misunderstand her appearance. Islam teaches us to respect human dignity and treat others fairly. Being proud of our religion should also remind us of our responsibilities. A Muslim woman should try to improve her character, gain knowledge, fulfil her duties, and help others whenever possible. Pride in faith does not mean thinking that we are better than everyone else. It means being thankful for the guidance of Islam and trying to follow it sincerely. A proud Muslimah is not a person who never makes mistakes or faces difficulties. She is someone who keeps learning, tries to correct her mistakes, and turns to Allah for guidance. She can have dreams for her future without forgetting her faith. She can be educated and modest, confident and kind, strong and respectful. These qualities can exist together in a Muslim woman's life. In the end, being a proud Muslimah means being happy with our identity, thankful for our faith, and willing to follow the teachings of Islam. The world may notice a woman's hijab first, but there is much more to her than her appearance. Her knowledge, character, dreams, and good actions are also important. Every Muslim woman should have the confidence to learn, grow, and contribute to society without feeling ashamed of her faith. A proud Muslimah carries her faith with dignity, seeks knowledge throughout her life, and tries to become a better person for the sake of Allah..

Shahma K Fadheela



പങ്കുവെക്കലിന്റെ തുരുത്തുകൾ

അധാർമികതയുടെ ഉൽനാമ്പുകളിൽ നിന്നും സത്യത്തിന്റെയും നീതിയുടെയും വെള്ളി വെളിച്ചത്തിലേക്ക് ലോകരെ എത്തിച്ച മതമാണ് ഇസ്ലാം. സത്യത്തിലും നീതിയിലും അധിഷ്ഠിതമായ അതിന്റെ ആശയങ്ങളിൽ മാനവകുലം കാലാനുസൃതമായി ആകർഷിക്കപ്പെട്ടുകൊണ്ടേയിരുന്നു. എന്നാൽ ഇന്ന് ഇസ്ലാം സമൂഹങ്ങളിൽ അതിന്റെ ആദർശങ്ങളുടെ പേരിൽ ലോകത്തിന്നേവരെ ഉണ്ടായതിലും വലിയ വിവാദങ്ങൾക്കും ചർച്ചകൾക്കും സാക്ഷിയാകുന്നതാണ് കാലിക സമൂഹത്തിലെ സ്ഥിതി. എങ്കിലും, പലരും പടർത്തുന്ന ഈ ഭീതിയുടെയും മിഥ്യാധാരണയുടെയും അകക്കാമ്പിൽ നിന്ന് സത്യത്തെ ചിന്തിച്ചെടുക്കുമ്പോഴാണ് ഇസ്ലാം എന്ന മാനവിക മതത്തിന്റെ സത്യത്തെയും നീതിയെയും തിരിച്ചറിയാൻ സാധ്യമാകുന്നത്. ലോകത്തുള്ള പല മതങ്ങളുടെയും ആദർശത്തിന്റെ അച്ചുതണ്ട് വർഗീയതയും വിഭാഗീയതയും ആണെന്ന് നമുക്ക് നിസ്സംശയം തിരിച്ചറിയാനാകും. ജാതീയതയുടെയും വിഭാഗീയതയുടെയും വർഗീയതയുടെയും ഉത്തുംഗതയിൽ സമുദായത്തെ വർഗീകരിച്ച് ചിത്രീകരിക്കുന്ന അനേകം മതങ്ങളുണ്ട്. എന്നാൽ പരിശുദ്ധ ഇസ്ലാം ഇതിൽ നിന്ന് വിഭിന്നമായി സമത്വത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഇസ്ലാമിക വീക്ഷണത്തിൽ മാനവകുലം പ്രപഞ്ചനാഥന്റെ മഹത്തായ സൃഷ്ടിയാണ്. അതിൽ വംശമോ ലിംഗമോ കുലമോ നിറമോ പ്രായമോ പരിഗണിച്ച് പ്രത്യേക പരിഗണന നൽകുന്നില്ല. മറിച്ച്, ഒരു വ്യക്തിയെ സമൂഹത്തിന്റെ ഉന്നതിയിൽ എത്തിക്കുന്നത് അവന്റെ പ്രവർത്തനങ്ങളാണെന്നാണ് ഇസ്ലാമിക വീക്ഷണം. "മനുഷ്യരെ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ



പരസ്പരം തിരിച്ചറിയേണ്ടതിനായി നിങ്ങളെ വിവിധ ജനവിഭാഗങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു" (സൂറത്തുൽ ഹുജറാത്ത്: 13). മാനവകുലത്തെ ഒരൊറ്റ മാതാപിതാക്കളിൽ നിന്നും സൃഷ്ടിച്ചു എന്ന് പ്രഖ്യാപിക്കുന്നതിലൂടെ ജാതി, മത, ലിംഗ, കുല, പ്രായഭേദമന്യേ സാഹോദര്യമായിരിക്കണം സമൂഹത്തിന്റെ മുഖമുദ്ര എന്ന് ഇസ്ലാം പ്രഖ്യാപിക്കുന്നു. നവകാലഘട്ടത്തിൽ ഇസ്ലാം യുദ്ധത്തിന്റെയും വംശഹത്യയുടെയും രക്തച്ചൊരിച്ചിലിന്റെയും മതമാണെന്ന് പ്രഖ്യാപിക്കുന്ന മൂഢവാദികൾക്ക് ഖുർആനിക പ്രഖ്യാപനം ഇസ്ലാമിന്റെ വിശുദ്ധ ആശയത്തിന്റെ വെളിച്ചം വീശുന്നു. ലോകത്ത് ആദ്യമായി മതത്തിനതീതമായി മനുഷ്യസ്നേഹത്തിനും സാഹോദര്യത്തിനും സ്ഥാനം നൽകിയ മതമാണ് ഇസ്ലാം.

മീഥാഖുൽ മദീന

ഗോത്ര സമൂഹങ്ങളുടെ അക്രമ, വിവാഹ വിഹാര കേന്ദ്രമായിരുന്നു അന്ന് അറേബ്യ. ഗോത്രങ്ങൾ തമ്മിൽ യുദ്ധങ്ങളും തർക്കങ്ങളും നിരന്തര കാഴ്ചയായിരുന്നു. ഒരു രാഷ്ട്രത്തിന്റെ കീഴിൽ നാം ഒത്തൊരുമയോടെ നിൽക്കേണ്ടവരാണെന്നും, നാം കൊന്നൊടുക്കുന്നത് സ്വന്തം സമൂഹത്തെയാണെന്നും ഉള്ള ചിന്ത അന്നവർക്കില്ലായിരുന്നു. അതികഠിനമായി യുദ്ധവെറിയെ മുറുകിയ മനസ്സായിരുന്നു അവരുടേത്; എത്രത്തോളമെന്നാൽ...

അറബി മാസങ്ങളിലെ രണ്ടാമത്തെ മാസമായ സഫറിന് (വീട് ഒഴിയുക) ആ പേര് ലഭിക്കാൻ ഒരു കാരണം, യുദ്ധാവശ്യത്തിനായി അറബികൾ വീട്ടിൽ നിന്ന് പോകുന്നത് മൂലം അവരുടെ വീടുകൾ ഒഴിയുന്നു എന്നതാണ്. അങ്ങനെയാണ് ഈ മാസത്തിന് സഫർ എന്ന പേര് ലഭിച്ചത്. അതുപോലെ, അല്ലാഹുവിന്റെ നിർദ്ദേശപ്രകാരം അറബികൾ പവിത്രത കൽപ്പിച്ച മാസങ്ങളായിരുന്നു ദുൽഖഅദ്, ദുൽഹിജ്ജ, മുഹറം, റജബ് എന്നീ മാസങ്ങൾ. ഈ മാസങ്ങളിൽ യുദ്ധം നിരോധിക്കപ്പെട്ടതായിരുന്നു. എന്നാൽ, ദുൽഖഅദ്, ദുൽഹിജ്ജ, മുഹറം എന്നിങ്ങനെ തുടർച്ചയായി മൂന്നു മാസങ്ങളിൽ യുദ്ധം ചെയ്യാതിരിക്കാൻ യുദ്ധപ്രിയരായ അറബികൾക്ക് മടിയായിരുന്നു. അതിനാൽ തന്നെ മുഹറം മാസത്തിൽ അവർ യുദ്ധം ചെയ്യുകയും, അതിനുപകരമായി സഫറിൽ യുദ്ധത്തിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തു. ഇതിനെ സംബന്ധിച്ച് സൂറത്തുത് തൗബയിൽ പരാമർശിക്കുന്നുണ്ട്.

ഇത്തരത്തിൽ ലഹളകളെ ആഘോഷമായി കണ്ട ഒരു സമൂഹത്തിലേക്കാണ് പ്രവാചകർ സ്വല്ലല്ലാഹു അലൈഹിവസല്ലമ തങ്ങൾ കടന്നുവന്നത്. ഒരു രാജ്യത്തിലെ ജനങ്ങൾ പരസ്പരം സാഹോദര്യ ബോധവും സമഭാവനയും വിഭാവനം ചെയ്തുകൊണ്ട് 'മീഥാഖുൽ മദീന' എന്ന ചരിത്രപ്രസിദ്ധമായ മദീന ഭരണഘടന സ്ഥാപിച്ചു. ഹിജ്റ ഒന്നിന് അനസ് ബിൻ മാലിക് റളിയള്ളാഹു അൻഹുവിന്റെ വീട്ടിൽ വെച്ച് വ്യത്യസ്ത ഗോത്രങ്ങളുടെ പ്രതിനിധികൾ യോഗം ചേർന്നു. രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ശോഷണം വരുത്താത്ത രൂപത്തിലുള്ള ഒരു സമൂഹത്തിന്റെ നിലനിൽപ്പിന് വേണ്ടി അന്ന് ചില നിയമങ്ങൾ നിർണ്ണയിക്കാൻ അവർ തീരുമാനിച്ചു.

ന്യൂനപക്ഷത്തിന്റെയും ഭൂരിപക്ഷത്തിന്റെയും താത്പര്യങ്ങൾ അംഗീകരിച്ചുകൊണ്ട്, പ്രവാചകൻ തിരുമേനി സകല വിഭാഗങ്ങളുടെയും അവകാശങ്ങളെ മാനിച്ചുകൊണ്ട് ഭരണഘടനയിലെ നിയമങ്ങൾ രൂപീകരിച്ചു. അതിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്:

ഒന്ന്: മുഹാജിറുകളും അൻസാറുകളും മറ്റുള്ളവരും ചേർന്ന് ഒരൊറ്റ സമൂഹമായി വർത്തിക്കുമെന്ന് പ്രഖ്യാപിച്ചു.

രണ്ട്: മുസ്ലിംകൾക്കും യഹൂദർക്കും മറ്റു മതസ്ഥർക്കും സ്വന്തം വിശ്വാസങ്ങൾ അനുസരിച്ച് ജീവിക്കാനും ആരാധനകൾ നടത്തുവാനും പൂർണ്ണ സ്വാതന്ത്ര്യം നൽകി.

മൂന്ന്: നിയമത്തിന് അതീതമായി ആരുമില്ലെന്നും എല്ലാവർക്കും തുല്യനീതി ഉറപ്പുവരുത്തുമെന്നും പ്രഖ്യാപിച്ചു.

നാല്: മദീനയ്ക്ക് നേരെ വരുന്ന ഏതൊരു ആക്രമണത്തെയും എല്ലാവരും ഒറ്റക്കെട്ടായി നിന്ന് നേരിടണം.

അഞ്ച്: ചൂഷണം തടയുമെന്നും ന്യായമായ കച്ചവട രീതികൾ പ്രോത്സാഹിപ്പിക്കുമെന്നും വ്യക്തമാക്കി. കൂടാതെ, സാധുക്കളെയും അനാഥകളെയും സംരക്ഷിക്കേണ്ടത് പൊതുവായ ഉത്തരവാദിത്വമാണെന്നതിന് ഊന്നൽ നൽകി.

യാതൊരു നിയമസംഹിതയുമില്ലാതെ കാട്ടുനീതി പിന്തുടർന്ന അറബികൾക്ക് ലോകത്തെ ആദ്യ ലിഖിത ഭരണഘടന നടപ്പിലാക്കാൻ പരിശുദ്ധ റസൂൽ സ്വല്ലല്ലാഹു അലൈഹിവസല്ലമ തങ്ങൾക്ക് സാധിച്ചു.

സമത്വത്തിന്റെയും സമാധാനത്തിന്റെയും ഇസ്ലാം

പരിശുദ്ധ ഇസ്ലാം ആദമിന്റെ സന്താനങ്ങൾക്ക് എല്ലാവർക്കും മനുഷ്യൻ എന്ന പദവി നൽകി ആദരിച്ചു. മാനവ സമൂഹത്തെ ലിംഗഭേദമന്യേ, വംശഭേദമന്യേ, വർഗ്ഗഭേദമന്യേ തുല്യരായി പരിഗണിച്ചു. "മനുഷ്യരെ, തീർച്ചയായും നിങ്ങളെ നാം ഒരാളിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു.

നിങ്ങൾ പരസ്പരം തിരിച്ചറിയേണ്ടതിനായി നിങ്ങളെ വിവിധ ജനവിഭാഗങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു" (സൂറത്തുൽ ഹുജറാത്ത്: 13).
ഒരേ മാതാപിതാക്കളിൽ നിന്നായി നമ്മെ പടയ്ക്കുകയും, വിവിധ ഗോത്രങ്ങളിലും വംശങ്ങളിലും വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവരാക്കുകയും ചെയ്തത് പരസ്പരം തിരിച്ചറിയുന്നതിനു വേണ്ടി മാത്രമാണ്. അതിനാൽ തന്നെ, സംസാരിക്കുന്ന ഭാഷയുടെ അടിസ്ഥാനത്തിലോ ജീവിക്കുന്ന സ്ഥലത്തെ മുൻനിർത്തിയോ, നിറത്തിന്റെയോ വംശത്തിന്റെയോ പേരിൽ ഒരു വിഭാഗത്തെയും ഇസ്ലാം ഇകഴ്ത്തുന്നുമില്ല; മാത്രമല്ല, അത്തരം കാര്യങ്ങളുടെ പേരിൽ ആർക്കും പ്രത്യേക പരിഗണന നൽകുന്നുമില്ല. മനുഷ്യകുലം ഒരൊറ്റ മാതാപിതാക്കളിൽ നിന്നുള്ളതാണെന്ന് പ്രഖ്യാപിക്കുന്നതിലൂടെ മാനവകുലത്തിന്റെ സമഭാവനത്തിന്റെയും സാഹോദര്യത്തിന്റെയും അടിത്തറയാണ് ഇവിടെ പാകുന്നത്.
സമത്വത്തിന് പരിശുദ്ധ പ്രവാചകനോളം മറ്റൊരു മാതൃക ലോകത്ത് ഇന്നേവരേ ഇല്ല; ഇനി ഉണ്ടാവുകയും ഇല്ല. അവിടുത്തെ അധ്യാപനങ്ങളിൽ വർഗ്ഗീയതയെക്കുറിച്ച് കർശനമായ വിലക്കാണുള്ളത്. വർഗ്ഗീയത സമൂഹത്തെ നശിപ്പിക്കുമെന്ന് പ്രവാചകൻ നമ്മെ പഠിപ്പിച്ചു. സകല ചരാചരങ്ങളോടും കാരുണ്യത്തിന്റെ ചിറക് താഴ്ത്തുവാൻ റസൂൽ കരീം നമ്മെ പ്രേരിപ്പിച്ചു. എന്നാൽ, ഇന്ന് ഇസ്ലാമിന്റെ പേര് പറഞ്ഞ് അന്യമതസ്ഥരെ ക്രൂശിക്കുകയും വെറുക്കുകയും ചെയ്യുന്ന മുസ്ലിം നാമധാരികളുടെ എണ്ണം ചെറുതല്ല. ദീൻ അല്ലാഹുവിന്റെതാണ്. അല്ലാഹു അത് ജിബ്രീൽ അലൈഹിസ്സലാം മുഖേന റസൂലിലേക്കും, റസൂൽ മുഖേന ഉമ്മത്തിന്റെ താഴെത്തട്ടുകളിലേക്കും എത്തിച്ചു. അന്യമതസ്ഥരെ നിരന്തരം വെറുക്കുകയും അവർക്ക് നേരെ ശാപവാക്കുകൾ പടച്ചുവിടുകയും ചെയ്യുന്ന ഇവർ മറ്റുള്ളവരെ വെറുക്കുന്നതിലൂടെ ആരെയാണ് മാതൃകയാക്കുന്നത്?
ആദർശത്തിന്റെ പേരിലാണ് ഇതെങ്കിൽ, അതേ ആദർശം നമ്മെ പഠിപ്പിച്ച പ്രവാചക തിരുമേനി, സ്വന്തം നാട്ടിൽ നിന്നും സത്യമതം പ്രചരിപ്പിച്ചതിന്റെ പേരിൽ പട്ടിണിക്കിട്ടും പരിഹസിച്ചും പീഡിപ്പിച്ച മക്കാ നിവാസികൾക്ക് ഒരവസരത്തിൽ കടുത്ത ദാരിദ്ര്യം അനുഭവപ്പെട്ടപ്പോൾ 500 സ്വർണ്ണനാണയം കൊടുത്തയക്കുകയാണുണ്ടായത്. ഇതാണ് പ്രവാചക തിരുമേനി നമ്മെ പഠിപ്പിച്ച മാതൃക! എന്തിന്, പ്രവാചകർ സ്വല്ലല്ലാഹു അലൈഹിവസല്ലമ തങ്ങൾ വഫാത്താകുന്ന സമയത്തും അവിടുത്തെ പടയങ്കി ഒരു ജൂതന്റെ പണയത്തിലായിരുന്നു. അത് മദീനയിൽ എത്തിയ ഒരു അതിഥിയെ സൽക്കരിക്കാൻ ഗോതമ്പുപൊടി വാങ്ങി നൽകുന്നതിനായി പണയപ്പെടുത്തിയതായിരുന്നു. പ്രവാചക സന്നിധിയിൽ ഇരുന്നപ്പോൾ മദീനയിൽ പറന്നത് സാഹോദര്യത്തിന്റെ കാറ്റായിരുന്നു.
പ്രവാചക വിയോഗത്തിനു ശേഷവും അവിടുത്തെ സ്വഹാബാക്കൾ ഈ രീതി തന്നെയാണ് മാതൃകയാക്കിയത്. സിറിയയിലേക്ക് പുറപ്പെട്ട സൈന്യത്തിനായി അബൂബക്കർ സിദ്ദീഖ് റളിയള്ളാഹു അൻഹു നൽകിയ നിർദ്ദേശം സുപ്രധാനമാണ്: മഠങ്ങളിൽ ആരാധനാനിമഗ്നരായിരിക്കുന്ന സന്യാസിമാർക്ക് യാതൊരു പരിക്കും ഏൽപ്പിക്കരുതെന്നും ആരാധനാലയങ്ങൾ നശിപ്പിക്കരുതെന്നും യുദ്ധത്തിനായി നീങ്ങുന്ന സ്വന്തം സൈന്യത്തെ നിർദ്ദേശിച്ച ഒന്നാം ഖലീഫയാണ് യഥാർത്ഥ ആദർശവാദി.
ഇത്തരത്തിൽ ഒരു ബഹുസ്വര സമൂഹത്തിൽ വർഗ്ഗീയത ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും പിഴുതെടുത്ത് ജീവിക്കാൻ നബി തിരുമേനി നമ്മെ പഠിപ്പിച്ചു. നിഷ്പക്ഷതയുടെയും സഹിഷ്ണുതയുടെയും മതമാണ് ഇസ്ലാം; സഹവർത്തിത്വമാണ് അതിന്റെ വിശുദ്ധി; സ്നേഹവും കാരുണ്യവുമാണ് ഈ മതത്തിന്റെ മുഖമുദ്ര.

കുടുംബാന്തരീക്ഷം അധികാരത്തിന്റെതല്ല

അല്പകാലം മുമ്പ് ഇൻസ്റ്റഗ്രാമിലൂടെ സ്ക്രോൾ ചെയ്യുന്നതിനിടയിൽ ഒരു ചെറുകഥ വായിക്കാൻ ഇടയാവുകയുണ്ടായി. അതിങ്ങനെയാണ്:
ഒരു ദിവസം ഒരു അധ്യാപിക ക്ലാസ്സിൽ ഒരു ചോദ്യം ചോദിച്ചു, "നിങ്ങൾക്കൊക്കെ വലുതാകുമ്പോൾ ആരാകാനാണ് ആഗ്രഹം?" പലതരത്തിലുള്ള ഉത്തരങ്ങൾ അന്ന് ക്ലാസ്സിൽ നിന്ന് ഉയർന്നു; പോലീസ്, ഡോക്ടർ, പൈലറ്റ്... അതിനിടയിൽ ഒരു കുട്ടി പറഞ്ഞ ഉത്തരം കേട്ട് ക്ലാസ്സിലെ കുട്ടികൾ ഒന്നടങ്കം ചിരിച്ചു. കുട്ടികളുടെ ചിരിയിൽ ആ കുട്ടിയുടെ ശബ്ദം പുറത്തുകേൾക്കാൻപോലും ടീച്ചർക്ക് സാധിച്ചില്ല. തുടർന്ന് ടീച്ചർ ആ കുട്ടിയുടെ അടുത്ത് ചെന്ന് സ്നേഹത്തോടെ ചോദിച്ചു, "മോളെ, ആരാകാനാണ് നിനക്ക് ആഗ്രഹം?" മറ്റുള്ളവരുടെ ചിരിയിൽ ചൂളിപ്പോയ ആ പെൺകുട്ടി നഖം കടിച്ചുകൊണ്ട് ടെൻഷനോടെ പറഞ്ഞു, "അച്ഛൻ."
ആകാംഷയോടെ ടീച്ചർ ചോദിച്ചു, "നിന്റെ അച്ഛൻ എന്ത് ചെയ്യുന്നു?"
"അച്ഛൻ പെയിന്റ് പണിയാണ് ചെയ്യുന്നത്."
"അച്ഛൻ ജോലി ചെയ്യുന്ന രീതിയാണോ നിനക്ക് ഇഷ്ടമായത്?"
"അല്ല, എന്റെ വീട്ടിലെ അവസാന വാക്ക് അച്ഛന്റേതാണ്. അച്ഛമ്മ പോലും അച്ഛന്റെ ശബ്ദം ഉയർത്തിയുള്ള സംസാരം കേട്ടാൽ പേടിക്കും."
ഈ സംഭവം കേവലം ഒരു കുടുംബത്തിൽ മാത്രം ഒതുങ്ങുന്നതല്ല; മറിച്ച് ഒരുവിധം എല്ലാ കുടുംബങ്ങളിലും ഇതേ സ്ഥിതിയാണുള്ളത്. നമ്മുടെ സമൂഹം ഇപ്പോഴും ഒരു പാട്രിയാർക്കൽ സമൂഹമാണ്. പുരുഷൻ എന്തും ആകാം എന്നൊരു തെറ്റായ ധാരണ ഇതിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. എന്നാൽ ഇസ്ലാം ഇതിന് യാതൊരുവിധ അംഗീകാരവും നൽകുന്നുണ്ടോ? പരിശുദ്ധ ഖുർആനിൽ അല്ലാഹു നമ്മെ പഠിപ്പിക്കുന്നത്, കുടുംബം അധികാരത്തിന്റെ കേന്ദ്രമല്ല, മറിച്ച് പരസ്പര കാരുണ്യത്തിന്റെയും വിട്ടുവീഴ്ചയുടെയും സങ്കേതമാണ് എന്നാണ് (സൂറത്തു അർ-റൂം: 21).
വീടിനകത്തെ പുരുഷാധിപത്യ സ്വഭാവം കുടുംബിനികളായ സ്ത്രീകളെ മാത്രമല്ല, കുട്ടികളുടെയും സ്വഭാവത്തെ ഗുരുതരമായി സ്വാധീനിക്കുന്നുണ്ട്. വീടുകൾ എന്നും സമാധാനം നിറഞ്ഞതാകണം.
സ്ത്രീകൾക്കും പുരുഷന്മാർക്കും വീടിന്റെയും

സന്താനങ്ങളുടെയും കാര്യത്തിൽ തുല്യമായ ഉത്തരവാദിത്വങ്ങളുണ്ട്. ഭാര്യക്കും സന്താനങ്ങൾക്കും ഭക്ഷണം, വസ്ത്രം, പാർപ്പിടം മുതലായവ ഒരുക്കി നൽകുന്നത് പുരുഷന്റെ ബാധ്യതയാണ്. അതുപോലെ ഭർത്താവിന്റെ ഭവനം സൂക്ഷിക്കുന്നതും സന്താനങ്ങളെ പരിചരിക്കുന്നതും സ്ത്രീകളും സമാധാനത്തോടെ നിർവഹിക്കുന്നു.
ഇതിൽ സമ്പത്ത് ചിലവഴിക്കുന്നവൻ രാജാവും, ഒന്നിനും വില കൽപ്പിക്കപ്പെടാതെ വീടിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവർ അടിമയുമായി മാറുകയും, നേരെമറിച്ച് ഭർത്താവിനെ തന്റെ ഇഷ്ടത്തിനൊത്ത് വരുതിയിലാക്കാൻ ശ്രമിക്കുമ്പോൾ അയാൾ ഒരു യന്ത്രം പോലെയായി മാറുകയും ചെയ്യുമ്പോഴാണ് യഥാർത്ഥത്തിൽ കുടുംബത്തിനകത്തെ സമത്വവും നീതിയും ഇല്ലാതാകുന്നത്.
ഓരോ വ്യക്തിയുടെയും വേദനകൾക്കും പരിഭവങ്ങൾക്കും ആശ്വാസമാകേണ്ട ഇടങ്ങളാണ് ഭവനങ്ങൾ. അതൊരിക്കലും വീടിനു പുറത്തെ ദേഷ്യങ്ങൾ പാത്രങ്ങൾ ഉടച്ചും മുഖം വീർപ്പിച്ചും ഉച്ചത്തിൽ കയർത്ത് സംസാരിച്ചും തീർക്കാനുള്ളതല്ല. മറിച്ച് സ്വന്തം പരാധീനതകൾ മനസ്സിലാക്കി, അവർ പറയുന്ന കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കാൻ നാം തയ്യാറാകുകയാണ് വേണ്ടത്.
പലരുടെയും മിഥ്യാധാരണ, മതപരമായ കുടുംബം എന്നാൽ കാർക്കശ്യത്തിന്റെയും നിശബ്ദതയുടെയും ഭവനങ്ങളാണ് എന്നാണ്. എന്നാൽ പരിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്, കുടുംബം എന്നാൽ സ്നേഹത്തിന്റെയും ഇമ്പത്തിന്റെയും ഒത്തുചേരൽ ആണെന്നാണ്. പ്രായമായ മാതാപിതാക്കളും കുടുംബത്തിന്റെ ഭാഗം തന്നെയാണ്. അവരെ ആദരിച്ചും സ്നേഹത്തോടെ പരിചരിച്ചും നാം ചേർത്തുപിടിക്കണം. അതേസമയം, കുട്ടികളോടും അവരുടെ കുട്ടിത്തം നിറഞ്ഞ വീഴ്ചകളെ വാത്സല്യത്തോടെ നോക്കിക്കാണണം. ചെറിയ തെറ്റുകൾ കാണുമ്പോൾ മറ്റുള്ളവരുടെ മുന്നിൽ വെച്ച് പരിധി വിട്ട് ദേഷ്യപ്പെടുന്നത് തിരുത്തേണ്ടത് അത്യാവശ്യമാണ്.
ഒരു ഗ്ലാസ് ഒരു കുട്ടിയുടെ കയ്യിൽ നിന്ന് വീണ് ഉടയുമ്പോൾ, അതോടൊപ്പം അവന്റെ ഹൃദയവും ഉടയുന്ന അവസ്ഥ നമുക്ക് പരിചിതമാണ്. പിന്നീട് പണം സ്വരൂപിച്ച് നമുക്ക് അതേ ഗ്ലാസ് എളുപ്പത്തിൽ വാങ്ങാൻ കഴിഞ്ഞേക്കാം; എന്നാൽ ആ കുട്ടിക്ക് നഷ്ടപ്പെട്ട ആത്മവിശ്വാസം പിന്നീട് ഒരിക്കലും പണം കൊടുത്തു വാങ്ങാനോ വാർത്തെടുക്കാനോ സാധിക്കുകയില്ല എന്ന് നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്.

ഇസ്ലാമിക സാമ്പത്തിക സമത്വം


ലോക ജനസംഖ്യ ഏറ്റവും പുതിയ കണക്കുപ്രകാരം 830 കോടി കവിഞ്ഞിട്ടുണ്ട്. ഇത്രയും ജനങ്ങളിൽ പ്രതിദിനം മൂന്ന് ഡോളർ അഥവാ ഇന്ത്യൻ രൂപയിൽ 290 രൂപ പോലും വരുമാനമില്ലാത്ത ദരിദ്രരുടെ എണ്ണം 83 കോടിയാണ്. അഫ്ഗാനിസ്ഥാൻ, സൊമാലിയ, എത്യോപ്യ, എറിത്രിയ, ഫലസ്തീൻ തുടങ്ങിയ രാജ്യങ്ങളിലെ ലക്ഷക്കണക്കിന് ജനങ്ങൾ ഭക്ഷ്യക്ഷാമം കൊണ്ട് വലയുന്നു.
പല പാമരരും ഇതിനെ നോക്കിക്കാണുന്നത് ജനസംഖ്യയുടെ ആധിക്യം മൂലമാണെന്നാണ്. ഇന്നും പല ബിരുദ പഠനങ്ങളിലും ലോകത്ത് ഭക്ഷ്യലഭ്യത കുറവിന് കാരണമായി സൂചിപ്പിക്കുന്നത് ജനസംഖ്യാ ആധിക്യമാണ്. എന്നാൽ, അല്ലാഹു പറയുന്നു: "ഭൂമിയിലുള്ള ഒരു ജീവിക്കെങ്കിലും ആഹാരം നൽകാനുള്ള ഉത്തരവാദിത്വം അല്ലാഹു ഏറ്റെടുക്കാതിരുന്നിട്ടില്ല."
ഈ വിഷയത്തെക്കുറിച്ച് പഠനം നടത്തിയ ചില ഗവേഷകർക്ക്, ജനസംഖ്യാ എണ്ണത്തിലുണ്ടായ ഉയർച്ചയല്ല, മറിച്ച് ഒരേ വ്യക്തിയിൽ തന്നെ അനേകം സമ്പത്ത് കുന്നുകൂടുന്നതാണ് യഥാർത്ഥ പ്രശ്നമെന്ന് തിരിച്ചറിയാൻ സാധിച്ചു. ബെർണാഡ് ഗിലൻഡും റോജർ വെല്ലും പ്രഖ്യാപിക്കുന്നു: "ലോകത്ത് ആവശ്യത്തിനുള്ളത്ര വിഭവങ്ങൾ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. ശാസ്ത്രീയവും നീതിയുക്തവുമായ അല്ലാത്ത രീതിയിലുള്ള അതിന്റെ വിതരണമാണ് യഥാർത്ഥ ദാരിദ്ര്യത്തിന്റെ കാരണം." അമേരിക്കയിൽ ഉത്പാദിപ്പിക്കപ്പെടുന്ന ചോളത്തിന്റെ മൂന്നിലൊരു ഭാഗം ജൈവഇന്ധനത്തിന്റെ നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്. ഇതിൽ നിന്ന് തന്നെ ലോക സമ്പത്തിന്റെ കൃത്യതയില്ലാത്ത വിതരണമാണ് ഭക്ഷ്യക്ഷാമത്തിന് മൂലകാരണമെന്ന് വ്യക്തമാണ്.
പരിശുദ്ധ ഇസ്ലാം ഇത്തരത്തിൽ ധനം ധനികരിൽ മാത്രം നിലനിൽക്കുന്ന സമ്പ്രദായത്തെ അനുവദിക്കുന്നില്ല. ഇസ്ലാമിക നിയമസംഹിത വരുമ്പോൾ, സമ്പത്ത് ഒരേ വ്യക്തിയിൽ തന്നെ അടിഞ്ഞുകൂടുന്നതും ഒരു വിഭാഗം ജനത പട്ടിണി കിടക്കുന്നതും ഇസ്ലാം കർശനമായി വിലക്കുന്നു. ധനം ധനികരിൽ മാത്രം ചുറ്റിക്കറങ്ങാതെയിരിക്കാൻ സക്കാത്തിലൂടെയും സ്വദഖയിലൂടെയും അത് ഒഴുകുന്ന രീതി സൂറത്തുൽ ഹശറിലെ 7-ാം വചനം പഠിപ്പിക്കുന്നു.
രണ്ടാം ഉമർ എന്നറിയപ്പെടുന്ന ഉമറുബ്നു അബ്ദുൽ അസീസ് (റ) തന്റെ രാജ്യത്തെ സക്കാത്ത് നടപടികൾ കൃത്യതയിലെത്തിച്ചതോടെ, ആ നാട്ടിൽ സക്കാത്ത് വാങ്ങാനുള്ള ആളുകളുടെ എണ്ണം വളരെ കുറഞ്ഞു എന്ന് ചരിത്രം പരിശോധിച്ചാൽ കാണാൻ സാധിക്കും. അത്തരത്തിൽ ആധുനിക ലോകത്ത് സക്കാത്ത് സംവിധാനം കൃത്യമായി നടപ്പിലാക്കാൻ സാധിച്ചിരുന്നെങ്കിൽ, ലോകത്തെ പട്ടിണി പൂർണ്ണമായും തുടച്ചുമാറ്റാനും ലോക സമ്പത്തിന്റെ കുത്തക ഒരു വിഭാഗത്തിൽ മാത്രം അടിഞ്ഞുകൂടുന്നത് തടയാനും സാധിക്കുമായിരുന്നു.

സ്വത്ത് വിഭജനമെന്ന സമത്വചിന്തയും ഇസ്ലാമും

ഇസ്ലാം അതിന്റെ എതിർപക്ഷത്ത് നിൽക്കുന്നവരിൽ നിന്നും വളരെയധികം ക്രൂശിക്കപ്പെടുന്ന സ്ഥിതിവിശേഷമാണ് സാമൂഹിക ലോകത്ത് അരങ്ങേറുന്നത്. സമൂഹമാധ്യമങ്ങളിലൂടെ പല തെറ്റായ ധാരണകളും പലരും പടച്ചുവിടുന്നു. എന്നാൽ യഥാർത്ഥത്തിൽ ഇസ്ലാം സ്വത്ത് വിഭജനത്തിൽ പക്ഷപാതം കാണിക്കുന്നുണ്ടോ?
ഒരു മകനും ഒരു മകളും ഉണ്ടെങ്കിൽ, ഈ സമ്പത്തിനെ മൂന്നായി വീതിച്ച് അതിൽ രണ്ടും മകനും ഒരു വിഹിതം മകൾക്കുമാണ് അവകാശമുള്ളത്. അതായത് മകന്റെ പകുതിയാണ് മകൾക്ക് സ്വത്ത് ലഭിക്കുന്നത്. ഇത് നീതിയാണോ

നീതികേടാണോ? അല്ല എന്ന് തന്നെയാണ് യുക്തിയുള്ളവർക്ക് തിരിച്ചറിയാനാകുന്നത്. ലിംഗസമത്വം എവിടെയും പ്രായോഗികമല്ല, മറിച്ച് ലിംഗനീതിയാണ് പ്രായോഗികമായത്. ഇസ്ലാമിൽ സ്ത്രീക്ക് ഒരിക്കലും സാമ്പത്തിക ഉത്തരവാദിത്വങ്ങളില്ല. അവൾ കുട്ടിയായിരിക്കെ പിതാവിന്റെ ഉത്തരവാദിത്വത്തിലും, ഭാര്യയായിരിക്കെ ഭർത്താവിന്റെ ഉത്തരവാദിത്വത്തിലും, മാതാവായിരിക്കെ മകന്റെ ഉത്തരവാദിത്വത്തിലുമാണ്. അതായത് ജീവിതകാലം മുഴുവൻ സ്ത്രീക്ക് ഒരിക്കലും സാമ്പത്തിക ക്ലേശങ്ങൾ അനുഭവിക്കേണ്ട സാഹചര്യം ഉണ്ടാകുന്നില്ല. എന്നാൽ നേരെമറിച്ച്, പുരുഷന് മുതിർന്ന ഒരാളായി മാറുന്നത് മുതൽ ഉത്തരവാദിത്വത്തിന്റെ നീണ്ട നിര തന്നെ വന്നുചേരുന്നു. ഭാര്യയുടെയും സന്താനങ്ങളുടെയും മാതാപിതാക്കളുടെയും ഭക്ഷണവും വസ്ത്രവും പാർപ്പിടവും എന്നിവയുടെ പൂർണ്ണ ഉത്തരവാദിത്വം പുരുഷനാണ്. നീതിയുടെ ഇടം കൂടുതൽ ആഴത്തിൽ പരിശോധിക്കുമ്പോൾ, സ്ത്രീകൾക്ക് ഇസ്ലാം അവരുടെമേൽ കൂടുതൽ അംഗീകാരം നൽകി ആദരിച്ചു എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അതേസമയം തന്നെ, സ്വത്ത് വിഭജനത്തിൽ വളരെ ചുരുക്കം സാഹചര്യങ്ങളിൽ മാത്രമേ പുരുഷന് കൂടുതലും സ്ത്രീക്ക് കുറവുമായി വരുന്നുള്ളൂ എന്നും പ്രത്യേകം ചേർത്തു വായിക്കേണ്ടതുണ്ട്. അതേസമയം, സ്വന്തമായി സ്വത്ത് സമ്പാദിക്കാനും കച്ചവടം ചെയ്യാനും സ്വന്തം ഇഷ്ടപ്രകാരം സ്വത്ത് ചെലവഴിക്കാനുമുള്ള പൂർണ്ണാധികാരം ഇസ്ലാം സ്ത്രീകൾക്ക് നൽകുന്നുണ്ട്. അതിൽ പിതാവിനോ ഭർത്താവിനോ യാതൊരു അധികാരവുമില്ല. പ്രഥമമായി ഓർമ്മിപ്പിക്കാനുള്ളത്, സ്ത്രീകൾക്ക് അർഹമായ യാതൊരു അവകാശവും നൽകിവെച്ചുകൊടുക്കാത്ത ഒരു കാലത്താണ് സ്ത്രീയുടെ സകല ഉത്തരവാദിത്വവും പുരുഷനെ ഏൽപ്പിച്ച് അവൾക്ക് സ്വത്തവകാശവും കൂടി നൽകി ഇസ്ലാം സ്ത്രീയെ ആദരിച്ചത്.

അറബ് സമൂഹത്തിൽ വീടിനുള്ളിൽ നിന്നും പുറത്തിറക്കാൻ പോലും മടിച്ച ഒരു പശ്ചാത്തലത്തിൽ നിന്നാണ്, മരണവേളയിൽ റബ്ബിന്റെ അടുക്കൽ ഒരു മനുഷ്യനെക്കുറിച്ച് മികച്ച അഭിപ്രായം ഉന്നയിക്കുന്നത് അവന്റെ ഭാര്യയുടെ അടുത്തായിരിക്കുമെന്ന് പരിശുദ്ധ ഇസ്ലാം പ്രഖ്യാപിക്കുന്നത്. ജൂതമതത്തിലെ ചരിത്രത്തിൽ, പ്രഭാത പ്രാർത്ഥനയിൽ കാണപ്പെടുന്ന പരാമർശമാണ് "എന്നെ ഒരു സ്ത്രീയോ അന്യമതസ്ഥനോ അടിമയോ ആയി ജനിപ്പിക്കാത്ത ദൈവത്തിന് സ്തുതി". ജൂതപ്രാർത്ഥന ഗ്രന്ഥമായ 'സിദൂറിലാണ്' ഇത് ഔദ്യോഗികമായി രേഖപ്പെടുത്തപ്പെട്ടത്. എന്നാൽ സമത്വത്തിന്റെ പക്ഷത്തുനിന്നുള്ള വാദങ്ങളിൽ ഇത്തരത്തിലുള്ള യാതൊരു പരാമർശവും പരിശുദ്ധ ഇസ്ലാമിന്റെ പക്ഷത്തുനിന്നും ഉണ്ടായിരുന്നില്ല. ഇത് ഞാൻ ചേർത്തു വായിക്കുമ്പോൾ, ഇസ്ലാം അതിന്റെ അന്തസ്സത്തയിൽ സ്ത്രീയെ ഔന്നിത്യത്തിലും ആദരത്തിലുമാണ് കണ്ടതെന്ന് നമുക്ക് തിരിച്ചറിയാൻ സാധിക്കുന്നു. എന്നാൽ സ്ത്രീയുടെ ഇത്തരം അവകാശങ്ങൾ പ്രമാണങ്ങളിൽ ഒതുങ്ങാതെ പ്രായോഗികതയിൽ കടന്നുവന്നാൽ മാത്രമേ അതിന്റെ സുഗമവും സുധാര്യതയും സാധാരണക്കാരായ ജനങ്ങൾക്ക് ബോധ്യമാവുകയുള്ളൂ. അതിനായി നാം ഓരോ മുസ്ലിമുകളും നമ്മുടെ വീടിനകത്തും പുറത്തും സ്ത്രീകളെ അവഹേളിക്കാനോ അധിക്ഷേപിക്കാനോ പാടില്ല. നിത്യജീവിതത്തിലെ എല്ലാ വശങ്ങളും പരിശുദ്ധ ഇസ്ലാമിന്റെ അധ്യാപനങ്ങൾക്ക് അനുസൃതമായി നാം ജീവിക്കേണ്ടതുണ്ട്. കാലിക സമൂഹത്തിന്റെ പ്രധാന ആവശ്യം ഇതാണ്. ഇന്നത്തെ മുസ്ലീങ്ങളിൽ പലർക്കും തന്നെ മുസ്ലിം സ്ത്രീയുടെ മഹാത്മ്യത്തെക്കുറിച്ചോ അവരുടെ അവകാശങ്ങളെക്കുറിച്ചോ യാതൊരു ബോധ്യവുമില്ലെന്ന് തന്നെ അനുമാനിക്കേണ്ടിയിരിക്കുന്നു. ആത്യന്തികമായി ഇസ്ലാമിൽ വിഭാവനം ചെയ്യപ്പെടുന്ന സമത്വവും സമഭാവനയും പ്രമാണങ്ങളിൽ ഒതുങ്ങാതെ സമൂഹത്തിൽ പ്രായോഗികതയിൽ കൊണ്ടുവരിക എന്നതാണ് പ്രധാനം. പരിശുദ്ധ ഇസ്ലാം സമത്വത്തിന്റെയും സമഭാവനയുടെയും പങ്കുവെക്കലിന്റെയും മതമാണ്. മറ്റു വ്യവസ്ഥകളിൽ നിന്ന് വിഭിന്നമായി അതാണ് ഇസ്ലാമിന്റെ സൗന്ദര്യവും. അത് നാം ഓരോ മുസ്ലിമിന്റെ മേലുമുള്ള സംക്ഷിപ്തമായ ഉത്തരവാദിത്വം കൂടിയാണ്.



തിരുനബി; ചരിത്രത്തിന്റെ സാമൂഹിക വായന

മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും കൃത്യമായ മാർഗനിർദേശങ്ങൾ നൽകുന്ന മതമാണ് ഇസ്‌ലാം. ആരാധനകൾക്കൊപ്പം കുടുംബജീവിതം, സാമൂഹികബന്ധങ്ങൾ, മനുഷ്യാവകാശങ്ങൾ, നീതി, കാരുണ്യം തുടങ്ങിയ വിഷയങ്ങൾക്കും ഇസ്‌ലാം വലിയ പ്രാധാന്യം നൽകുന്നു. ഈ ആശയങ്ങളുടെ പ്രായോഗിക മാതൃകയായിരുന്നു തിരുനബി മുഹമ്മദ് മുസ്തഫാ (സ) യുടെ ജീവിതം. സമൂഹത്തിൽ നിലനിന്നിരുന്ന അനീതികളെ തിരുത്തുകയും മനുഷ്യരുടെ അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്തുകൊണ്ടാണ് അവിടുന്ന് ഇസ്‌ലാമിക സമൂഹത്തെ വളർത്തിയെടുത്തത്. പ്രത്യേകിച്ച് സ്ത്രീകളോടുള്ള സമീപനത്തിൽ തിരുനബി (സ) വരുത്തിയ മാറ്റങ്ങൾ ഇസ്‌ലാമിന്റെ സാമൂഹിക ദർശനത്തെ മനസ്സിലാക്കാൻ സഹായിക്കുന്നു.

തിരുനബി (സ) യുടെ ജീവിതത്തെ രാഷ്ട്രീയത്തിന്റെ വിശാലമായ അർഥത്തിൽ പരിശോധിക്കുമ്പോൾ, അത് അധികാരം നേടുന്നതിൽ മാത്രം ഒതുങ്ങിയിരുന്നില്ലെന്ന് മനസ്സിലാക്കാം. സാമൂഹികമായി പിന്നാക്കം നിൽക്കുന്നവരുടെ അവകാശങ്ങൾ സംരക്ഷിക്കുക, കുടുംബബന്ധങ്ങളിൽ നീതി ഉറപ്പാക്കുക, സ്ത്രീകളുടെ അന്തസ്സ് അംഗീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും അവിടുത്തെ സാമൂഹിക ഇടപെടലുകളുടെ ഭാഗമായിരുന്നു. ഈ അർഥത്തിൽ തിരുനബിയുടെ ജീവിതം സാമൂഹിക നീതിയുടെയും ധാർമിക ഉത്തരവാദിത്തത്തിന്റെയും മികച്ച മാതൃകയാണ്.

ജാഹിലിയ്യാ കാലത്തെ സ്ത്രീയുടെ അവസ്ഥ

പ്രവാചകത്വത്തിന് മുമ്പുള്ള അറേബ്യൻ സമൂഹത്തിൽ ഇരുട്ടിനാൽ മൂടപ്പെട്ടതായിരുന്നു. സ്ത്രീകളോട് അനീതി കാണിക്കുന്ന നിരവധി ആചാരങ്ങൾ നിലനിന്നിരുന്നു. വിവിധ ഗോത്രങ്ങളിൽ സ്ത്രീകളുടെ സാമൂഹിക സ്ഥാനം വ്യത്യസ്തമായിരുന്നെങ്കിലും, പെൺകുഞ്ഞിന്റെ ജനനത്തെ അപമാനമായി കാണുന്ന മനോഭാവം ചില വിഭാഗങ്ങളിൽ നിലനിന്നിരുന്നു. പെൺകുഞ്ഞ് ജനിച്ചാൽ അപമാനബോധം തോന്നുകയും അവളെ ജീവനോടെ കുഴിച്ചുമൂടുകയും ചെയ്തിരുന്ന ക്രൂരമായ ആചാരത്തെ വിശുദ്ധ ഖുർആൻ ശക്തമായി വിമർശിക്കുന്നു.

അല്ലാഹു പറയുന്നു:

ജീവനോടെ കുഴിച്ചുമൂടപ്പെട്ട പെൺകുഞ്ഞിനോട് ഏതു കുറ്റത്തിനാണ് അവൾ കൊല്ലപ്പെട്ടതെന്ന് ചോദിക്കപ്പെടുമ്പോൾ.



ഈ ആയത്തുകൾ പെൺകുഞ്ഞുങ്ങളോടുള്ള അനീതിയെ തുറന്നുകാട്ടുന്നു. ഒരു കുഞ്ഞിന്റെ ലിംഗത്തിന്റെ പേരിൽ അവളുടെ ജീവന് വില കുറയുന്ന സാഹചര്യം ഇസ്‌ലാം അംഗീകരിച്ചില്ല. മനുഷ്യജീവിതത്തിന് അന്തസ്സുണ്ടെന്നും അന്യായമായി ഒരു ജീവൻ നശിപ്പിക്കുന്നത് ഗുരുതരമായ തെറ്റാണെന്നും ഖുർആൻ പഠിപ്പിച്ചു.

അതുപോലെ, സ്ത്രീയെ കുടുംബത്തിന്റെ ഭാഗമായി മാത്രം കാണുകയും അവളുടെ വ്യക്തിത്വവും അവകാശങ്ങളും അവഗണിക്കുകയും ചെയ്യുന്ന സമീപനങ്ങളെയും ഇസ്‌ലാമിക അധ്യാപനങ്ങൾ ചോദ്യം ചെയ്തു. സ്ത്രീയെ ആദരിക്കേണ്ടതും അവളോട് നീതിപൂർവം പെരുമാറേണ്ടതും വിശ്വാസിയുടെ ഉത്തരവാദിത്തമാണെന്ന് തിരുനബി (സ) പഠിപ്പിച്ചു.

പെൺമക്കളെ സ്നേഹത്തോടെയും ഉത്തരവാദിത്തത്തോടെയും വളർത്തുന്നതിന് ഇസ്‌ലാം വലിയ പ്രതിഫലം വാഗ്ദാനം ചെയ്തു. പെൺമക്കളെ നന്നായി പരിപാലിക്കുന്നവർക്ക് അല്ലാഹുവിന്റെ പ്രതിഫലമുണ്ടെന്ന് വ്യക്തമാക്കുന്ന ഹദീസുകൾ കാണാം. ഇതിലൂടെ പെൺകുഞ്ഞിന്റെ ജനനത്തെ അപമാനമായി കണ്ടിരുന്ന മനോഭാവത്തിന് പകരം അവളെ അനുഗ്രഹമായും ഉത്തരവാദിത്തമായും കാണുന്ന സമീപനം വളർത്തിയെടുക്കുകയായിരുന്നു.

കുടുംബജീവിതത്തിലെ പ്രവാചകീയ മാതൃക

സ്ത്രീകളോടുള്ള നല്ല പെരുമാറ്റം തിരുനബി (സ) യുടെ പ്രധാനപ്പെട്ട അധ്യാപനങ്ങളിലൊന്നായിരുന്നു. കുടുംബജീവിതത്തിൽ ഭർത്താവിന്റെ ഉത്തരവാദിത്തങ്ങൾ എന്തായിരിക്കണം എന്നതിനെക്കുറിച്ച് അവിടുന്ന് സ്വന്തം ജീവിതത്തിലൂടെ മാതൃക കാണിച്ചു.

തിരുനബി (സ) അരുളി:

“നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ കുടുംബത്തോട് ഏറ്റവും നല്ലവനാണ്. നിങ്ങളിൽ തന്റെ കുടുംബത്തോട് ഏറ്റവും നല്ലവൻ ഞാനാകുന്നു.”

ഈ ഹദീസ് കുടുംബബന്ധങ്ങൾക്ക് ഇസ്‌ലാം നൽകുന്ന പ്രാധാന്യം വ്യക്തമാക്കുന്നു. ഒരാളുടെ നല്ല സ്വഭാവം സമൂഹത്തിലെ മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ മാത്രമല്ല, സ്വന്തം കുടുംബത്തോടുള്ള സമീപനത്തിലും പ്രകടമാകണം. കുടുംബാംഗങ്ങളോട് സ്നേഹത്തോടെയും ക്ഷമയോടെയും പെരുമാറുക എന്നത് ഒരു വിശ്വാസിയുടെ പ്രധാനപ്പെട്ട ധാർമിക ഉത്തരവാദിത്തമാണ്.

തിരുനബി (സ) കുടുംബത്തിന്റെ കാര്യങ്ങളിൽ സഹായിക്കുകയും കുടുംബാംഗങ്ങളോട് സൗമ്യമായി പെരുമാറുകയും ചെയ്തിരുന്നു. ഇതിലൂടെ കുടുംബത്തിന്റെ ഉത്തരവാദിത്തം നിർവഹിക്കുന്നത് പുരുഷന്റെ അന്തസ്സിന് കുറവല്ലെന്നും അത് നല്ല സ്വഭാവത്തിന്റെ ഭാഗമാണെന്നും അവിടുന്ന് പഠിപ്പിച്ചു.

വിശുദ്ധ ഖുർആൻ ദാമ്പത്യജീവിതത്തിന്റെ അടിസ്ഥാനമായി സ്നേഹത്തെയും കാരുണ്യത്തെയും പരിചയപ്പെടുത്തുന്നു:

നിങ്ങൾക്ക് അവരിലൂടെ സമാധാനം കണ്ടെത്തുന്നതിനായി നിങ്ങളിൽനിന്നുതന്നെ ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്.

ഈ ആയത്ത് ദാമ്പത്യബന്ധം പരസ്പര ബഹുമാനത്തിലും സ്നേഹത്തിലും അധിഷ്ഠിതമായിരിക്കണമെന്ന് വ്യക്തമാക്കുന്നു. കുടുംബത്തിലെ അധികാരം ദുരുപയോഗം ചെയ്യുന്നതിനും മറ്റുള്ളവരുടെ അവകാശങ്ങൾ നിഷേധിക്കുന്നതിനും പകരം ഉത്തരവാദിത്തത്തോടെയും നീതിയോടെയും പെരുമാറാനാണ് ഇസ്‌ലാം നിർദേശിക്കുന്നത്.

സ്ത്രീകളോടുള്ള സൗമ്യമായ പെരുമാറ്റം

തിരുനബി (സ) യുടെ ജീവിതത്തിൽ സ്ത്രീകളോടുള്ള സൗമ്യതയ്ക്ക് വലിയ സ്ഥാനമുണ്ടായിരുന്നു. സ്ത്രീകളെക്കുറിച്ച് സംസാരിക്കുമ്പോഴും അവരോട് ഇടപെടുമ്പോഴും മറ്റുള്ളവർ അവരുടെ അവസ്ഥയും വികാരങ്ങളും പരിഗണിക്കണമെന്ന് അവിടുന്ന് പഠിപ്പിച്ചു.

യാത്രയ്ക്കിടെ സ്ത്രീകൾ സഞ്ചരിച്ചിരുന്ന ഒട്ടകങ്ങളെ വേഗത്തിൽ ഓടിച്ചിരുന്ന അന്‌ജശയോട് അവരോട് സൗമ്യമായി പെരുമാറാൻ തിരുനബി (സ) നിർദേശിച്ച സംഭവം ഹദീസ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. “റിഫ്ഖൻ ബിൽ ഖവാരീർ” എന്ന പ്രയോഗം ഈ സന്ദർഭവുമായി ബന്ധപ്പെട്ടതാണ്. സ്ഫടികപാത്രങ്ങളോട് സൂക്ഷ്മതയോടെ പെരുമാറുന്നതുപോലെ കരുതലോടെ പെരുമാറണമെന്ന ആശയമാണ് ഇതിലുള്ളത്.

ഈ സംഭവം മനുഷ്യബന്ധങ്ങളിൽ സൗമ്യതയും കരുതലും ആവശ്യമാണ് എന്ന പ്രവാചകീയ പാഠം വ്യക്തമാക്കുന്നു. മറ്റൊരാളുടെ അവസ്ഥ പരിഗണിക്കാതെ പെരുമാറുന്നതും ശക്തി ദുരുപയോഗം ചെയ്യുന്നതും ഇസ്‌ലാമിക ധാർമികതയ്ക്ക് യോജിച്ചതല്ല. കുടുംബത്തിലും സമൂഹത്തിലും മറ്റുള്ളവരോട് മാന്യമായി പെരുമാറുന്നത് വിശ്വാസിയുടെ സ്വഭാവത്തിന്റെ ഭാഗമായിരിക്കണം.

സ്ത്രീയുടെ അവകാശങ്ങളും അന്തസ്സും

സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഇസ്‌ലാം പ്രത്യേക പ്രാധാന്യം നൽകുന്നു. വിവാഹം, സ്വത്ത്, അനന്തരാവകാശം തുടങ്ങിയ മേഖലകളിൽ സ്ത്രീയുടെ അവകാശങ്ങളെക്കുറിച്ച് ഖുർആൻ വ്യക്തമായ നിർദേശങ്ങൾ നൽകുന്നുണ്ട്.

വിവാഹകാര്യങ്ങളിൽ സ്ത്രീയുടെ സമ്മതത്തിന് പ്രാധാന്യം നൽകുന്ന ഹദീസുകൾ ഇതിന് ഉദാഹരണമാണ്. ഒരു സ്ത്രീയുടെ അഭിപ്രായം പരിഗണിക്കാതെ അവളുടെ വിവാഹം തീരുമാനിക്കുന്നത് ശരിയായ സമീപനമല്ലെന്ന് പ്രവാചകവചനങ്ങൾ വ്യക്തമാക്കുന്നു. ഇതിലൂടെ സ്ത്രീയുടെ വ്യക്തിത്വത്തെയും തീരുമാനാവകാശത്തെയും മാനിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കാം.

സ്ത്രീകളോട് നല്ല രീതിയിൽ പെരുമാറാനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും ഈ ആയത്ത് നിർദേശിക്കുന്നു. അതുപോലെ, അനന്തരാവകാശത്തിൽ സ്ത്രീകൾക്കും നിശ്ചിത വിഹിതം നൽകുന്നതിലൂടെ അവരുടെ സാമ്പത്തികാവകാശങ്ങളും ഖുർആൻ ഉറപ്പാക്കുന്നു .

ഇവയെല്ലാം സ്ത്രീയെ മറ്റൊരാളുടെ ഉടമസ്ഥതയിലുള്ള വസ്തുവായി കാണാതെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളുമുള്ള

വ്യക്തിയായി അംഗീകരിക്കുന്ന ഇസ്‌ലാമിക സമീപനത്തിന്റെ ഭാഗമാണ്.

സ്ത്രീകളുടെ വിദ്യാഭ്യാസവും സാമൂഹിക പങ്കാളിത്തവും

വിജ്ഞാനത്തിന് ഇസ്‌ലാം വലിയ പ്രാധാന്യം നൽകുന്നു. സ്ത്രീകൾക്കും വിജ്ഞാനം നേടാനുള്ള അവസരങ്ങൾ ലഭിക്കേണ്ടതിന്റെ ആവശ്യകത തിരുനബി (സ) യുടെ ജീവിതത്തിൽനിന്ന് മനസ്സിലാക്കാം.

സ്ത്രീകൾക്ക് പ്രത്യേകമായി പഠിപ്പിക്കുന്നതിനായി ഒരു ദിവസം നിശ്ചയിക്കണമെന്ന് അവർ ആവശ്യപ്പെട്ടപ്പോൾ തിരുനബി (സ) അതിന് സമ്മതിച്ചതായി സ്വഹീഹുൽ ബുഖാരിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ത്രീകളുടെ പഠനാവശ്യങ്ങളെ ഗൗരവത്തോടെ പരിഗണിച്ച ഈ സംഭവം വിജ്ഞാനരംഗത്തെ അവരുടെ പങ്കാളിത്തത്തിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യം വ്യക്തമാക്കുന്നു.

തിരുനബി (സ) യുടെ പത്നി ആയിശ (റ) ഇസ്‌ലാമിക വിജ്ഞാനത്തിന്റെ പ്രധാന സ്രോതസ്സുകളിലൊരാളായിരുന്നു. നിരവധി സ്വഹാബികൾ ഹദീസുകളും മതപരമായ വിഷയങ്ങളും പഠിക്കുന്നതിനായി അവരെ സമീപിച്ചിരുന്നു. ഇസ്‌ലാമിക വിജ്ഞാനത്തിന്റെ സംരക്ഷണത്തിലും കൈമാറ്റത്തിലും സ്ത്രീകൾക്ക് നിർണായകമായ പങ്കുവഹിക്കാൻ കഴിഞ്ഞതിന്റെ ഉദാഹരണമാണിത്.

അതിനാൽ സ്ത്രീകളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും അവരുടെ അറിവിനും കഴിവുകൾക്കും പ്രാധാന്യം നൽകുകയും ചെയ്യുന്നത് സമൂഹത്തിന്റെ പുരോഗതിക്കും ആവശ്യമാണ്.

ഹജ്ജത്തുൽ വിദാഇലെ പ്രവാചകീയ സന്ദേശം

തിരുനബി (സ) യുടെ വിടവാങ്ങൽ ഹജ്ജിന്റെ അവസരത്തിൽ നടത്തിയ പ്രഭാഷണങ്ങൾ ഇസ്‌ലാമിക ചരിത്രത്തിൽ വലിയ പ്രാധാന്യമുള്ളവയാണ്. മനുഷ്യജീവിതത്തിന്റെ പവിത്രത, അവകാശങ്ങൾ, ഉത്തരവാദിത്തങ്ങൾ എന്നിവയെക്കുറിച്ച് അവിടുന്ന് ജനങ്ങളെ ഓർമിപ്പിച്ചു. സ്ത്രീകളുടെ കാര്യത്തിൽ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും അവരോട് നല്ല രീതിയിൽ പെരുമാറണമെന്നും തിരുനബി (സ) നിർദേശിച്ചു.

ഈ സന്ദേശം സ്ത്രീകളോടുള്ള പെരുമാറ്റം ഒരു വ്യക്തിയുടെ സ്വകാര്യ ഇഷ്ടമായി മാത്രം കാണാനാവില്ലെന്ന് വ്യക്തമാക്കുന്നു. സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നത് ദൈവിക നിർദേശങ്ങളോടുള്ള അനുസരണത്തിന്റെയും ധാർമിക ഉത്തരവാദിത്തത്തിന്റെയും ഭാഗമാണ്.

ഇസ്‌ലാമിൽ അധികാരം എന്നത് ഉത്തരവാദിത്തവുമായി ബന്ധപ്പെട്ടതാണ്. കുടുംബത്തിൽ ഒരു വ്യക്തിക്ക് കൂടുതൽ ഉത്തരവാദിത്തങ്ങളുണ്ടെങ്കിൽ അത് മറ്റുള്ളവരുടെ അവകാശങ്ങൾ നിഷേധിക്കാനുള്ള അനുമതിയല്ല. മറിച്ച് കൂടുതൽ നീതിയോടെയും കാരുണ്യത്തോടെയും പെരുമാറേണ്ട ബാധ്യതയാണ്. ഈ ആശയം കുടുംബബന്ധങ്ങളിലും സാമൂഹികജീവിതത്തിലും ഒരുപോലെ പ്രസക്തമാണ്.

ഇന്നത്തെ സമൂഹത്തിൽ പ്രവാചകീയ മാതൃകയുടെ പ്രസക്തി

തിരുനബി (സ) യുടെ ജീവിതത്തിൽനിന്നുള്ള പാഠങ്ങൾ ഇന്നത്തെ സമൂഹത്തിലും പ്രയോഗിക്കേണ്ടതുണ്ട്. സ്ത്രീധനം, കുടുംബത്തിലെ അധികാരദുരുപയോഗം, പെൺകുഞ്ഞിനോടുള്ള വിവേചനം, വിദ്യാഭ്യാസത്തിലെ അസമത്വം തുടങ്ങിയ പ്രശ്നങ്ങൾ ഇന്നും വിവിധ രൂപങ്ങളിൽ നിലനിൽക്കുന്നു.

ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമനടപടികൾക്കൊപ്പം സാമൂഹികവും ധാർമികവുമായ ബോധവൽക്കരണവും ആവശ്യമാണ്. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും കുടുംബബന്ധങ്ങളിൽ നീതിയും കാരുണ്യവും ഉറപ്പാക്കുകയും വേണം.

ഇസ്‌ലാമിക വിശ്വാസം ആരാധനകളിൽ മാത്രം ഒതുങ്ങുന്നതല്ല. മനുഷ്യരോട് എങ്ങനെ പെരുമാറുന്നു എന്നതും വിശ്വാസിയുടെ ജീവിതത്തിൽ പ്രധാനമാണ്. പെൺമക്കളെ സ്നേഹത്തോടെ വളർത്തുക, ഭാര്യയുടെ അഭിപ്രായത്തെ മാനിക്കുക, സ്ത്രീകളുടെ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക, കുടുംബത്തിൽ അനീതി ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങളിലൂടെ പ്രവാചകീയ മാതൃക ജീവിതത്തിൽ പ്രാവർത്തികമാക്കാൻ കഴിയും.

ഉപസംഹാരം

തിരുനബി മുഹമ്മദ് (സ) യുടെ ജീവിതം സ്ത്രീകളുടെ അന്തസ്സും അവകാശങ്ങളും സംരക്ഷിക്കുന്നതിൽ വലിയ പ്രാധാന്യമുള്ള മാതൃകയാണ്. പെൺകുഞ്ഞുങ്ങളോടുള്ള വിവേചനത്തെ ചോദ്യം ചെയ്തതും കുടുംബജീവിതത്തിൽ കാരുണ്യത്തിന് പ്രാധാന്യം നൽകിയതും സ്ത്രീകളുടെ അവകാശങ്ങളും വിദ്യാഭ്യാസവും അംഗീകരിച്ചതും അവിടുത്തെ സാമൂഹിക പരിഷ്കാരങ്ങളുടെ പ്രധാന ഭാഗങ്ങളായിരുന്നു.

തിരുനബിയുടെ പ്രായോഗിക രാഷ്ട്രീയം അധികാരം നേടുന്നതിൽ മാത്രം ഒതുങ്ങിയിരുന്നില്ല. സമൂഹത്തിൽ നീതി ഉറപ്പാക്കുകയും മനുഷ്യരുടെ അന്തസ്സ് സംരക്ഷിക്കുകയും സാമൂഹിക ഉത്തരവാദിത്തബോധം വളർത്തുകയും ചെയ്യുന്നതും അതിന്റെ ഭാഗമായിരുന്നു. ഈ പാഠങ്ങൾ ഇന്നത്തെ സമൂഹത്തിലും പ്രസക്തമാണ്.

അതിനാൽ തിരുനബി (സ) യുടെ ജീവിതത്തെ മാതൃകയാക്കുന്ന ഓരോ വിശ്വാസിയും കുടുംബത്തിലും സമൂഹത്തിലും നീതിയും കാരുണ്യവും ഉറപ്പാക്കാൻ ശ്രമിക്കണം. സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും എല്ലാ മനുഷ്യരോടും മാന്യമായി പെരുമാറുകയും ചെയ്യുമ്പോഴാണ് പ്രവാചകീയ സന്ദേശത്തിന്റെ സാമൂഹിക പ്രാധാന്യം നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കുന്നത്.

അല്ലാഹു നമ്മെ തിരുനബി (സ) യുടെ മാതൃക പിന്തുടർന്ന് നീതിയോടെയും കാരുണ്യത്തോടെയും ജീവിക്കുന്നവരിൽ ഉൾപ്പെടുത്തുമാറാകട്ടെ. ആമീൻ.

-- Fathima Shifa Fadheela

മഴപെയ്ത രാത്രിയിൽ



രാത്രിയിൽ മഴ തോരാതെ പെയ്തുകൊണ്ടേയിരുന്നു.
ജനലരികിൽ നിന്ന് അവൾ പുറത്തേക്ക് നോക്കി.
റോഡിലെ വിളക്കുകൾ മഴത്തുള്ളികളിൽ തട്ടി
മങ്ങിയിരുന്നു. പുറത്തു പെയ്യുന്ന മഴയെക്കാൾ
കലങ്ങിമറിഞ്ഞൊരു മനസ്സായിരുന്നു അവളുടേത്.
“നൂറാ... നീ ഇനിയും ഉറങ്ങിയില്ലേ?”
ഉമ്മയുടെ വിളി കേട്ട് അവൾ ചിന്തയിൽനിന്ന്
ഞെട്ടിയുണർന്നു.
“ആ ഉമ്മാ... ഞാൻ ഉറങ്ങാൻ പോകുവാ.”
ഉമ്മയ്ക്ക് മറുപടി നൽകി അവൾ കിടക്കയിലേക്ക്
തലവെച്ചു. പക്ഷേ എത്ര ശ്രമിച്ചിട്ടും ഉറക്കം വന്നില്ല.
മേശപ്പുറത്ത് കിടന്നിരുന്ന ചെറിയൊരു തസ്ബീഹ്
അവളുടെ കണ്ണിലുടക്കി. ഒരുകാലത്ത് അവളുടെ
സന്തതസഹചാരിയായിരുന്നു അത്. അവളുടെ
വിരലുകൾക്കിടയിലൂടെ ഓരോ മുത്തുകളും
നീങ്ങുമ്പോൾ മനസ്സ് ശാന്തമാകുമായിരുന്നു.
ഇപ്പോഴാകട്ടെ, അതിലേക്ക് നോക്കാൻ പോലും
അവൾക്ക് മടിയായിരുന്നു.
അവൾ തസ്ബീഹ് കൈയിലെടുത്തു.
തനിക്കെന്താണ് പറ്റിയത്?
താൻ എങ്ങനെയാണ് ഇത്രത്തോളം മാറിയത്?
എപ്പോഴാണ് തന്റെ ജീവിതത്തിൽനിന്ന് ഇത്രയധികം
കാര്യങ്ങൾ നഷ്ടമായത്?
ചോദ്യങ്ങൾ ഓരോന്നായി അവളുടെ മനസ്സിൽ
ഉയർന്നുവന്നു. വർഷങ്ങളായി മടക്കിവെച്ച
ഓർമകളുടെ പുസ്തകം അവൾ പതുക്കെ തുറന്നു.
സ്കൂളിൽ പഠിച്ചിരുന്ന കാലം...
പുലർച്ചെ തഹജ്ജുദിനായി എഴുന്നേൽക്കുന്നതും
നിസ്കാരം കഴിഞ്ഞ് ഖുർആൻ ഓതുന്നതും
അവൾക്ക് വലിയ സന്തോഷമായിരുന്നു. ഫജ്ർ
നിസ്കാരം കഴിഞ്ഞും നിസ്കാരപ്പായയിൽ

കുറച്ചുനേരം ഇരിക്കും. അതിനുശേഷം ഒരു ചൂടുചായയുമായി ഉമ്മയുടെ അടുത്തെത്തും. പിന്നെ രണ്ടുപേരുടെയും സൊറപറച്ചിലുകൾക്ക് അവസാനമുണ്ടാകില്ല.
ബസ് വരുന്ന സമയമാകുമ്പോൾ ഉമ്മറത്തുനിന്ന് ഒരു വിളി കേൾക്കും.
“നൂറാ... നീ വരുന്നുണ്ടോ? എത്ര നേരമായി ഞാൻ കാത്തുനിൽക്കുന്നു! ഞാൻ പോവാണേ!”
അത് നൂറയുടെ പ്രിയ കൂട്ടുകാരി മറിയമായിരുന്നു. അവളുടെ ദിവസങ്ങളിലെ സ്ഥിരം അലാറം.
“ദാ വരുന്നു!”
ബാഗുമെടുത്ത് നൂറ പുറത്തേക്കോടും.
രണ്ടുപേരും ഒരുമിച്ച് സ്കൂളിലേക്ക് പോകും.
നിസ്കാരസമയമാകുമ്പോൾ നിസ്കാരഹാളിലേക്ക് ഒരുമിച്ച് നടക്കും. ചിലപ്പോൾ നൂറ മറന്നുപോയാൽ മറിയം ഓർമിപ്പിക്കും. മറിയം വൈകിയാൽ നൂറയും കാത്തുനിൽക്കും.
അന്നത്തെ ജീവിതത്തിൽ നിസ്കാരവും ഖുർആനും ദിക്റുമെല്ലാം സ്വാഭാവികമായിരുന്നു. അതിനായി പ്രത്യേകിച്ച് സമയം കണ്ടെത്തേണ്ടതുണ്ടെന്ന് അവൾക്ക് തോന്നിയിരുന്നില്ല. കാരണം, അവളുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു അവയൊക്കെ.
പിന്നീട് പ്ലസ് ടു പഠനം കഴിഞ്ഞു.
ഉന്നതപഠനത്തിനായി നൂറ കോളേജിൽ ചേർന്നു. പുതിയ ലോകം. പുതിയ കൂട്ടുകാർ. പുതിയ അനുഭവങ്ങൾ.
അവിടത്തെ ജീവിതം സ്കൂൾകാലത്തേതിൽനിന്ന് ഏറെ വ്യത്യസ്തമായിരുന്നു. പലതരം പരിപാടികൾ, സൗഹൃദങ്ങൾ, യാത്രകൾ, ആഘോഷങ്ങൾ... അവൾക്കു ചുറ്റും നിറങ്ങളേറെയുള്ളൊരു ലോകം തുറക്കപ്പെട്ടു.
നൂറയും ആ ലോകത്തെ ഇഷ്ടപ്പെട്ടു.
ആദ്യമൊക്കെ നിസ്കാരസമയമാകുമ്പോൾ അവൾ സമയം നോക്കും.
“ഇപ്പോൾ ഈ പരിപാടി കഴിയട്ടെ, എന്നിട്ട് നിസ്കരിക്കാം.”
പിന്നീട് ആ ചിന്ത പതിവായി. ളുഹർ നിസ്കാരം ചില ദിവസങ്ങളിൽ വൈകി. ചില ദിവസങ്ങളിൽ അതിനുള്ള സമയവും കടന്നുപോയി.
വീട്ടിലെത്തുമ്പോൾ ക്ഷീണമാണെന്ന് പറഞ്ഞ് മഗ്‌രിബ് മാറ്റിവെച്ചു. ഇശാ നിസ്കാരം പിന്നീട് നിസ്കരിക്കാമെന്ന് കരുതി ഉറങ്ങിപ്പോയ രാത്രികളും ഉണ്ടായി.
ഓരോ തവണയും അവൾക്ക് ചെറിയൊരു കുറ്റബോധം തോന്നിയിരുന്നു. പക്ഷേ അടുത്ത ദിവസം വീണ്ടും പഴയ തിരക്കുകളിലേക്ക് മടങ്ങുമ്പോൾ ആ കുറ്റബോധം പതുക്കെ മാഞ്ഞുപോകും.
ഖുർആൻ മേശപ്പുറത്തുതന്നെയുണ്ടായിരുന്നു. തസ്ബീഹ് പഴയ സ്ഥാനത്തുതന്നെ കിടന്നു. പക്ഷേ അവൾക്ക് അവയ്ക്കരികിൽ ചെലവഴിക്കാനുള്ള സമയം കുറഞ്ഞുകൊണ്ടേയിരുന്നു.
മറിയം ഇടയ്ക്കൊക്കെ വിളിക്കും.
“നൂറാ, ഇന്ന് നിസ്കരിച്ചോ?”
“ആഹ്, ചെയ്യണം. കുറച്ച് കഴിഞ്ഞിട്ട്.”
“കുറച്ച് കഴിഞ്ഞിട്ട് എന്നുപറഞ്ഞ് എത്ര നേരമായി നീ നടക്കുന്നു!”
അവളുടെ വാക്കുകൾ കേട്ട് നൂറ ചിരിക്കും.
“എന്റെ മറിയമേ, നീയൊന്ന് സമാധാനപ്പെട്. ഞാൻ നിസ്കരിച്ചോളാം.”
മറിയവും ചിരിക്കും. പക്ഷേ ആ ചിരിയുടെ പിന്നിൽ ഒരു കരുതലുണ്ടായിരുന്നു. നൂറയ്ക്ക് അന്ന് അത് മനസ്സിലായില്ല. അവളുടെ ജീവിതം മാറുകയാണെന്ന് മറിയം തിരിച്ചറിഞ്ഞിരുന്നിരിക്കാം. എന്നാൽ നൂറയെ നിർബന്ധിച്ച് മാറ്റാൻ അവൾ ശ്രമിച്ചില്ല. ഓർമിപ്പിക്കേണ്ട സമയത്ത് ഓർമിപ്പിച്ചു. അത്രയേ അവൾ ചെയ്തുള്ളൂ.
കാലം മുന്നോട്ടുപോയി.
മറിയവുമായുള്ള സംസാരങ്ങളും കുറഞ്ഞു. പഠനവും പുതിയ സൗഹൃദങ്ങളും ജീവിതത്തിലെ തിരക്കുകളുമെല്ലാം നൂറയെ മറ്റൊരു ലോകത്തേക്ക് കൂട്ടിക്കൊണ്ടുപോയി.
അവൾക്കറിയാതെതന്നെ, ഒരുകാലത്ത് അവളുടെ ജീവിതത്തിന്റെ കേന്ദ്രമായിരുന്ന പലതും പതുക്കെ അരികുകളിലേക്ക് നീങ്ങിപ്പോയി.
അപ്പോഴും അവൾ സന്തോഷവതിയാണെന്നാണ് കരുതിയിരുന്നത്.
പക്ഷേ ആ രാത്രി...
പുറത്ത് മഴ പെയ്തുകൊണ്ടിരിക്കെ, നൂറയുടെ ഫോണിൽ തുടർച്ചയായി നോട്ടിഫിക്കേഷനുകൾ വന്നുതുടങ്ങി.
ശബ്ദം കേട്ട് അവൾ ചിന്തയിൽനിന്ന് ഞെട്ടി. കണ്ണുകൾ അപ്പോഴേക്കും ഈറനണിഞ്ഞിരുന്നു. ഫോൺ കൈയിലെടുത്ത് അവൾ മെസേജുകൾ തുറന്നു. പ്ലസ് ടു കാലത്തെ കൂട്ടുകാരുടെ ഗ്രൂപ്പായിരുന്നു. എല്ലാവരും ഒരേ വാചകം ആവർത്തിച്ചുകൊണ്ടിരുന്നു.
ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.
“ആരാണ് മരിച്ചത്?”
അവൾ മുകളിലുള്ള മെസേജുകൾ വേഗത്തിൽ സ്ക്രോൾ ചെയ്തു. ഒടുവിൽ ഒരു ഫോട്ടോയിൽ അവളുടെ വിരലുകൾ നിശ്ചലമായി.
മറിയം.
അവളുടെ പ്രിയ കൂട്ടുകാരി.
അല്ലാഹുവിന്റെ വിളിക്കുത്തരം നൽകി മറിയം ഈ ലോകത്തോട് വിടപറഞ്ഞിരിക്കുന്നു.
നൂറയുടെ കൈകൾ വിറച്ചു. കണ്ണുനീർ കാഴ്ചയെ മറച്ചു.
“മറിയം...”
അത്രയേ അവൾക്ക് പറയാൻ കഴിഞ്ഞുള്ളൂ.
ഇത്ര ചെറിയ പ്രായത്തിൽ... ഇന്നലെകളിൽ തന്നോടൊപ്പം ചിരിക്കുകയും സംസാരിക്കുകയും ചെയ്തിരുന്ന ഒരാൾ ഇന്ന് ഈ ലോകത്തില്ലെന്ന സത്യം അവൾക്ക് ഉൾക്കൊള്ളാനായില്ല.
അവളുടെ മനസ്സിലേക്ക് മറിയത്തിന്റെ മുഖം തെളിഞ്ഞുവന്നു. സ്കൂളിലെ നിസ്കാരഹാളിലേക്ക് ഒരുമിച്ച് നടന്നിരുന്ന ആ ദിവസങ്ങൾ.
നിസ്കാരസമയത്ത് തന്നെ വിളിച്ചിരുന്ന ശബ്ദം.
തെറ്റുകൾ ചെയ്യുമ്പോൾ സ്നേഹത്തോടെ തിരുത്തിയിരുന്ന വാക്കുകൾ.
ഒരിക്കൽ മറിയം പറഞ്ഞത് അവൾ ഓർത്തു.

“നൂറാ, നമ്മൾ എത്ര തിരക്കിലായാലും നമ്മുടെ റബ്ബിനെ മറക്കരുത്. ഈ ലോകത്ത് നമുക്ക് ഒരുപാട് കാര്യങ്ങളുണ്ടാകും. പക്ഷേ അവയ്ക്കിടയിൽ നമുക്ക് അല്ലാഹുവിനുള്ള സമയം നഷ്ടപ്പെടുത്തരുത്.”
അന്ന് നൂറ അതിന് മറുപടിയായി ചിരിക്കുക മാത്രമാണ് ചെയ്തത്.
ഇന്ന് ആ വാക്കുകൾ അവളുടെ ഹൃദയത്തിൽ തറച്ചുകയറി.
മറിയം പോയതുകൊണ്ട് മാത്രമല്ല അവൾ കരഞ്ഞത്. തനിക്കുവേണ്ടി എത്രയോ തവണ കരുതലോടെ ഓർമിപ്പിച്ചിരുന്ന ഒരാളുടെ വാക്കുകൾക്ക് അന്ന് താൻ നൽകിയിരുന്ന വിലയില്ലായ്മ ഓർത്തായിരുന്നു ആ കണ്ണുനീർ.
മറിയം ഉണ്ടായിരുന്ന കാലത്ത് അവൾക്ക് അല്ലാഹുവിനെ ഓർമിപ്പിക്കാൻ ഒരാളുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അവൾക്ക് സ്വയം ചോദിക്കേണ്ടിവന്നു.
താൻ എവിടേക്കാണ് പോകുന്നത്?
എന്തിനുവേണ്ടിയാണ് ഇത്രയും തിരക്കുകൾക്കിടയിൽ ഏറ്റവും പ്രധാനപ്പെട്ടതിനെ മറന്നത്?
ലോകത്തിലെ പല കാര്യങ്ങൾക്കും വേണ്ടി സമയം കണ്ടെത്തിയ താൻ, തന്റെ റബ്ബിനുവേണ്ടി എന്തുകൊണ്ടാണ് സമയം കണ്ടെത്താതിരുന്നത്?
അവൾ പതുക്കെ എഴുന്നേറ്റു. അലമാരയിൽനിന്ന് നിസ്കാരകുപ്പായം എടുത്തു. വർഷങ്ങൾക്കുശേഷം അവൾ നിസ്കാരപ്പായ വിരിച്ചു.അന്ന് രാത്രി നൂറ ഒരുപാട് കരഞ്ഞു. വർഷങ്ങളായി പറയാതെ പോയ പരിഭവങ്ങളും മറന്നുപോയ പ്രാർത്ഥനകളും തെറ്റുകളിൽ വീണുപോയ നിമിഷങ്ങളുമെല്ലാം അവൾ തന്റെ റബ്ബിനോട് തുറന്നുപറഞ്ഞു.
വാക്കുകൾ മുറിഞ്ഞുപോകുമ്പോഴും കണ്ണുനീർ ഒഴുകുമ്പോഴും അവളുടെ ഹൃദയത്തിൽ ഒരേയൊരു പ്രാർത്ഥനയായിരുന്നു.
“യാ അല്ലാഹ്... ഞാൻ അങ്ങയിൽനിന്ന് അകന്നുപോയപ്പോഴും എന്നെ കൈവിടാതിരുന്നതിന് നന്ദി. എനിക്ക് വീണ്ടും അങ്ങയിലേക്ക് മടങ്ങാൻ തോന്നിച്ച ആ മനസ്സിന് നന്ദി. ഇനിയും എന്നെ എന്റെ നഫ്സിന് വിട്ടുകൊടുക്കരുതേ...”
അവൾ നിസ്കാരപ്പായയിൽ ഏറെ നേരം ഇരുന്നു. പുറത്ത് മഴ അപ്പോഴും പെയ്യുന്നുണ്ടായിരുന്നു. പക്ഷേ അവളുടെ ഉള്ളിൽ പെയ്തുകൊണ്ടിരുന്ന മഴയ്ക്ക് പതിയെ ശമനം വന്നുതുടങ്ങി...

-- Fathimath Suhara Fadheela





COUNCIL OF SAMASTHA WOMEN'S COLLEGES (CSWC)